ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

(തുടർച്ച)

ശ്രീ. എം. എം. മണി : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ ഗവൺമെന്റിന്റെ ദിശാബോധമുള്ള നയമാണ് അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നതെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അംഗീകരിച്ചിരിക്കുന്ന മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ് ബഹുമാന്യനായ ഗവർണ്ണർ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗമെന്നത് ഞാൻ എടുത്തുകാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിന് നന്ദി രേഖപ്പെടുത്തികൊണ്ട് ആദരണീയനായ മെമ്പർ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്.

കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ യു.ഡി.എഫ് ഗവൺമെന്റ് നടപ്പിലാക്കിയ നയപരിപാടികളും ഭരണ നടപടികളും കേരള സമൂഹത്തെ ഇല്ലാത്ത പ്രതിസന്ധിയിൽ എത്തിച്ചുവെന്ന് ഞാൻ പറഞ്ഞാൽ ആരും നിഷേധിക്കുമെന്ന് തോന്നുന്നില്ല. യു.ഡി.എഫ് സർക്കാരിന്റെ കഴിഞ്ഞ

അഞ്ചുവർഷത്തെ ഭരണം കേരള സംസ്ഥാനത്ത് എല്ലാ രംഗത്തും പ്രതിസന്ധിയാണ് സൃഷ്ടിച്ചതെന്ന കാര്യം ഞാൻ വിമർശനബുദ്ധിയാ ഉന്നയിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ തീരാപ്രതിസന്ധിയിൽ എത്തിച്ച് വലിയ കടബാധ്യതയിലാണ് കേരള സംസ്ഥാനത്തെ എത്തിച്ചിരിക്കുന്നതെന്ന് നമുക്ക് കാണാവുന്നതാണ്. വിലക്കയറ്റം, തൊഴിലില്ലായ്മ, പട്ടിണിയും ദാരിദ്ര്യവും കാർഷിക-വ്യാവസായിക മേഖലയുടെ തകർച്ച എന്നീ നിലകളിലേക്ക് കേരള സമൂഹത്തെ യു.ഡി.എഫ്-ന്റെ ഗവൺമെന്റ് നയിച്ചുവെന്നത് നമ്മുടെ ജീവിതാനുഭവങ്ങൾ തന്നെ നമ്മെ പഠിപ്പിക്കുകയാണ്.

വിദ്യാഭ്യാസ രംഗത്ത് ഏറ്റവും വലിയ പ്രതിസന്ധിയാണ് ഉണ്ടായത്. വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനത്തെ സംബന്ധിച്ച് ബഹുമാന്യനായ ലീഗിന്റെ മെമ്പർ ഇക്കഴിഞ്ഞ ദിവസം ഇവിടെ പ്രസംഗിക്കുകയുണ്ടായി. യഥാർത്ഥത്തിൽ വിദ്യാഭ്യാസ രംഗം ഏറ്റവും വലിയ തകർന്ന രംഗമായി കേരളത്തിൽ മാറ്റിയെന്ന് പറഞ്ഞാൽ ആർക്കും നിഷേധിക്കാൻ കഴിയില്ല. കുട്ടികൾക്ക് പാഠപുസ്തകങ്ങൾ പോലും ഒരു വർഷവും കൊടുക്കാത്ത ഗവൺമെന്റാണ് കഴിഞ്ഞ ഗവൺമെന്റും അതിന്റെ വിദ്യാഭ്യാസ വകുപ്പും

മന്ത്രിയും സ്വീകരിച്ച നയമെന്ന് വിമർശിക്കേണ്ടി വന്നതിൽ എനിക്ക് അതിയായ ഖേദമുണ്ട്.

അതോടൊപ്പംതന്നെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത്, പെട്ടിക്കട നടത്തുന്നതുപോലെ മെഡിക്കൽ കോളേജ് അനുവദിച്ചു. എന്നിട്ട് ആ മെഡിക്കൽ കോളേജ് ഇപ്പോൾ പ്രവർത്തനം നടത്തുന്നില്ലായെന്ന് പറഞ്ഞുകൊണ്ട് ഒരു മാസം മാത്രം പ്രായമുള്ള ഗവൺമെന്റിന് മുന്നിൽ വിമർശനം ഉന്നയിക്കുന്നത് ഒരു നിലയിലും നിലനിൽക്കാത്ത രാഷ്ട്രീയ പ്രേരിതമായ പ്രതിവാദമെന്നല്ലാതെ അതുസംബന്ധിച്ച് പറയാനില്ല. ആദരണീയനായ മുൻ ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ ദീർഘമായി വികാരപരമായി പ്രസംഗിക്കുന്നത് കേട്ടു. യാഥാർത്ഥ്യത്തിന് നിരക്കാത്ത, ഒരു നിലയിലും സ്ഥലസൗകര്യവും മറ്റ് സാങ്കേതിക സൗകര്യങ്ങളും ഉണ്ടോയെന്ന് നോക്കാതെ ഇഷ്ടംപോലെ വെറും രാഷ്ട്രീയ നേട്ടത്തിനുവേണ്ടി മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചിട്ട് ഇപ്പോൾ ഇതൊന്നും താങ്ങാനാവാത്ത, ഒരു നിലയിലും ഇത് മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാത്ത നിലയിൽ എത്തിച്ചിട്ട് ഒരു മാസം മാത്രം പ്രായമുള്ള ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാൻ, ഒരു നീതിബോധമില്ലാതെയാണ് പ്രതിപക്ഷം ഇവിടെ പരാമർശിക്കുന്നതും പ്രസംഗിക്കുന്നതും. പ്രത്യേകിച്ച് മുൻ

ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രസംഗമെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സ്ഥലസൗകര്യമില്ലാതെ മെഡിക്കൽ കോളേജ് എന്ന ലക്ഷ്യം എങ്ങനെ നമ്മുടെ നാട്ടിൽ, നമ്മുടെ രാജ്യത്ത് പ്രാവർത്തികമാക്കാൻ കഴിയുമെന്നുള്ളത് വളരെ ഗൗരവബോധവും സാമാന്യ ബുദ്ധിയുമുണ്ടെങ്കിൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. അതിനു വിപരീതമായി വികസനം എന്നുപറഞ്ഞ് നാനാതരത്തിലുള്ള ഇത്തരം പണി, പ്രായോഗികമല്ലാത്ത നടപടികൾ സ്വീകരിച്ച്, ഒരു മാസം മാത്രം പ്രായമുള്ള ഗവൺമെന്റ്, ഈ ഗവൺമെന്റ് പ്രവർത്തനം തുടങ്ങിയില്ല അതിനുമുമ്പു തന്നെ ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കുന്ന പ്രതിപക്ഷ നിലപാട് രാഷ്ട്രീയ പ്രേരിതമാണെന്ന് വിമർശിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഇവിടെ തലശ്ശേരി സംഭവത്തെക്കുറിച്ച് പറഞ്ഞു. നിയമസമാധാന നിലയെക്കുറിച്ച് പറഞ്ഞു. സി.പി.ഐ. (എം)-ന് സഹിഷ്ണുതയില്ലായെന്ന വിമർശനം ഉന്നയിച്ചു. കഴിഞ്ഞ അഞ്ചുവർഷക്കാലം രാഷ്ട്രീയ എതിരാളികളെ, പതിനായിരക്കണക്കിന് ആളുകളെ കള്ളക്കേസിൽ കുരുക്കി പീഡിപ്പിച്ച പാരമ്പര്യമുള്ളതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ്. ഇപ്പോൾ ഈ

ഗവൺമെന്റ് പ്രവർത്തനം തുടങ്ങി ഒരു മാസം മാത്രം ആകുന്നതിനുമുമ്പ് തന്നെ ഈ ഗവൺമെന്റിനെതിരെ നിയമസമാധാന തകർച്ചയെപ്പറ്റിയും സി.പി.ഐ.(എം)-ന്റെ സഹിഷ്ണത ഇല്ലായ്മയെപ്പറ്റിയും പറയുന്നത് ഒരു നിലയിലും നിലനിൽക്കാത്തതും അങ്ങേയറ്റത്തെ രാഷ്ട്രീയ പ്രേരിതവുമാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ലക്ഷക്കണക്കിന് ആളുകളെയാണ് കള്ളക്കേസ്സിൽ കുടുക്കിയത്. ഞാൻ എന്റെ അനുഭവങ്ങളൊന്നും ഈ സഭയുടെ മുമ്പിൽ പറയുന്നില്ല. കാരണം അത് എന്റെ വ്യക്തിപരമായ കാര്യമായി ഞാൻ കാണുകയാണ്. എന്നാൽ എത്രയോ സംഭവങ്ങൾക്കാണ്..... ഇപ്പോൾ ഷുക്കൂർ വധക്കേസ്സിൽ തന്നെ സ്വീകരിച്ച നയം കണ്ടില്ലേ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നടപടികൾ തൽക്കാലം സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ നിലയിൽ എത്രയോ സംഭവങ്ങളാണ് ഇവിടെ കാട്ടിക്കൂട്ടിയത്. രാഷ്ട്രീയ എതിരാളികളെ വകവരുത്താൻ വേണ്ടി പോലീസിനെ ഉപയോഗിച്ചുകൊണ്ട് കൈകാര്യം ചെയ്യുന്ന നിലപാട് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിനെല്ലാം പ്രതിഷേധം ഈ സഭയിൽ അന്നുതന്നെ പ്രതിപക്ഷ നേതാക്കൾ, പ്രതിപക്ഷ അംഗങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്ന കാര്യവും ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

മുല്ലപ്പെരിയാർ പ്രശ്നത്തെപ്പറ്റിപറഞ്ഞു. എറണാകുളം, ഇടുക്കി ജില്ലകളെ ബാധിക്കുന്ന വളരെ ഗുരുതരമായ പ്രശ്നമാണത്. യഥാർത്ഥത്തിൽ ഭരണഘടനാ ബെഞ്ച് കേരളത്തിന്റെ താൽപര്യങ്ങൾക്ക് എതിരെ ഒരു വിധി പുറപ്പെടുവിക്കുന്നിടത്തേക്ക് എത്തിച്ചത് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ നയവൈകല്യമാണെന്നാണ് എനിക്ക് ഈ അവസരത്തിൽ വിമർശിക്കാനുള്ളത്. 100 വർഷം കഴിഞ്ഞാലും ഡാമിനൊരു പ്രശ്നവുമില്ലായെന്ന റിപ്പോർട്ടാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ അഡ്വക്കേറ്റ് ജനറൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ചത്. അങ്ങേയറ്റം അടിസ്ഥാനമില്ലാത്ത കേരള ജനതയോട് വഞ്ചനാപരമായ നിലപാട് സ്വീകരിക്കുന്ന റിപ്പോർട്ടാണ് അന്ന് കേരള ഹൈക്കോടതിയിൽ അവതരിപ്പിച്ചുകൊണ്ട് വാദിച്ചത്. അന്നത്തെ ഗവൺമെന്റ് സുപ്രീം കോടതിയിലും നടത്തിയ നിലപാട് അതുതന്നെയാണ്. ഇടുക്കി, എറണാകുളം ജില്ലകളിലെ ലക്ഷക്കണക്കിന് ആളുകളുടെ ജീവന്റെ പ്രശ്നത്തിന് ഒരു നിലയിലും നീതീകരിക്കാൻ പറ്റാത്ത, നമ്മളെ പ്രതിക്കൂട്ടിലാക്കുന്ന നിലയിൽ സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് കേരളത്തിന്റെ താൽപ്പര്യങ്ങൾക്കെതിരെ വിധിച്ചതെന്ന കാര്യം ആർക്കും നിഷേധിക്കാൻ

കഴിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം വണ്ടിപ്പെരിയാറിൽ പോയി സത്യാഗ്രഹമിരുന്നുവെന്നാണ് പത്രവാർത്തയിൽ കണ്ടത്. യഥാർത്ഥത്തിൽ അദ്ദേഹം അങ്ങനെ നടത്തുന്നത് നന്നായിരിക്കും. കാരണം സ്വന്തം ചെയ്തികൊണ്ട് ലക്ഷക്കണക്കിന് വരുന്ന ഇടുക്കി, എറണാകുളം ജില്ലകളിലെ ജനങ്ങൾക്ക് ഏൽപ്പിച്ചിരിക്കുന്ന വഞ്ചനാപരമായ ആ ഗവൺമെന്റിന്റെ നിലപാടിന് പാപപരിഹാരമാണ് അദ്ദേഹം വണ്ടിപ്പെരിയാറിൽ നടത്തിയ നിരാഹാര സത്യാഗ്രഹമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. എൽ.ഡി.എഫ്. ഗവൺമെന്റ് മുമ്പ് ഈ നിയമസഭയിൽ തന്നെ ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. അതായത്, കേരളത്തിലെ രണ്ടു ജില്ലകളിലെ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഒരു പുതിയ ഡാം എന്ന ലക്ഷ്യത്തിൽ നിന്നും ഒരു നിലയിലും പിന്നോട്ട് പോകുന്ന പ്രശ്നമില്ലെന്നാണ് കേരള നിയമസഭ പാസ്സാക്കിയിരിക്കുന്ന പ്രമേയം. ഈ ഗവൺമെന്റിന്റെ നയം അതാണെന്ന് ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തന്നെ ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗവൺമെന്റിനെതിരെ അപവാദപ്രചാരവേല നടത്തി, ഈ പ്രശ്നം എൽ.ഡി.എഫ്. ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ ആക്കുന്നതിനുവേണ്ടി വളരെ

ബോധപൂർവ്വമായ പ്രചാരവേലയാണ് ഇപ്പോൾ പ്രതിപക്ഷം നടത്തികൊണ്ടിരിക്കുന്നതെന്നാണ് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. അതുകൊണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രഖ്യാപിച്ചിരിക്കുന്ന മിനിമം പരിപാടി ദിശാബോധമുള്ള പരിപാടിയാണ്.

നവകേരളത്തെപ്പറ്റി ഇന്നലെ പ്രതിപക്ഷാംഗങ്ങൾ ഇവിടെ വിമർശിക്കുന്നത് കേട്ടു. ആദ്യം ഗവൺമെന്റിനെയൊന്ന് പ്രവർത്തിക്കാൻ നിങ്ങൾ അനുവദിക്കു, ഒരു അവസരം നൽകു. എന്നിട്ടല്ലേ ഗവൺമെന്റിന്റെ പ്രവർത്തനത്തെപ്പറ്റി വിമർശിക്കേണ്ടത്. കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവ്, ഞാൻ അദ്ദേഹത്തിന്റെ പേര് ഇവിടെ പറയുന്നില്ല. കാരണം ഒരുപക്ഷേ, സഭാനടപടികളിൽ ശരിയാകില്ലായെന്നതുകൊണ്ടാണ്. കോൺഗ്രസ്സുകാർ ജയിലിൽ പോകാൻ തയ്യാറായിക്കോ എന്നാണ് അദ്ദേഹം പ്രവർത്തകരോട് പറഞ്ഞത്. കേരളത്തിലെ എല്ലാ പത്രവും റിപ്പോർട്ട് ചെയ്ത കാര്യമാണെന്ന് ഞാൻ പ്രത്യേകിച്ച് ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഈ ഗവൺമെന്റ് വന്ന് ഒരു മാസം ആകുന്നതിനുമുമ്പുതന്നെ നിയമസമാധാന നില അലങ്കോലപ്പെടുത്താൻ വേണ്ടി ദളിത് പീഡനം

എന്നെല്ലാം പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് മാധ്യമങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് അടിസ്ഥാനമില്ലാത്ത അപവാദപ്രചാരവേല നടത്തുന്നതെന്നാണ് എന്റെ വിമർശനം. അതാണ് ഞാൻ ഈ സഭയുടെ മുമ്പാകെ ശക്തമായി ഉന്നയിക്കുന്നത്. ഒരു ഗവൺമെന്റ് വന്ന് സാവകാശം പോലും കൊടുക്കാതെ..... ഒരു മാസം മാത്രമായ ഗവൺമെന്റും മന്ത്രിമാരും അധികാരം ഏറ്റെടുത്ത് പണി തുടങ്ങിയില്ല, അതിനുമുമ്പ് ഈ നിലയിൽ കാര്യങ്ങൾ ചെയ്യുന്നത് അങ്ങേയറ്റത്തെ ജനാധിപത്യ വിരുദ്ധമാണെന്ന എന്റെ ശക്തമായ വിമർശനം രേഖപ്പെടുത്തികൊണ്ട് ശ്രീ. എസ്. ശർമ്മ സഖാവ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ശക്തമായി പിന്താങ്ങികൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിക്കുന്നു.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: സൗന്ദര്യ ശ്രേഷ്ഠനായ സ്പീക്കർ സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു നയമായി നയപ്രഖ്യാപനത്തിൽ പറഞ്ഞത് " Opening the door on hearing the footsteps" എന്നാണ്. 'കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക' എന്നാണെങ്കിൽ ഈ 35 ദിവസംകൊണ്ട് കേരളത്തിലെ ജനങ്ങൾ പറയുന്നത് 'കാലൊച്ച കേൾക്കുംമുമ്പേ വാതിൽ കൊട്ടിയടച്ചു' എന്നാണെന്ന് സൂചിപ്പിക്കട്ടെ.

ശ്രീ. എം. എം. മണി ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ അക്കമിട്ട് പറഞ്ഞ ചില കാര്യങ്ങളുണ്ടല്ലോ. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യത്തിന്റെ എതിരഭിപ്രായം ഞാൻ പറയാം. മെഡിക്കൽ കോളേജിനെ 'പെട്ടിക്കട' എന്നാണ് അദ്ദേഹം അപമാനിച്ചത്. ഈ അപമാനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയെ അപമാനിച്ചതിന് തുല്യമായി നമുക്ക് കാണേണ്ടിവരും. രാവിലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി കേട്ടാൽ കാലൊച്ച കേൾക്കുംമുമ്പേ വാതിൽ കൊട്ടിയടച്ചു എന്ന് ആർക്കാണ് ബോദ്ധ്യപ്പെടാതിരിക്കുന്നത്.

ഈ നയപ്രഖ്യാപനം വായിച്ചുനോക്കുമ്പോൾ ഇത് ആര് എഴുതിയതാണെന്നുപോലും എനിക്ക് തോന്നിയിട്ടുണ്ട്. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യം വായിക്കുമ്പോൾ ഇത് ചില ബാർ മുതലാളിമാരുടെ ഒത്താശയോടെ അവർ എഴുതികൊടുത്തതാണോ എന്നുപോലും എനിക്ക് തോന്നിയിട്ടുണ്ട്. മദ്യഉപഭോഗത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണത്തിന് ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടില്ലായെന്ന് പറയുമ്പോൾ സമ്പൂർണ്ണ മദ്യനിരോധനമല്ല ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, മറിച്ച് ബാറുകൾ തുറക്കുവാൻ വേണ്ടിയാണെന്ന് കൊച്ചുകുട്ടിക്കുപോലും ബോദ്ധ്യപ്പെടുന്ന ഒരു കാര്യമാണെന്നുള്ളതുകൊണ്ട്

opening the door on hearing the footsteps എന്നുള്ളതിൽ door എന്ന പദം മാറ്റി opening the bar on hearing the footsteps എന്നാക്കുന്നതായിരിക്കും ഉചിതമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നാലുവരി കവിത ഞാൻ കുറിച്ചിട്ടുണ്ട്. സമയം കുറവാണെങ്കിലും ഈ കവിത ഞാൻ ചൊല്ലാം.

"കാലൊച്ച കേൾക്കവേ വാതിൽ തുറക്കുവാൻ
വാതിക്കൽ ആരോരുമില്ലെന്നറിയുക സഖാവേ
പൂട്ടിപുറപ്പെട്ട പാർട്ടി നേതാവിനെ
പാട്ടിലാക്കി തിരിച്ചെത്തുവാൻ വൈകി നീ
നെട്ടോട്ടമോടേണ്ടിവന്നിതാ ജനങ്ങൾക്ക്
കഷ്ടകാലമല്ലാതിതെന്തു പറയുവാൻ"

ഏത് രീതിയിൽ നോക്കിയാലും ഈ ഗവൺമെന്റ് വന്നതിനുശേഷം ഓരോ ഡോറും ക്ലോസ് ചെയ്യുന്നത് കാണാൻ കഴിയും. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുമെന്നും സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിന് പുതിയ വകുപ്പ് സൃഷ്ടിക്കുമെന്നും പറഞ്ഞുവെങ്കിൽ നമ്മൾ കണ്ടതെന്താണ്? തലശ്ശേരിയിൽ ദളിത് പെൺകുട്ടികളെ ജയിലിലടച്ചു. മുലകുടി

മാറാത്ത കുട്ടിയെവരെ അഴി എണ്ണിച്ച, മോശപ്പെട്ട ഒരു ചരിത്രമുണ്ടായപ്പോൾ എങ്ങനെയാണ് വാതിലുകൾ തുറന്നിടാൻ കഴിയുക. ഇങ്ങനെ നിരവധി കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുമെന്ന് പറയുന്നതിനോടൊപ്പം ജീവനക്കാരുടെ കഴിവ് വിശ്വാസത്തിലെടുക്കാതെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും. അതുകൊണ്ട് ഇതിലെ നയങ്ങൾക്ക് വ്യക്തമായ മാറ്റമുണ്ടാകണം. യഥാർത്ഥത്തിൽ ഈ നയം closing the door on hearing the footsteps – ആയി മാറിയിരിക്കുന്നു എന്നുള്ളതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഗവർണ്ണറുടെ നയപ്രഖ്യാപനത്തെ പിന്തുണച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ. എൽദോസ് കുന്നപ്പിള്ളി, കാലൊച്ച കേൾക്കുന്നതിനുമുമ്പേ വാതിൽ കൊട്ടിയടച്ചു എന്നുപറഞ്ഞു. തീർച്ചയായും വാതിൽ കൊട്ടി അടച്ചു. പക്ഷേ വിദ്യാഭ്യാസ കച്ചവടക്കാരന്റേയും അഴിമതിക്കാരുടേയും വാതിലാണ് കൊട്ടിയടച്ചത്. അതുകൊണ്ട് അതിന്

കൂട്ടനിന്നവർക്കെല്ലാം വേദനയുണ്ടാകുമെന്നുള്ളത് സത്യമാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം അഴിമതിയുടേയും വികസന മുരടിപ്പിന്റേയും അന്ധകാരത്തിൽ കിടന്നിരുന്ന കേരളത്തെ മനുഷ്യത്വത്തിന്റെ മുഖമുള്ള, ജനകീയ വികസന ചിന്തയിലൂടെ, ശക്തമായ അഴിമതി വിരുദ്ധ നടപടിയിലൂടെ ഒരു പുതിയ സൂര്യവെളിച്ചം നൽകുന്ന ഗവൺമെന്റാണ് ഇതെന്ന് ചുരുങ്ങിയ കാലംകൊണ്ട് കേരളത്തെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ചുവപ്പ് നാടയിൽ കിടന്നിരുന്ന പല കാര്യങ്ങളും ധാരാളം ആളുകളുടെ വേദനകളും പ്രതീക്ഷകളുമാണ്. അതൊക്കെ ചുവപ്പ് നാടയിൽ കുരുങ്ങിക്കിടക്കാതിരിക്കാൻ തുടക്കത്തിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ടവർക്കും വേണ്ട രീതിയിലുള്ള നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കൊടുത്തുകഴിഞ്ഞു. അതുപോലെ മന്ത്രിമാരുടെയും മറ്റും ധൂർത്തുകൊണ്ടുണ്ടാകുന്ന ധാരാളം ചെലവുകൾ ചുരുക്കാൻ വേണ്ടി സ്റ്റാഫുകളുടെ എണ്ണം കുറയ്ക്കുകയും പൈലറ്റ് വാഹനങ്ങൾ വേണ്ടെന്നുവച്ചും വളരെ മാതൃകാപരമായ തീരുമാനമാണ് എടുത്തത്. തൊഴിലവസരങ്ങൾക്കുവേണ്ടി ധാരാളം യുവാക്കൾ പ്രതീക്ഷയോടെയാണ് കാത്തിരിക്കുന്നത്. ആദ്യത്തെ ക്യാബിനറ്റ് മീറ്റിംഗിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട്

ചെയ്യുവാൻ പറഞ്ഞു. അത് വലിയ പ്രതീക്ഷകളാണ് നൽകുന്നത്. കേരളത്തിലെ ജനങ്ങൾക്ക് മാത്രമല്ല ഈ പ്രതീക്ഷയുള്ളത്. ഇന്ത്യയൊട്ടാകെ വലിയൊരു പ്രതീക്ഷയിലാണ്. കാരണം ഇന്ത്യാ രാജ്യം മുഴുവൻ വർഗ്ഗീയ വൽക്കരണത്തിലാണ്. ഇന്ത്യയിലെ ജനങ്ങളെ ജാതിയുടെയും മതത്തിന്റെയും പേരിൽ ഭിന്നിപ്പിച്ചുകൊണ്ട് രാഷ്ട്രീയ ലക്ഷ്യം നേടിയെടുക്കുവാൻ ശ്രമിച്ച ബി.ജെ.പി. സർക്കാരിന്റെ കാര്യം നമുക്കെല്ലാവർക്കുമറിയാം. ഈ സാഹചര്യമാണ് ഇന്ത്യയിലുടനീളം നടക്കുന്നത്. നമ്മുടെ ജനാധിപത്യ സംവിധാനങ്ങൾ, ഭരണഘടനപോലും ഭീക്ഷണി നേരിടുകയാണ്. ഉത്തരാഖണ്ഡിൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ പിരിച്ചുവിട്ടുകൊണ്ടാണ് നരേന്ദ്രമോദി അതിന് തുടക്കം കുറിച്ചത്. 1957-ൽ ജനാധിപത്യത്തിലൂടെ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റിനെ പിരിച്ചുവിട്ടുകൊണ്ട് കോൺഗ്രസ് ഒരു കീഴ്വഴക്കം ഉണ്ടാക്കിയെടുത്തതാണ്. അത് സ്വന്തം കോർട്ടിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണുള്ളത്. ജനാധിപത്യ ഭരണഘടനയുടെ സങ്കല്പമായിട്ടുള്ള സെക്കുലറിസം, മതനിരപേക്ഷതയേയും സാമൂഹ്യ സമത്വത്തെയും ചോദ്യം ചെയ്യുന്ന ഭരണഘടനയുടെ സങ്കല്പങ്ങളെപ്പോലും പാർലമെന്റിൽവരെ ചോദ്യം ചെയ്യാൻ

കേന്ദ്രം ഭരിക്കുന്ന ആളുകളുടെ കൂടെയുള്ളവർ മുതിർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇന്ത്യയുടെ ഭരണഘടന ഭീഷണി നേരിടുന്നു. മറ്റൊരു ഭാഗത്ത് വിലക്കയറ്റം കൂട്ടിക്കൊണ്ട് സാധാരണക്കാരന്റെ ജീവിതം ദുരിതപൂർണ്ണമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്. ഇന്ത്യയൊട്ടാകെ ഈ discontent വളർന്നുകൊണ്ടിരിക്കുകയാണ്. യുവാക്കളുടെ നേതൃത്വത്തിൽ മോദിയുടെയും ബി.ജെ.പി.യുടെയും സപ്പോർട്ടേഴ്സായിരുന്ന പട്ടേൽ അജിറ്റേഷൻ നടക്കുകയാണ്; ജാട്ട് സമരം നടക്കുകയാണ്. ഇതൊക്കെ പരമ്പരാഗതമായി ബി.ജെ.പി. യുടെ അണികളായിരുന്നു. ഈ രീതിയിൽ ഇന്ത്യയിൽ വ്യാപകമായ പ്രതിഷേധങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രതീക്ഷയുടെ കിരണമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇന്ത്യയുടെ മുമ്പിൽ വയ്ക്കുന്നത്. നരേന്ദ്രമോദി നടപ്പിലാക്കുന്ന നയങ്ങൾ അതുപോലെ മറ്റൊരു രീതിയിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കേരളത്തിലും നടപ്പിലാക്കിയെന്നുവേണം കരുതാൻ, പ്രത്യേകിച്ച് പൊതുമേഖലാ സ്ഥാപനങ്ങളും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളും. മോദി സർക്കാർ സ്വീകരിച്ചുവരുന്ന നയങ്ങളുണ്ട്. ഞാൻ JNU-വിലെ വിദ്യാർത്ഥിയായിരുന്നു. ഞാനടക്കമുള്ള ധാരാളം വിദ്യാർത്ഥികൾ നല്ല സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ്. ഞങ്ങൾ വലിയ

പ്രതീക്ഷയോടെയാണ് ഈ രാജ്യത്തെ കണ്ടിരുന്നത്. പക്ഷേ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആർ.എസ്.എസ്.-ന്റെ ഏജന്റിനെ നിയമിച്ചുകൊണ്ട് അത് പൂട്ടിക്കുകയും അതിന്റെ നിലവാരം തകർക്കുകയും ചെയ്യുന്ന ശ്രമങ്ങൾ നടക്കുകയാണ്. അതുപോലെ ഐ.ഐ.ടി. കളിലും മറ്റ് സ്ഥാപനങ്ങളിലും ഫീസ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. പാവപ്പെട്ടവൻ പഠിക്കേണ്ടായെന്ന തീരുമാനമാണ്. നിലവിലുള്ള സ്കോളർഷിപ്പുകൾ നിർത്തലാക്കുകയാണ്. നരേന്ദ്രമോദി നടത്തുന്ന ഇങ്ങനെയുള്ള അനേകം വികസന നയങ്ങളെക്കുറിച്ച് നമുക്കറിയാം. സമയക്കുറവുകൊണ്ട് അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർത്ത് സ്വകാര്യ മാനേജ്മെന്റുകളെ പ്രമോട്ട് ചെയ്യുന്ന ഒരു തീരുമാനമാണ് കേരളത്തിലും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ടത്. കോഴിക്കോട്ടെ മലാപ്പറമ്പ് സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകൾ പൂട്ടിക്കാനുണ്ടായ നടപടി നമുക്കറിയാം. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ മാത്രം 12 വിദ്യാലയങ്ങളിൽ ഒരൊറ്റ കുട്ടി പോലും ഇല്ലാത്ത സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളുണ്ടായിട്ടുണ്ട്. അൺ എക്കണോമിക് സ്കൂളുകളായി ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നത് 5573 സ്കൂളുകളാണ്. ഈ സമയത്ത് സർക്കാർ സ്കൂളുകളിൽ 22543 കുട്ടികളും എയ്ഡഡ് സ്കൂളുകളിൽ

57323 കുട്ടികളും കുറഞ്ഞു. എന്നാൽ മറ്റൊരു സാഹചര്യവും ഉണ്ടായിട്ടുണ്ട്. അൺ എയ്ഡഡ് മേഖയിൽ 52061 കുട്ടികൾ കൂടി. കേരളത്തിൽ അംഗീകാരമില്ലാതെ കിടന്ന നാനൂറോളം സ്കൂളുകൾക്ക് അംഗീകാരം കൊടുത്തു. സ്വകാര്യ സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചുപൊങ്ങാൻ തുടങ്ങി. പാവപ്പെട്ടവർ പഠിക്കുന്ന സർക്കാർ സ്കൂളുകളും പൂട്ടിക്കൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. ' He who opens a school door, closes a prison' എന്ന് വിക്ടർ ഹ്യൂഗോ പറയുന്നുണ്ട്. സ്കൂളുകൾ പൂട്ടുന്നത് അനേകം ജയിലുകൾ തുറക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് നഷ്ടത്തിന്റെ പേരിൽ ഏതൊക്കെ സ്ഥാപനങ്ങൾ പൂട്ടിയാലും ഈ നിയമനിർമ്മാണ സഭ ലാഭകരമല്ലെന്നുപറഞ്ഞ് പൂട്ടേണ്ട അവസ്ഥ വന്നാൽപ്പോലും നമ്മുടെ സ്കൂളുകൾ പൂട്ടാൻ കഴിയില്ല. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമൊക്കെയാണ് സാധാരണക്കാരന്റെയും ആദിവാസികളുടെയും ദളിതരുടെയും കുട്ടികൾ പഠിക്കുന്നത്. അത്തരം സ്ഥാപനങ്ങൾ പൂട്ടിക്കൊണ്ട് എയ്ഡഡ് സ്ഥാപനങ്ങളുടെ വളർച്ചയാണ് വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടുക എന്നുള്ളതാണ് മോദിയുടെ നയം. സമയം കുറവായതുകൊണ്ട് അതിന്റെ നഷ്ടത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ

ഗവൺമെന്റിന്റെ ഭരണകാലത്ത് 11 പൊതുമേഖലാസ്ഥാപനങ്ങളാണ് ലാഭത്തിലുണ്ടായിരുന്നത്. എന്നാൽ യു.ഡി.എഫിന്റെ ഭരണകാലത്ത് ഇതെല്ലാം നഷ്ടത്തിലേക്കാണ് പോയത്. ഇതൊരു മാജിക്കാണ്. ഈ മാജിക്ക് അദാനിക്കും അംബാനിക്കും പറഞ്ഞു കൊടുത്തിരുന്നെങ്കിൽ ഇവിടത്തെ പാവപ്പെട്ടവർക്ക് ജീവിക്കാൻ കഴിയുമായിരുന്നു. എങ്ങനെയാണ് ലാഭത്തിലുള്ള ഒരു സ്ഥാപനം പെട്ടെന്ന് നഷ്ടത്തിലാകുന്നത്? പൊതുമേഖലാ സ്ഥാപനങ്ങളും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളും നഷ്ടത്തിലാക്കിക്കൊണ്ട് ഒന്നുകിൽ അത് പൂട്ടിക്കുക അതല്ലെങ്കിൽ സ്വകാര്യ കോർപ്പറേറ്റ് മുതലാളിമാരെക്കൊണ്ട് അത് ഏറ്റെടുപ്പിക്കുന്ന നയമാണ് മോദി സർക്കാരും യു.ഡി.എഫ്. സർക്കാരും പിന്തുടർന്നത്. ഇത് ഇൻഡ്യയിൽ ഇന്ന് നടപ്പിലാക്കുന്ന ഒരു നിയോ ലിബറൽ സാമ്പത്തികനയത്തിന്റെ പിന്തുടർച്ചയാണ്. യൂറോപ്യൻ രാജ്യങ്ങളിലൊക്കെ ഇത് പിന്തുടർന്ന് ആഗോളസാമ്പത്തിക മാന്ദ്യം സംഭവിച്ചപ്പോൾ പിടിച്ചുനില്ക്കാനാവാത്ത ഒരവസ്ഥയുണ്ടായി. നമുക്കറിയാം, Occupy Wall Street (OWS) എന്നുപറയുന്ന ഒരു മൂവ്മെന്റ് നടന്നു. അതുപോലെ ഗ്രീസ് തകർന്നടിഞ്ഞു. ഇപ്പോൾ ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽ നിന്നും മാറി. ഇതൊക്കെ ഇത്തരത്തിലുള്ള നയങ്ങൾ പിന്തുടരുന്നതിന്റെ ഭാഗമാണ്. ഇൻഡ്യയും അത്തരത്തിലുള്ള ഒരു

സാഹചര്യത്തിലേക്ക് പോകാതിരിക്കണമെങ്കിൽ, ഇപ്പോൾ യൂറോപ്പിലും ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു സോഷ്യലിസ്റ്റ് നയത്തിലേക്ക് മുന്നേറാനുള്ള ചിന്തയാണ് അവർ കൊടുക്കുന്നത്. ആ സാഹചര്യം നമ്മൾ മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ട് അത് ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് ഒരു മാതൃകയാണ്. ആ സോഷ്യലിസ്റ്റ് നയത്തിലേക്കുള്ള ഒരു മാതൃകയാണ്. ഇനിയൊരു സ്കൂളും അടച്ചുപൂട്ടുകയില്ലായെന്ന നയമാണ് സ്വീകരിച്ചത്. പൂട്ടിയ സ്കൂളുകൾ തുറക്കാനുള്ള സംവിധാനങ്ങളാണ് സ്വീകരിച്ചത്. അതാണ് പ്രതീക്ഷയുടെ നാമ്പ് കൊടുക്കുന്നുണ്ടെന്ന് ഞാൻ പറഞ്ഞത്. കേരളത്തിലെ ഭീകരമായിട്ടുള്ള ഒരു കാര്യം, ഇൻഡ്യയിൽ തൊഴിലില്ലായ്മയിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്നത് കേരളമാണ്. ദേശീയ ആവറേജിനേക്കാൾ മൂന്നിരട്ടിയാണിത്. കേരളത്തിൽ 15 മുതൽ 29 വയസ്സുവരെയുള്ള ആളുകൾ 23% ഉണ്ട്. അതിൽ 21.7% ആളുകൾ ഗ്രാമീണമേഖലയിൽ തൊഴിലില്ലാത്തവരാണ്. എന്നാൽ ഇൻഡ്യയുടെ ആവറേജ് 4.9 ശതമാനമേയുള്ളൂ. അർബൻ ഏരിയയിൽ യുവാക്കളായ 18% ആളുകളും തൊഴിലില്ലാത്തവരാണ്. ഇൻഡ്യയുടെ ആവറേജ് 9.2 ശതമാനമേയുള്ളൂ. എന്നാൽ യുവതികളായിട്ടുള്ള സ്ത്രീകളുടെ തൊഴിലില്ലായ്മ 47.4% ആണ്. ഇൻഡ്യയുടെ ആവറേജാണെങ്കിൽ 4.8 ശതമാനമേയുള്ളൂ. നമുക്ക് ഒരുപാട് മുന്നോട്ടുപോകാനുണ്ട്.

25 ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ കൊടുക്കുവാനും പുതിയ തൊഴിൽസംരംഭങ്ങൾ തുടങ്ങുവാനുമുള്ള ഈ സർക്കാരിന്റെ നയം തീർച്ചയായും വലിയ പ്രതീക്ഷകൾ തന്നെയാണ് നല്കുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് അവസാനിക്കാൻ പോകുന്നതു സംബന്ധിച്ച് ഇവിടെ ഇരിക്കുന്ന എല്ലാവരുടെ മുമ്പിലേക്കും ഉദ്യോഗാർത്ഥികൾ വരുന്നുണ്ടാകും. വർഷങ്ങളായി കാത്തിരിക്കുകയാണ്; ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നു പറഞ്ഞ് നിരവധി ആപ്ലിക്കേഷനുകളാണ് മുമ്പിൽ വന്ന് കിടക്കുന്നത്. നിയമനം റിപ്പോർട്ട് ചെയ്ത് എത്രയുംപെട്ടെന്ന് നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് ചെയ്യും. അത് പ്രതീക്ഷകളാണ്. അത് ചെയ്യണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അത് ചെയ്യാത്തതിന്റെ ഫലമായാണ് ഈ സാഹചര്യമുണ്ടായത്. അതുപോലെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവന്നിരിക്കുന്നു. ഞാൻ റിപ്പോർട്ട് വായിക്കുന്നില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ Sexual harassment, molestation, rape എന്നിവ കൂടിയിട്ടുണ്ട്. ദളിത്- ആദിവാസികളോടുള്ള സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ ഈ സഭയുടെ തുടക്കത്തിൽ ഇവിടെനിന്ന് ഇറങ്ങിപ്പോയ പ്രതിപക്ഷനേതാവ് ആഭ്യന്തരമന്ത്രിയായിരിക്കുമ്പോഴാണ് ജിഷയുടെ കൊലപാതകം നടക്കുന്നത്.

ജിഷയുടെ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണത്തിൽ വളരെയേറെ തെളിവുകൾ നശിപ്പിക്കുകയും യാതൊരു തരത്തിലുള്ള നടപടിയെടുക്കുകയും ചെയ്തില്ല. 5 ദിവസം കഴിഞ്ഞിട്ടാണ് ആ സ്ഥലം സീൽ ചെയ്യപ്പെടുന്നത്. മൃതദേഹം പെട്ടെന്ന് ദഹിപ്പിക്കപ്പെട്ടു. യാതൊരു കാരണവശാലും തെളിവ് നിലനില്ക്കരുതെന്ന് വിചാരിച്ച് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ, അന്നത്തെ ആഭ്യന്തരമന്ത്രിയുടെ പോലീസാണ് ഇത് ചെയ്തത്. പുതിയ ഗവൺമെന്റ് വന്നു സത്യം പുറത്തുവന്നുകൊണ്ടിരിക്കുന്നു. തീർച്ചയായും വളരെയേറെ പ്രതീക്ഷകൾ തന്നെയാണത്. നിയമവിദ്യാർത്ഥിയായിരുന്ന ദളിത് പെൺകുട്ടിയായിരുന്നു ജിഷ.

മി. ചെയർമാൻ: സമയം കഴിഞ്ഞു....പ്ലീസ്......

ശ്രീ. മുഹമ്മദ് മുഹാസിൻ: സർ, ഇത്തരത്തിലുള്ള ഇൻഡ്യാ മഹാരാജ്യത്ത് പുതിയ രാഷ്ട്രീയത്തിന് ദിശാബോധം നല്കുന്ന ഇടതുപക്ഷ സർക്കാർ പ്രതീക്ഷകളാണ് നല്കുന്നത് എന്നുള്ളതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇവിടെ ധവളപത്രം വന്നിരിക്കുന്നു. പുറത്തുവരുമെന്ന് കേട്ടുകൊണ്ടിരുന്ന ധവളപത്രം. ധവളപത്രം ഇറക്കാൻ വളരെ എളുപ്പമാണ്. അതിന് പ്രത്യേകിച്ച് ചെലവൊന്നുമില്ല. പക്ഷെ, ഈ ധവളപത്രം ഇറക്കാൻ ബഹുമാനപ്പെട്ട

ധനകാര്യമന്ത്രിയെ സഹായിച്ച ഉദ്യോഗസ്ഥന്മാർ അവരൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ മുന്നിൽ ഇതേ പ്രശ്നങ്ങളും ഇതേ സൊല്യൂഷനും, ധവളപത്രം എന്നുള്ള നിലയിലല്ല പല നിലയിലും അവതരിപ്പിച്ചതാണ്. ഞാനിവിടെ ഇരുന്ന് ഓടിച്ചുനോക്കി. പെട്ടെന്ന് കണ്ണ് പോയത് ഇവിടെ സൊല്യൂഷൻ എന്താണ് പറഞ്ഞിരിക്കുന്നത് എന്നുള്ളതിലേക്കാണ്. ധവളപത്രം എളുപ്പമാണ്. പക്ഷെ, അത് റെഡ് ടാപ്പിൽ പൊതിഞ്ഞുവരുമ്പോൾ എല്ലാം ശരിയാക്കുന്നത് ധനകാര്യമന്ത്രിക്ക് അത്ര എളുപ്പമാവും. കാരണം പറഞ്ഞിരിക്കുന്ന സൊല്യൂഷൻ എന്നുപറയുന്നത് ചെലവു ചുരുക്കൽ, വരുമാനം വർദ്ധിപ്പിക്കാൻ നികുതി കൂട്ടൽ എന്നിങ്ങനെയാണ്. ചെലവ് ചുരുക്കൽ, നോൺ-പ്ലാൻ എക്സ്പെൻഡിച്ചറിൽ വരുന്ന ചെലവുകൾ വെട്ടിച്ചുരുക്കി, ഇവിടെ പറഞ്ഞിട്ടുണ്ട്. സാലറീസൊന്നുമല്ല, സാലറീസ് ഇനിയിപ്പോൾ വെട്ടിച്ചുരുക്കേണ്ട, വലിയ പരിഷ്ക്കാരങ്ങളൊന്നും ആവശ്യമില്ലാത്തവയാണ്. ഇഷ്ടംപോലെ എല്ലാം പരിഷ്ക്കരിച്ച് ഉദ്യോഗസ്ഥർക്ക് അതുപോലുള്ള എല്ലാ സാലറികളും വർദ്ധിപ്പിച്ചുകൊടുത്തു പോയതാണ്. അപ്പോൾ അത് അത്ര എളുപ്പമാവില്ല. ഞാനിപ്പോൾ ഒരു കുറച്ച് സമയമേ ആയിട്ടുള്ളൂ എന്നുള്ളതുകൊണ്ട് ഈ ഗവൺമെന്റിനെ രൂക്ഷമായി, പൊളിറ്റിക്കലായി വിമർശിക്കുന്നില്ല. പക്ഷെ, ഒരു സ്റ്റാർട്ടിംഗ് പ്രോബ്ളം എന്താണെന്നുവച്ചാൽ

കഴിഞ്ഞ ഗവൺമെന്റിന്റെ കാര്യങ്ങളൊന്നും നമ്മൾ അംഗീകരിക്കേണ്ട, അല്ലെങ്കിൽ അംഗീകരിക്കാനുള്ള ആ പിശുക്ക് ഉണ്ടാക്കുന്ന നഷ്ടം നിങ്ങൾക്കായിരിക്കും. കഴിഞ്ഞ ഗവൺമെന്റ് വികസന കാര്യങ്ങളിൽ മോശമാണെന്ന് ആരും പറയില്ല. ഇവിടെയുണ്ടായ ആ നല്ല അടിത്തറയിലൂടെയാണ് ഈ പുതിയ ഗവൺമെന്റ് തുടങ്ങിയത്. നാഷണൽ ഹൈവേയുടെ കാര്യം പറഞ്ഞു. നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ചെയ്യാനുള്ള ഒരു സമീപനം എടുക്കുന്നു. അതിന് എല്ലാവരുടെയും സഹകരണം വേണം എന്നുപറഞ്ഞാൽ പോസിറ്റീവാണ്. മുല്ലപ്പെരിയാറിന്റെ കാര്യം വന്നപ്പോൾ സംസ്ഥാനത്തിന്റെ താല്പര്യം വേണം അതേ അവസരത്തിൽ മറ്റൊരു സംസ്ഥാനത്തുള്ള നമ്മുടെ മലയാളികളുടെ പ്രശ്നങ്ങളും ബാക്കിയുള്ള കാര്യങ്ങളെയുംപ്പറ്റി വിശാലമായ ഒരു ചർച്ച നടത്താമെന്ന് പറഞ്ഞു. അതുപോലുള്ള കാര്യങ്ങൾ പറയാം. കഴിഞ്ഞ ഗവൺമെന്റിന്റെ പഴയ മുഖ്യമന്ത്രി ഇവിടെയിരിക്കുന്നു. ഇലക്ഷനിൽ തോറ്റു എന്നു വിചാരിച്ച് ഉള്ള കാര്യങ്ങളൊന്നും ഇല്ലാതാകുന്നില്ല. ഈ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുകാലത്തും ഇല്ലാത്ത വിധം മാറിയില്ലേ; നല്ല റോഡുകൾ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റിയില്ലേ; എയർപോർട്ടുകൾ മോശമാണോ; പോർട്ടുകൾ, മെട്രോ ഇതൊക്കെ നമുക്ക് വേണ്ടാത്ത കാര്യങ്ങളാണോ? ഈ അടിത്തറയിൽ നിന്ന് നിങ്ങൾ അടുത്ത

ഘട്ടത്തിലേയ്ക്ക് പോകണം. അതാണ് വേണ്ടത്. അല്ലാതെ ഒന്നും ഉണ്ടായില്ല അഴിച്ചു പണിയാമെന്ന് ധരിക്കരുത്. അഴിച്ചു പണിയാണ് എല്ലാം ശരിയാക്കൽ എന്നുണ്ടെങ്കിൽ കഴിയും. ഏതാണ്ട് അറിയാത്തവൻ റേഡിയോ നന്നാക്കിയ കഥ പോലെയാകും. റേഡിയോയിലെ എല്ലാ വയറുകളും അഴിച്ചു പുറത്തിട്ട് ഇനി ഇതൊക്കെ ശരിയാക്കുന്നത് എങ്ങനെയെന്ന് ആലോചിച്ച ഒരു കഥയുണ്ട് എന്നതുപോലെയായി തീരും. അഴിച്ചു പണിത് എല്ലാം ശരിയാക്കാനാണ് പോകുന്നതെങ്കിൽ നിങ്ങളുടെ മുദ്രാവാക്യം പാളും. നേരെ മറിച്ച് ഞങ്ങൾ ചെയ്ത നല്ല അടിത്തറയിൽ അടിസ്ഥാന സൗകര്യ വികസനത്തിലും ഡെവലപ്പ്മെന്റിലും സംസ്ഥാനത്ത് വന്നിട്ടുള്ള വമ്പിച്ച മാറ്റങ്ങൾ, വളരെ സ്പീഡിൽ ചെയ്തിട്ടുള്ള കാര്യങ്ങൾ നിങ്ങൾ കാണണം. അവിടെനിന്നും ബിൽഡ് ചെയ്യാൻ നോക്കണം. മെഡിക്കൽ കോളേജുകൾ വലിയൊരു അസറ്റ് അല്ലേ? നമ്മുടെ സംസ്ഥാനത്ത് മെഡിക്കൽ ടൂറിസം, ഐ. ടി. എന്നീ രംഗങ്ങളിലാണ് ഏറ്റവും കൂടുതൽ ഇൻവെസ്റ്റുമെന്റ് വരാൻ സാധ്യതയുള്ളത്. ഐ. ടി രംഗത്തുണ്ടായിട്ടുള്ള ഇൻഫ്രാസ്ട്രക്ച്ചറും നേട്ടവും ചെറുതാണോ? ഈ സ്റ്റേറ്റ് ഡിജിറ്റലായി. ഒരു സംസ്ഥാനം ഇന്ത്യാ രാജ്യത്തിനുതന്നെ അഭിമാനകരമായ രീതിയിൽ ഡിജിറ്റൽ ആയത് നമ്മൾ കാണാതിരിക്കരുത്. ഒരു സ്റ്റേറ്റ് ഡിജിറ്റലാകുക എന്നുപറഞ്ഞാൽ

അതിന്റെ അർത്ഥം കമ്മ്യൂണിക്കേഷനിൽ ഡെവലപ്പ്ഡ് സ്റ്റാറ്റസിലേയ്ക്കുള്ള ആദ്യ കാൽവയ്പ്പാണത്. വിദ്യാഭ്യാസം, ഹെൽത്ത്, അതുപോലെ തന്നെ എല്ലാ രംഗങ്ങളിലും ഇ- ടെണ്ടർ ട്രാൻസ്പാരൻസി. എന്തുതന്നെ പറഞ്ഞാലും ശരി ഒട്ടു മിക്ക ചെറുതും വലുതുമായി ടെണ്ടറുകൾ ഇ-ടെണ്ടറുകളായി മാറിയ സമയമാണിത്. ഡിജിറ്റൽ ആയതിന്റെ ഒരുപാട് ഉദാഹരണങ്ങൾ നമുക്ക് പറയാൻ സാധിക്കും. ഒരു സ്റ്റേറ്റ് ഡിജിറ്റൽ ആകുകയെന്നു പറഞ്ഞാൽ ഡെവലപ്പ്ഡ് സ്റ്റാറ്റസിലേയ്ക്കുള്ള ആദ്യത്തെ കാൽവയ്പ്പാണിത്. ലോകത്ത് വികസിത രാജ്യങ്ങളൊക്കെ ഡിജിറ്റൽ സൊസൈറ്റിയായി മാറി കഴിഞ്ഞു. ആ ഒരു സ്ഥിതിയിലേയ്ക്ക് വരാൻ കഴിഞ്ഞ ഇന്ത്യയിലെ ആദ്യത്തെ സ്റ്റേറ്റ് എന്ന് രാഷ്ട്രപതി ഇവിടെ വന്നു പ്രഖ്യാപിച്ചു. ആ രംഗത്തുണ്ടായ നേട്ടങ്ങൾ കാണേണ്ടതാണ്. അതിന്റെ അടുത്ത ഘട്ടങ്ങളിലേയ്ക്ക് കൊണ്ടു പോകാം. ഞാൻ കൊണ്ടുപോകുന്നില്ലായെന്ന് വിമർശിക്കുകയല്ല. പക്ഷെ സമീപനം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഐ. ടി രംഗത്തുണ്ടായ അടിസ്ഥാന സൗകര്യം. അടിസ്ഥാന സൗകര്യം എന്നുള്ളത് ടെക്നോപാർക്കുകൾ, ഇൻഫോ പാർക്കുകൾ അതുപോലെയുള്ളവ ഗവൺമെന്റ് ചെലവിൽ ഇങ്ങനെ ഉണ്ടാക്കാൻ തുടങ്ങിയപ്പോൾ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പറയുന്ന പണമില്ല. പണമില്ല സ്ഥിതി വളരെ മോശമാണ്. എത്ര പാർക്കുകൾ നമ്മൾ ഉണ്ടാക്കും? അപ്പോൾ സ്വകാര്യ

നിക്ഷേപം വേണ്ടിവരും. തമിഴ്നാട്ടും കർണ്ണാടകവും സ്വകാര്യ നിക്ഷേപത്തിനുവേണ്ടി അതിശീഘ്രം പോയി അവർ ഐ.ടി. എക്സ്പോർട്ടിൽ ലോകത്ത് എവിടെയോ എത്തി. അവരുടെ പ്രധാന വരുമാനമെന്ന് പറയുന്നത് ഐ.ടി എക്പോർട്ടുകളാണ്. അവിടെ വീണ്ടും ഇടതുപക്ഷ ഗവൺമെന്റ് കഴിഞ്ഞ ഗവൺമെന്റ് ചെയ്ത സ്റ്റെപ്സ് തെറ്റാണെന്ന് പറഞ്ഞ് അറച്ചു നിന്നാൽ വീണ്ടും ബസുകൾ മിസ്സായിക്കൊണ്ടിരിക്കും. ഒരുപാട് ബസുകൾ പണ്ടൊക്കെ മിസ്സായിട്ടുണ്ട്. സ്മാർട്ട് സിറ്റിയ്ക്ക് വന്ന ഗ്യാപ്പ് നമുക്കറിയാം. സ്മാർട്ട് സിറ്റി സംബന്ധിച്ച് ചോദ്യോത്തരവേളയിൽ ചർച്ച വന്നു. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ അക്കാര്യങ്ങൾ പറഞ്ഞു. ഒരു ഘട്ടം എത്തി. അവിടെ വലിയ വലിയ കമ്പനികളാണ് പണിതുകൊണ്ടിരിക്കുന്നത്. ടെക്നോപാർക്ക് ക്യാമ്പസിൽ എത്ര ജോലിക്കാരാണുള്ളത്; ഇവിടെ എനിക്കുമുൻപ് സംസാരിച്ച ശ്രീ. മുഹമ്മദ് മുഹ്സിൻ പറഞ്ഞു ചെറുപ്പക്കാർക്ക് ജോലി. ഗവൺമെന്റിന് കൊടുക്കാൻ സാധിക്കുമോ? ഗവൺമെന്റിന് അങ്ങനെ കൊടുക്കാൻ സാധിക്കുകയില്ല. ധവളപത്രത്തിൽ പറഞ്ഞിരിക്കുന്നത് എസ്.ഐ.പി., ചെലവ് ചുരുക്കാൻ പറഞ്ഞിരിക്കുന്നതിൽ ഒന്ന്, പോസ്റ്റ് കട്ട് ചെയ്യൽ ആയിരിക്കും. ഊഹിക്കാവുന്നതേയുള്ളൂ. നമ്മുടെ മുൻപിൽ പലപ്രാവശ്യം വന്നതാണ്. ഈ ജാതി unpopular decisions ഒക്കെ ഇപ്പോൾ തുടക്കത്തിൽ തന്നെ എടുക്കുന്നത്

നല്ലാതാണെന്ന തോന്നൽ ധവളപത്രത്തിൽ ഉണ്ട് എന്ന്  ഒറ്റ വാചകത്തിൽ വായിച്ച നോക്കുമ്പോൾ കാണുന്നുണ്ട്. ഒരു unpopular decision ഉണ്ടാകും.  ബഡ്ജറ്റിന്റെ സൂചനയാണെന്ന് ഞാൻ പറയുന്നില്ല.  പക്ഷെ എന്തുതന്നെയാണെങ്കിലും ശരി അത്തരത്തിലുള്ള നടപടികളിലേയ്ക്ക് പോകുമ്പോൾ ചെറുപ്പക്കാർക്ക് ജോലി നൽകാൻ വേണ്ട അനവധി അടിസ്ഥാന സൗകര്യ വികസനം സാധ്യതയുള്ള ഐ. ടി. രംഗത്ത് ഒന്നും ഉണ്ടാക്കാൻ സർക്കാരിന്റെ പണം ഉപയോഗിച്ച് സാധിച്ചുവെന്ന് വരികയില്ല. പ്രൈവറ്റ് ഐ.ടി. പാർക്ക് ഉണ്ടാക്കുകയെന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ പോളിസിയായിരുന്നു.  അതിന് യാതൊരുവിധ സാങ്ഷനോ നടപടിയോ ഇല്ലായെന്നു പറഞ്ഞാൽ വലിയ പ്രശ്നമാകും.  ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇരിപ്പുണ്ട്.  ഈ സംസ്ഥാനത്ത് സാമൂഹ്യനീതി രംഗത്ത് സാധാരണക്കാർക്ക് കിട്ടിയ ഗുണം എന്തിനാണ് കുറച്ചു കാണുന്നത്.  അതൊക്കെ തുടരും എന്നു പറഞ്ഞാൽ പോരെ?  അതാണ് എനിക്ക് പറയാനുള്ളത്.  ഇവിടെ മൊത്തത്തിൽ പറഞ്ഞാൽ സ്റ്റേറ്റിന്റെ ഡെവലപ്പ്മെന്റിന് തുടക്കത്തിൽ തന്നെ ഈ ഗവൺമെന്റിന്റെ സമീപനം മാറണം എന്നാണ് എനിക്ക് കാര്യമായിട്ട് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്. സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

ലാഭത്തിലാക്കാൻ വേണ്ട മാജിക്കൊന്നും ആരുടെ കയ്യിലും ഇല്ല. പണം കൊടുക്കുകയാണ് പതിവ്. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഇന്നലെ സബ്മിഷന് മറുപടിയായി ടെക്സ്റ്റയിൽസ് മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞു. അവിടെ കഴിഞ്ഞ അഞ്ചു കൊല്ലം ഗവൺമെന്റ് വലിയ തുകയാണ് കൊടുത്തത്. പണം പമ്പ് ചെയ്തു കൊടുത്തുകൊണ്ടിരിക്കേണ്ടിയിരിക്കണം. കാരണം ടെക്സ്റ്റയിൽ രംഗത്ത് recession ഉണ്ട്. ഇന്ത്യയിൽ മുഴുവൻ പ്രതിസന്ധിയാണ്. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്താൻ നമുക്ക് ധാരാളമായി ഫണ്ടുകൾ കൊടുക്കേണ്ടി വരും. ഇതിനൊക്കെ ഫണ്ട് ഉണ്ടാകുകയില്ല. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് എടുത്ത ഇത്തരത്തിലുള്ള പോളിസികൾ വളരെ പ്രധാനമാണ്. എല്ലാത്തിനെയും തള്ളിപ്പറഞ്ഞുകൊണ്ടുള്ള നിങ്ങളുടെ സമീപനം, എല്ലാം അഴിച്ചു പണിയാം എന്നിട്ട് ശരിയാക്കാം എന്നുള്ള സമീപനമാണെങ്കിൽ പിന്നെയും പ്രശ്നങ്ങൾ ഉണ്ടാകും. നമ്മുടെ പ്രധാനപ്പെട്ട റോഡുകൾക്ക് ഒരു മലേഷ്യൻ കമ്പനി വന്നു, അതൊന്നും വേണ്ടായെന്നു വച്ചു. രണ്ടരക്കൊല്ലം കഴിഞ്ഞാണ് അവസാനം കമ്പനിയും പോയി കമ്പനിയുടെ ആൾ ആത്മഹത്യ ചെയ്യുകയും ചെയ്തു. കെ. എസ്.ടി.പി. റോഡ് അതുപോലെയുള്ള പോളിസികൾ, സമീപനങ്ങൾ തുടക്കത്തിൽ തന്നെ എടുക്കുന്നത് നല്ലതല്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ

തെരഞ്ഞെടുപ്പ് കഴിഞ്ഞ് വന്നതാണ്. അതുകൊണ്ട് പൊളിറ്റിക്കലായ കാര്യം പറയുമ്പോൾ എൽ.ഡി.എഫ്- ന് അനുകൂലമായ രാഷ്ട്രീയ അവസ്ഥയിലും മത്സരിച്ചതിൽ ബഹുഭൂരിപക്ഷം സീറ്റും ജയിച്ചുവന്ന ഒരു പാർട്ടിയാണ് എന്റെ പാർട്ടി. എൽ.ഡി.എഫ്- ന് അനുകൂലമായി ഉണ്ടായ ട്രെൻഡിനിടയിലും ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം ജയിച്ചതുപോലെ 18 സീറ്റിലും ഇത്തവണ ജയിച്ചുവന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. കാരണം കറകളഞ്ഞ മതേതര സ്റ്റാൻഡ് എടുത്തതിനുകിട്ടിയ അംഗീകാരമാണ്. യാതൊരു കലർപ്പും ഇല്ലാത്ത സ്റ്റാൻഡിന് അംഗീകാരത്തിന് കിട്ടിയതാണ്. ഇത്തവണ അക്കാര്യത്തിൽ തീവ്രവാദ മത യാഥാസ്ഥിതിക സ്റ്റാൻഡ് എടുക്കുന്ന ആളുകളൊക്കെ ഞങ്ങളെ എതിർത്തു. ആ എതിർപ്പിനെ മറികടന്നുക്കൊണ്ടാണ്.... ബി.ജെ.പി. യെ എതിർത്ത കാര്യം പറയുമ്പോൾ, നിങ്ങൾ മറച്ചു വയ്ക്കുന്ന ഒരു കാര്യം ഉണ്ട്. ആ കാര്യം എന്താണെന്നുവച്ചാൽ ബി.ജെ.പി. യുമായി നേരിട്ട് ഏറ്റുമുട്ടിയത് ഇവിടെ യു.ഡി.എഫ്. ആണ്. മഞ്ചേശ്വരത്ത് എൽ.ഡി.എഫ്-ന് മൂന്നാം സ്ഥാനമല്ലേ ഉള്ളത്? ഞങ്ങളാണ് മനോഹരമായ 80 വോട്ടും വാങ്ങി കടന്നത്, അവിടെ എൽ.ഡി.എഫ്-ന് മൂന്നാം സ്ഥാനം. പാലക്കാട്ടും കാസർഗോഡും തിരുവനന്തപുരത്തും അതെ. എൽ.ഡി.എഫ്-ന് മൂന്നാം സ്ഥാനമാണ്. ബി.ജെ.പി.യുടെ സംസ്ഥാന പ്രസിഡന്റിനെ തോൽപ്പിച്ച്

അന്തസ്സായി തലയുയർത്തി അഭിമാനപൂർവ്വം ഇരിക്കുകയല്ലേ ശ്രീ. കെ. മുരളീധരൻ ഇവിടെ. ശ്രീ. ഒ. രാജഗോപാൽ പിണങ്ങരുത്. അല്ലെങ്കിൽ അവിടെ ശ്രീ. കുമ്മനം രാജശേഖരൻ ഇരുന്നേനെ. രാഷ്ട്രീയമായ വിരോധം ആരോടും ഇല്ല. രാഷ്ട്രീയമായ വ്യത്യസ്ത സമീപനം ഉണ്ടാകാം. പക്ഷെ നേരിട്ട് ഏറ്റുമുട്ടുകയും ബി. ജെ.പി. യെ തോൽപ്പിക്കുകയും ചെയ്തത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശകലനം ചെയ്തു നോക്കുമ്പോൾ യു.ഡി.എഫ്- ആണ്. അല്ലാതെ എൽ.ഡി.എഫ്. അല്ല. എല്ലാ മത തീവ്രവാദ യാഥാസ്ഥിതിക സമീപനമെടുക്കുന്ന ആളുകളെയും വർഗ്ഗീയ വിഭാഗീയ ഫാസിസ്റ്റ് സമീപനങ്ങളെയും എതിർത്ത്, നല്ല പുരോഗമന സമീപനം എടുത്തിട്ടാണ് ഉള്ള 18 സീറ്റും നേടി അഭിമാനത്തോടുകൂടി ഇവിടെ വന്നിരുന്നത് എന്നുള്ളത് ഞാൻ ഇക്കൂട്ടത്തിൽ പറഞ്ഞതാണ്. അതുപോലെ തന്നെ കോൺഗ്രസാണ് യു.ഡി.എഫ്. ആണ് ബി.ജെ.പി. യുമായി ദേശീയ തലത്തിലും ഇവിടെയും രാഷ്ട്രീയമായി ഫൈറ്റ് ചെയ്യുന്നത് എന്നു ചൂണ്ടികാണിച്ചുവെന്നേയുള്ളൂ. ഇപ്പോൾ ഇത്രയേ പറയുന്നുള്ളൂ. അല്ലാതെ വല്ലാതെ വിമർശിക്കുന്നില്ല. സമീപനം മാറണമെന്നുള്ള വിമർശനത്തോടുകൂടി ഞാൻ ഇതിനെ എതിർക്കുന്നു.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ

പിൻതാങ്ങുകയാണ്. യു.ഡി.എഫ് സർക്കാർ തകർത്ത സാമ്പത്തിക അടിത്തറയെ കെട്ടിപ്പടുക്കാനാണ് എൽ.ഡി.എഫ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. സാർവ്വത്രിക മേഖലയേയും തകർത്ത ഒരു ഭരണമായിരുന്നു അഞ്ചുകൊല്ലം കേരളത്തിലുണ്ടായിരുന്നത്. എൽ.ഡി.എഫ് സർക്കാർ 2011-ൽ അധികാരത്തിൽനിന്ന് ഒഴിയുമ്പോൾ 3000 കോടി രൂപ ഖജനാവിൽ മിച്ചം വച്ചിട്ടാണ് ഇറങ്ങിപ്പോയത്. എന്നാൽ ഇന്ന് കാലിയായ ഖജനാവാണുള്ളത്. കരാറുകാർക്ക് കോടിക്കണക്കിന് രൂപയുടെ കുടിശ്ശികയുണ്ട്. ക്ഷേമപെൻഷനുകളെല്ലാം കുടിശ്ശികയാക്കി വച്ചിരിക്കുകയാണ്. വികസന മുരടിപ്പും അഴിമതിയുമാണ് കഴിഞ്ഞ ഗവൺമെന്റ് സമ്മാനിച്ചിട്ടുള്ളത്. 1,54,000 കോടി രൂപ കടമെടുത്ത് നോൺ പ്ലാൻ എക്സ്പെന്റിച്ചർ വർദ്ധിപ്പിച്ച് സംസ്ഥാനത്തെ കടക്കെണിയിൽ എത്തിച്ചതാണ് യു.ഡി.എഫ് കേരളത്തോട് ചെയ്ത ഏറ്റവും വലിയ തെറ്റ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ധനനയം പ്രഖ്യാപിച്ചിരിക്കുന്നുവെന്നതാണ് നയപ്രഖ്യാപനത്തിലെ ഏറ്റവും പ്രധാനഭാഗം. പ്ലാൻ ചെലവും മൂലധന ചെലവും വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം മെച്ചപ്പെടുത്തുന്നതിനുവേണ്ട സാമ്പത്തിക നയമാണ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. ഒരു ധവളപത്രം തന്നെ സഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ജനങ്ങളെ കൂടുതൽ ചൂഷണം ചെയ്യാതെ

റവന്യൂ വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി തീർക്കുവാൻ ശ്രമിക്കുന്ന സമീപനം വളരെ സ്വാഗതാർഹമായിട്ടുള്ളതാണ്.

വിദ്യാഭ്യാസമേഖലയിൽ മൗലികമായതും അടിസ്ഥാനപരമായതുമായ മാറ്റത്തിന്റെ നയമാണ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണത്തിൽനിന്നും വർഗ്ഗീയവൽക്കരണത്തിൽനിന്നും രക്ഷിക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ മലാപറമ്പ് സ്കൂളടക്കം നാല് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തത് പൊതുവിദ്യാഭ്യാസത്തിന്റെ സംരക്ഷണമാണ് കാണിച്ചിട്ടുള്ളത്. ഇതോടെ അൺ എക്കണോമിക് എന്ന പദത്തിന് കേരള വിദ്യാഭ്യാസരംഗത്ത് സ്ഥാനമില്ലായെന്നത് വ്യക്തമാക്കിയിരിക്കുകയാണ്. തുടർന്ന് കേരളത്തിലെ എല്ലാ സ്കൂളുകളും ഹൈടെക് ആക്കി മാറ്റുന്നവന്ന പ്രഖ്യാപനവും നാം കേട്ടു. എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകൾ ഹൈടെക് ആക്കുന്നു. വിദ്യാഭ്യാസരംഗത്ത് ഒരു വിപ്ലവം നടക്കുകയാണ്. കൃഷി പാഠ്യവിഷയമാക്കാൻ തീരുമാനിച്ചത് അഭിനന്ദനാർഹമായ കാര്യമാണ്.

കാർഷികരംഗത്തും വലിയ മാറ്റങ്ങളാണ് ഈ നയപ്രഖ്യാപനത്തിലുള്ളത്. കാർഷികരംഗത്ത് യു.ഡി.എഫ് സംഭാവന ചെയ്തത് കർഷക ആത്മഹത്യയാണ്. എന്നാൽ കർഷകർക്ക് ആത്മവിശ്വാസമുണ്ടാക്കുന്ന നയമാണ് ഈ

നയപ്രഖ്യാപനത്തിലുള്ളത്.

പൊതുവിതരണ സമ്പ്രദായം യു.ഡി.എഫ് ഭരണകാലത്ത് ദുർബലമാക്കി അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റിയത് നമ്മൾ കണ്ടതാണ്. പൊതുവിതരണ സമ്പ്രദായം ശക്തമാക്കി, വിലക്കയറ്റത്തിൽ നിന്നും ജനങ്ങൾക്ക് ആശ്വാസം കിട്ടാനുള്ള നടപടികളാണ് ഇപ്പോഴുള്ള നയപ്രഖ്യാപനപ്രസംഗത്തിലുള്ളത്. അഴിമതി അതിവേഗം വളർന്ന്, സ്വജനപക്ഷപാതവും അമിതാധികാരപ്രവണതയും കാരണം ജനങ്ങൾ യു.ഡി.എഫിൽ നിന്ന് അകന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഹൈക്കമാന്റിനയച്ച കത്തിന്റെ രൂപം പത്രത്തിൽ വന്നതാണ്. അവർ തന്നെ സമ്മതിച്ചിട്ടുള്ള കാര്യമാണ്. അഴിമതിയും സ്വജനപക്ഷപാതവും അമിതാധികാര പ്രവണതയുമുണ്ടായിരുന്നുവെന്നുള്ളത് പത്രങ്ങളിലെല്ലാം വന്ന വാർത്തകളാണ്. വാഗ്ദാനങ്ങളൊന്നും നിറവേറ്റാൻ കഴിഞ്ഞില്ല. ജനങ്ങൾ ഇത് തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് ജനങ്ങൾ അവർക്ക് വീണ്ടും അവസരം നൽകാതിരുന്നത്.

റബ്ബർ, തേങ്ങ, കശുവണ്ടി, ഏലം, തേയില തുടങ്ങിയ കാർഷികോല്പന്നങ്ങൾക്കും വിലത്തകർച്ചയുണ്ടായി. അവരെ സഹായിക്കാനുള്ള ഒരു നടപടിയും യു.ഡി.എഫ് സർക്കാരിൽനിന്നുണ്ടായില്ല. ക്ഷേമ പെൻഷനുകളെല്ലാം

മുടക്കി. എൽ.ഡി.എഫ് സർക്കാർ ഇതിനുമുമ്പ് ഭരിച്ചപ്പോൾ പെൻഷനുകളെല്ലാം വർദ്ധിപ്പിച്ച് കുടിശ്ശിക തീർത്തുകൊടുത്തതാണ്. എന്നാൽ യു.ഡി.എഫ് വന്നു പെൻഷനുകൾ കുടിശ്ശികയാക്കി എന്നുമാത്രമല്ല നേരിട്ട് വീടുകളിൽ ലഭിച്ചുകൊണ്ടിരുന്ന പെൻഷനും കിട്ടാതാക്കി. പെൻഷൻ വാങ്ങുന്ന കിടപ്പ് രോഗികളെയടക്കം കഷ്ടപ്പെടുത്തുന്ന അവസ്ഥയാണ് ഉണ്ടായത്. പെൻഷൻ വാങ്ങുന്നതിനായി പഞ്ചായത്തിൽ ചെല്ലുമ്പോൾ ബാങ്കിൽ ചെല്ലാൻ പറയും, ബാങ്കിൽ ചെല്ലുമ്പോൾ പോസ്റ്റാഫീസിൽ ചെല്ലാൻ പറയും, അങ്ങനെ ജനങ്ങളെ നട്ടംതിരിയിക്കുന്ന അവസ്ഥയായിരുന്നു. ഇപ്പോൾ എൽ.ഡി.എഫ് സർക്കാർ എല്ലാ പെൻഷനും ആയിരം രൂപയാക്കി വർദ്ധിപ്പിച്ച്, അത് വീടുകളിലെത്തിച്ചുകൊടുക്കാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

ഇവിടെ യു.ഡി.എഫ് സർക്കാർ ഭൂമി കൊടുത്ത കാര്യം പറയുകയുണ്ടായി. തൃശ്ശൂർ ജില്ലയിൽ ഭൂരഹിതരായ ആർക്കും ഭൂമികൊടുത്തതായി എനിക്കറിയില്ല. ഭൂരഹിതരായ ആളുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെയെല്ലാവരും അപേക്ഷ കൊടുത്തു. അപേക്ഷകരെ വിളിച്ചുവരുത്തി, കാസർഗോഡ് ഭൂമി അനുവദിച്ചിട്ടുണ്ടെന്ന് പറഞ്ഞ് കളിയാക്കി വിടുകയാണുണ്ടായിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ യു.ഡി.എഫ് സർക്കാർ പട്ടയം

കൊടുത്തതിനെ സംബന്ധിച്ചും ഇവിടെ അവകാശവാദമുന്നയിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം ഒരൊറ്റ മലയോരപട്ടയം പോലും കൊടുത്തിട്ടില്ല. അതുപോലെ റോഡ്, തോട്, പുഴ, കനാൽ, മേച്ചിൽപ്പുറം, പാറ എന്നിവയുടെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ തുടങ്ങിയവയെല്ലാമുണ്ടെങ്കിലും പട്ടയം കൊടുക്കാൻ നടപടി സ്വീകരിച്ചില്ല, അതിനൊരു ഏകോപനവുമുണ്ടാക്കിയില്ല. ഇതുസംബന്ധിച്ച് അഞ്ച് വർഷം ഞാനിവിടെ സബ്മിഷനും ശ്രദ്ധക്ഷണിക്കലുമൊക്കെ ഉന്നയിച്ചതാണ്. തൃശ്ശൂർ ജില്ലയിൽ ഏതാണ്ട് 25000 പേർക്ക് മലയോരപട്ടയവും വിവിധ പുറമ്പോക്കുകളുമായി ബന്ധപ്പെട്ട പട്ടയവും കിട്ടാനുണ്ട്. അവർക്ക് പട്ടയം കൊടുത്താൽ തന്നെ ഭൂമിയുടെ പ്രശ്നം കുറെയൊക്കെ പരിഹരിക്കാൻ കഴിയും. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് കിട്ടേണ്ട വെള്ളം പോലും വാങ്ങിയെടുക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല. അതിന്റെ ഭാഗമായി ഷോളയാർ-പെരിങ്ങൽക്കുത്ത് വൈദ്യുതി ഉല്പാദനത്തെയും ജലസേചനത്തെയും കുടിവെള്ളത്തെയും ബാധിച്ച അനുഭവം നമുക്കുണ്ടായതാണ്. നമ്മുടെ പുതിയ ഗവൺമെന്റിന്റെ മുഖ്യമന്ത്രി നടത്തിയ പ്രസ്താവനകൾ ജനങ്ങൾ

വളരെ താല്പര്യപൂർവ്വമാണ് നോക്കിക്കാണുന്നത്. ഈ സർക്കാർ ജനങ്ങളുടെ സർക്കാരാണെന്നും ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യനീതി ഉറപ്പാക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. അഴിമതിവിമുക്തവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ്. ഇതിന്റെ ഭാഗമായാണ് സെക്രട്ടേറിയറ്റ് ജീവിനക്കാരെ അഭിസംബോധന ചെയ്തപ്പോൾ ഓരോ ഫയലും ഓരോ ജീവിതമാണ്, നാടിന്റെ പ്രശ്നങ്ങളാണ്, അത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും ഫയലുകൾ തീർപ്പ് കൽപ്പിക്കണമെന്നും അദ്ദേഹം പ്രഖ്യാപിച്ചത്. കേരളത്തിലെ ജനങ്ങൾ വളരെ ആവേശപൂർവ്വമാണ് അതിനെ നോക്കിക്കണ്ടത്. വിവിധ ആവശ്യങ്ങൾക്കുവേണ്ടി ജനങ്ങൾ സർക്കാർ ആഫീസുകളിൽ വരുമ്പോൾ അവരെ നടത്തി കഷ്ടപ്പെടുത്തുന്ന അവസ്ഥ മാറേണ്ടതുണ്ട്. കാര്യങ്ങൾ എളുപ്പത്തിൽ നടത്തിക്കൊടുക്കുക എന്നുള്ളതാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്.

പട്ടികജാതി വിഭാഗങ്ങൾക്ക് നേരെ നടന്ന മർദ്ധനങ്ങളെപ്പറ്റി പ്രതിപക്ഷത്ത് നിന്ന് ആക്ഷേപങ്ങളുണ്ടായി. അതിനെപ്പറ്റി എനിക്ക് പറയാനുള്ളത് എന്റെ മണ്ഡലത്തിൽ കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നേരെ നടന്ന അതിക്രമങ്ങളെ സംബന്ധിച്ചാണ്. ഞാൻ അതിനെ സംബന്ധിച്ച് ഈ സഭയിൽ അടിയന്തരപ്രമേയവും

സബ്മിഷനമൊക്കെ ഉന്നയിച്ചിട്ടുള്ളതാണ്. എന്റെ മണ്ഡലത്തിൽ പാറു എന്ന 65 വയസ്സുള്ള ആദിവാസി സഹോദരിയുടെ വീട്ടിൽ വച്ചിരുന്ന രൂപ നഷ്ടമായെന്ന് പറഞ്ഞ് പരാതി കൊടുക്കാൻ മലക്കപ്പാറ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ, കാൽ കെട്ടിയിട്ട് അവരെ ക്രൂരമായി മർദ്ധിക്കുകയാണ് പോലീസ് ചെയ്തത്. ഈ വിഷയം ഞാൻ സഭയിൽ അടിയന്തരപ്രമേയമായി ഉന്നയിച്ചിട്ടുള്ളതാണ്. അതുപോലെ മണികണ്ഠൻ എന്ന എസ്.സി വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരൻ ഇരിങ്ങാലക്കുട സബ് ജയിലിൽ വച്ച് ക്രൂരമായ മർദ്ധനത്തിന് വിധേയമാകുകയും മൂത്രം സ്തംഭിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്ത കാര്യം ഞാൻ സബ്മിഷനായി ഉന്നയിച്ചിട്ടുള്ളതാണ്. അതുപോലെ ആദിവാസിയായ ഭാഗ്യരാജിനെ റെയ്ഞ്ചർ ക്രൂരമായി മർദ്ധിച്ച സംഭവവും ഉണ്ടായിട്ടുള്ളതാണ്. ഒരു തെറ്റും ചെയ്യാത്ത അരുൺ എന്ന പട്ടികജാതിക്കാരനായ ചെറുപ്പക്കാരനെ, സംശയത്തിന്റെ പേരിൽ അന്ന് ചാലക്കുടി DySP ഓഫീസിൽ കൊണ്ടുപോയി ക്രൂരമായി മർദ്ധിച്ച സംഭവവും ഉണ്ടായിട്ടുണ്ട്. പാറു, മണികണ്ഠൻ, ഭാഗ്യരാജ്, അരുൺ തുടങ്ങിയവർക്ക് നേരെ ക്രൂരമായ മർദ്ധനങ്ങളാണ് യു.ഡി.എഫ് ഭരണകാലത്തുണ്ടായിട്ടുള്ളത്. കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ അപ്പുറത്തുള്ള ഒരു മെമ്പർ പറഞ്ഞു കർഷകത്തൊഴിലാളി പെൻഷൻ കൊണ്ടുവന്നതും

പട്ടികജാതിക്കാരെ സഹായിച്ചിട്ടുള്ളതുമൊക്കെ യു.ഡി.എഫ് കാരാണെന്ന്. ഒരു പഴയ ചരിത്രമുണ്ട്. 'തമ്പ്രാനെന്നു വിളിപ്പിക്കും പാളേ കഞ്ഞി കുടിപ്പിക്കും' എന്നു പറഞ്ഞതാരാണ്? 'തമ്പ്രാനെന്നു വിളിക്കില്ല പാളേ കഞ്ഞി കുടിക്കില്ല' എന്ന് കർഷകത്തൊഴിലാളികളോടും പാവപ്പെട്ടവരോടും പറഞ്ഞ് അവർക്ക് രക്ഷാബോധം പകർന്നതാരാണെന്ന് ഓർക്കേണ്ടതുണ്ട്. ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഒരു മാസം മാത്രം പ്രായമായ സർക്കാരിനെ പ്രതിക്കൂട്ടിലാക്കുന്നത് ശരിയാണോ എന്ന് ഇന്ന് ചർച്ച തുടങ്ങിവച്ച ശ്രീ. എം. എം. മണി ചോദിക്കുകയുണ്ടായി. ഞങ്ങൾ ഒരിക്കലും പ്രതിപക്ഷത്തുനിന്ന് സർക്കാരിനെ വിമർശിക്കുക, കുറ്റപ്പെടുത്തുക എന്ന നിലപാടിലേക്ക് പോകുന്നില്ല. ഞങ്ങളാരും അങ്ങനെ സംസാരിക്കുന്നുമില്ല. പക്ഷേ ചില വസ്തുതകൾ, ഈ ഒരു മാസത്തിനുള്ളിൽ സംഭവിച്ചിരിക്കുന്ന കാര്യങ്ങൾ വസ്തുതാപരമായി പരിശോധിക്കുമ്പോഴാണ് ഗവൺമെന്റിനെ കുറ്റപ്പെടുത്തേണ്ടിവരുന്നത്. ഇന്ന് സഭയിൽ ചർച്ച ചെയ്ത പ്രശ്നങ്ങൾ ഇതിനാധാരമായി നിൽക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു പുതിയ കേരളത്തെ കെട്ടിപ്പടുക്കാൻ ശ്രമിക്കുമെന്ന് പറയുമ്പോൾ തന്നെ

പരിപൂർണ്ണമായും പ്രതിസന്ധി ഉണ്ടാക്കുന്ന നിലയിലേക്ക് കേരളത്തെ കൊണ്ടുപോകുന്ന സാഹചര്യങ്ങളാണ് ഇവിടെ കാണാൻ കഴിയുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് എടുത്ത ജനോപകാരപ്രദമായ തീരുമാനങ്ങളിൽ അപാകതകൾ ഉണ്ടെങ്കിൽ തിരുത്തുന്നത് മനസ്സിലാക്കാം. പക്ഷേ ആ തീരുമാനങ്ങളെ തന്നെ പൂർണ്ണമായും മാറ്റിവച്ചുകൊണ്ട് ജനങ്ങളെ ദ്രോഹിക്കുന്ന നിലപാടുകളെടുത്താൽ കേരള ജനതയ്ക്കുവേണ്ടി ജനാധിപത്യത്തിന്റെ ഭാഗമായി പ്രതിപക്ഷത്തിന് ശക്തമായി ഇടപെടേണ്ടിവരും. ഈ ഗവൺമെന്റിന്റെ തുടക്കത്തിൽ തന്നെ അത് ആവശ്യമായി വന്നിരിക്കുകയാണ്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം - ഇപ്പോൾ ധവളപത്രം പുറപ്പെടുവിച്ചിരിക്കുന്നു. ഇതിന്റെ പശ്ചാത്തലം സാമ്പത്തിക പ്രതിസന്ധിയാണ് എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു. ധവളപത്രം ഇന്ന് ലഭിച്ചിട്ടേയുള്ളൂ. പക്ഷേ എങ്കിൽപ്പോലും ഈ ദിവസങ്ങളിലൊക്കെ അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം എന്നുപറയുന്നത് യു.ഡി.എഫ്. ഗവൺമെന്റ് കൂടുതൽ കടമെടുത്തുവെന്നാണ്. യു.ഡി.എഫ്. ഗവൺമെന്റ് റവന്യൂ ചെലവ് 25 ശതമാനം എന്നുള്ളത് 30 ശതമാനമാക്കി. ഇങ്ങനെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് സർക്കാരിന്റെ ദൈനംദിന ചെലവ്, ശമ്പളം, പലിശ, പെൻഷൻ ഇവയല്ലാതെ

ഗവൺമെന്റ് കടം എടുത്തുവെന്ന് പറയുന്നത് എന്തിനുവേണ്ടിയാണ്; കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ നടന്ന വികസന പ്രവർത്തനങ്ങൾക്ക് യു.ഡി.എഫ്. ഗവൺമെന്റ് സജീവമായി നേതൃത്വം കൊടുത്തുവെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് കടം കൂടുതലായി എടുത്തതും ഇവിടെ കാര്യങ്ങൾ നടപ്പാക്കിയതും എന്ന് കാണാൻ കഴിയും. വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും മുമ്പോട്ട് കൊണ്ടുപോയതുകൊണ്ടാണ് ഇവിടെ കടബാദ്ധ്യത വന്നത്. ഈയൊരു പശ്ചാത്തലം കേരളത്തിൽ ചർച്ച ചെയ്യുമ്പോൾ രാജ്യത്തൊട്ടാകെ നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധിയും ആഗോളതലത്തിൽ നടക്കുന്ന സാമ്പത്തിക മാന്ദ്യവും വിസ്മരിച്ചുകൊണ്ട് ഈ ഗവൺമെന്റിനും കഴിഞ്ഞ ഗവൺമെന്റിനും പോകാൻ കഴിയില്ല. അതിനിടയിൽ കേരളത്തിന്റെ വികസന കാര്യങ്ങളും ക്ഷേമപദ്ധതികളും മുന്നോട്ടുകൊണ്ടുപോകാനുള്ള നല്ല നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. അതിന്റെയൊരു തുടർച്ചയെന്ന നിലയിൽ, ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ സൂചിപ്പിച്ചതുപോലെ നല്ലൊരു വികസനമുണ്ടാക്കിയിരിക്കുന്ന ഒരു അടിത്തറയിൽ നിന്നുകൊണ്ട് മുന്നോട്ടുപോകുമ്പോൾ കൂടുതൽ കാര്യങ്ങൾ നടപ്പാകുന്നത് കേരളത്തിന് അനുഗ്രഹമായിത്തീരണം. അതിന് പ്രതികൂലമായ നിലപാടുകൾ സ്വീകരിക്കരുത്.

ഇപ്പോൾ കാർഷിക മേഖലയിൽ വന്നിരിക്കുന്ന പ്രശ്നങ്ങൾ - ഞാൻ രാവിലെ റബ്ബറിന്റെ പ്രശ്നം ഉന്നയിക്കുകയുണ്ടായി. ഗവൺമെന്റ് അക്കാര്യത്തിൽ പോസിറ്റീവായ നിലപാട് സ്വീകരിച്ചത് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതി തുടരുമെന്ന് പറഞ്ഞു. അങ്ങനെയുള്ള നല്ലകാര്യങ്ങൾ വന്നാൽ ഞങ്ങൾ അതിനെ സപ്പോർട്ട് ചെയ്യാം.

മെഡിക്കൽ കോളേജിനുവേണ്ടിയുള്ള സീറ്റുകൾ നഷ്ടപ്പെടുകയാണ് എന്നുപറയുമ്പോൾ ഗവൺമെന്റ് ഗൗരവമായി ആ പ്രശ്നം പരിശോധിക്കേണ്ടതല്ലേ; നമുക്ക് എല്ലാക്കാലത്തും മെഡിക്കൽ കോളേജിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനുശേഷം കോളേജ് ആരംഭിക്കണമെന്നുപറഞ്ഞാൽ കേരളം പോലുള്ള സംസ്ഥാനത്ത് എങ്ങനെ നടക്കും; ഇവിടെ തുടങ്ങിവച്ചിരിക്കുന്ന കോളേജുകളിൽ സൗകര്യങ്ങൾ ഉണ്ടാകണമെന്നതിൽ സംശയമില്ല. നമുക്ക് ലഭിച്ചിരിക്കുന്ന സീറ്റുകൾ നിലനിർത്തേണ്ടതായിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് വിവിധ കോളേജുകൾ അനുവദിച്ചു. ആ കോളേജുകൾ ഇപ്പോൾ തുടർന്നുകൊണ്ടുപോകാനുള്ള സാഹചര്യം ഉറപ്പുവരുത്തുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

അതുപോലെതന്നെ വികസനരംഗത്ത് ഗവൺമെന്റ് ശ്രദ്ധകൊടുക്കാൻ

പോകുന്ന അടിസ്ഥാന മേഖല. അടിസ്ഥാന സൗകര്യം മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ കരാറുകാരുടെ കുടിശ്ശിക തീരണം. അതോടൊപ്പംതന്നെ സാമ്പത്തികമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഇപ്പോൾ പെൻഡിംഗിലായിരിക്കുകയാണ്. ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ഇക്കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. കരാറുകാരുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുമെന്നതിൽ ഒരു വ്യക്തത വരണം. കുടിശ്ശിക കൊടുത്തുതീർക്കാൻ പ്രായോഗികമായി കഴിഞ്ഞെന്നുവരില്ല. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയത്. കരാറുകാർക്ക് അതൊരാശ്വാസമായിത്തീർന്നു. ഇപ്പോൾ അത് പെൻഡിംഗിൽ ആക്കിയിരിക്കുകയാണ്. ഗവൺമെന്റ് ഗ്യാരണ്ടി നിന്നുകൊണ്ടുള്ള ആ സിസ്റ്റമെങ്കിലും തുടർന്നുകൊണ്ടുപോകാൻ കഴിയണം. ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം എന്നുള്ള നിലയിൽ ബഡ്ജറ്റ് അലോക്കേഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഈ ക്രമീകരണം നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല എങ്കിൽ വികസനരംഗത്ത് വലിയ സ്തംഭനാവസ്ഥയാണ് ഉണ്ടാകാൻ

പോകുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ചുരുക്കുകയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാറിന്റെ മണ്ഡലത്തിലെ മരങ്ങാട്ടുപിള്ളിയിൽ കെ.എസ്.എഫ്.ഇ.യുടെ നാല് ബ്രാഞ്ചുകൾ പൂട്ടി. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിപ്പോയി എന്നുള്ളതുകൊണ്ട് അടച്ചുപൂട്ടുക എന്നൊരു നിലപാട് എടുത്താൽ എങ്ങനെ അംഗീകരിക്കാൻ കഴിയും. കെ.എസ്.എഫ്.ഇ.യുടെ കുറേ ബ്രാഞ്ചുകൾ പൂട്ടി. അതുകൊണ്ട് ഇത്തരത്തിൽ അടച്ചുപൂട്ടിയ കെ.എസ്.എഫ്.ഇ.യുടെ ബ്രാഞ്ചുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയണം. വികസനരംഗത്ത് കൂടുതൽ പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് ആഗ്രഹിക്കുമ്പോഴും അതിന് വിരുദ്ധമായിട്ടുള്ള നിലപാടുകൾ പ്രതികാരബുദ്ധിയോടുകൂടി സ്വീകരിക്കുന്നത് ഒരിക്കലും ജനാധിപത്യത്തിന് ഭൂഷണമല്ല. അതുകൊണ്ട് ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള നിലപാടുകൾ തിരുത്താൻ കഴിയണം. തീർച്ചയായും ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലൂടെ അതിന് കഴിയുന്ന സമീപനം സ്വീകരിക്കാത്ത പശ്ചാത്തലത്തിൽ ഈ നയപ്രഖ്യാപനത്തിന്റെ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ജാതിമതകക്ഷികൾക്കും വർഗ്ഗീയതയ്ക്കും അഴിമതിക്കുമെതിരെ കേരളത്തിലെ ജനത നൽകിയ വലിയ ഒരു ജനവിധിയാണ് എൽ.ഡി.എഫ്. സർക്കാരിന്റേത്. ആ പ്രതീക്ഷ ജനങ്ങളുടെ മനസ്സിൽ മായാതെ നിറഞ്ഞുനിൽക്കുകയാണ്. ഒരു മാസം പിന്നിട്ടുവെന്ന് പറയുന്നത് വളരെ ചെറിയ കാലഘട്ടമാണ്. ഇതൊരു സർക്കാരിന്റെ ഹണിമൂൺ കാലഘട്ടമാണ്. ഇനി അങ്ങോട്ട് പോകുന്ന ദിനങ്ങളിൽ എങ്ങനെ ഈ സർക്കാർ മുന്നോട്ടു പോകുമെന്ന് കേരളത്തിലെ ജനങ്ങൾക്ക് ഒരു പ്രതീക്ഷ നൽകുന്ന ഒരു നല്ല പ്രസംഗമാണ് ഗവർണ്ണർ ഈ സഭയിൽ നടത്തിയത്. അഴിമതി മാറ്റിനിർത്തുന്നതിനും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും ധൂർത്തും അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നതാണ് ഗവർണ്ണറുടെ പ്രസംഗത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി ഞാൻ കാണുന്നത്. ഇവിടെ ജാതിമത കക്ഷികൾ കാര്യങ്ങൾ തീരുമാനിക്കുന്ന അന്തരീക്ഷത്തിൽ നിന്നുമാറി ജനങ്ങൾ കാര്യങ്ങൾ തീരുമാനിക്കുന്ന അന്തരീക്ഷമാണ് എൽ.ഡി.എഫ്. ഈ സംസ്ഥാനത്ത് സൃഷ്ടിച്ചിരിക്കുന്നത്.

ആരോഗ്യരംഗത്തെക്കുറിച്ചായിരുന്നു ഇന്നത്തെ അടിയന്തരപ്രമേയം. മെഡിക്കൽ കോളേജുകൾ നിർത്തുന്നതിനെക്കുറിച്ചാണ് അതിൽ പറഞ്ഞത്. നമ്മുടെ

നാട്ടിൽ കഴിഞ്ഞ കാലങ്ങളിൽ കണ്ടുവരുന്ന ഒരു മോശപ്പെട്ട പ്രവണത എന്നുപറയുന്നത് ക്വാണ്ടിറ്റി ഓഫ് എജ്യൂക്കേഷനാണ്. ഒരുപാട് കുട്ടികൾ പരീക്ഷയ്ക്ക് ജയിച്ചുവെന്ന് പറയുന്ന വീമ്പിളക്കലും ക്വാളിറ്റി നഷ്ടപ്പെടുകയും ചെയ്യുന്ന വിദ്യാഭ്യാസ സംവിധാനങ്ങളാണ്. ക്വാണ്ടിറ്റി ഓഫ് എജ്യൂക്കേഷൻ കൂടുകയും ക്വാളിറ്റി ഓഫ് എജ്യൂക്കേഷൻ കുറയുകയും ചെയ്യുന്നതുകൊണ്ടാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇത്ര വലിയ തകർച്ച നേരിട്ടത്. ഇന്ത്യയിലെ ഏറ്റവും വാല്യൂ ഉള്ള സർട്ടിഫിക്കറ്റ് എന്നുപറയുന്നത് തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളുടേതാണ്. കോഴിക്കോട് പഴയ ആർ.ഇ.സി. അടക്കമുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ ഡിഗ്രിക്ക് വലിയ വാല്യൂ ഉണ്ട്. കാരണം അവിടെ എല്ലാ പഠനസൗകര്യങ്ങളും വിദഗ്ധരായ അധ്യാപകരുമുണ്ട്. ഇവിടെ മെഡിക്കൽ കോളേജുകളെക്കുറിച്ച് പറഞ്ഞു. ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് വയൽ നികത്തി കെട്ടിടം വയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ തന്നെ അവിടെ ആയിരം സീറ്റ് നഷ്ടപ്പെട്ടുവെന്ന് ദീനരോദനം മുഴക്കുന്നതിൽ ഒരർത്ഥവുമില്ല. തിരുവനന്തപുരത്ത് ഒരു മെഡിക്കൽ കോളേജ് തുടങ്ങി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും മൂന്നര കിലോമീറ്റർ ദൂരത്തിലുള്ള ജനറൽ ഹോസ്പിറ്റലിനെ അന്നത്തെ മന്ത്രിയുടെ മണ്ഡലമായതുകൊണ്ട് മെഡിക്കൽ കോളേജായി പ്രഖ്യാപിച്ചു.

വളരെ പ്രമുഖരായ അധ്യാപകരെയും ഡോക്ടർമാരെയും മെഡിക്കൽ കോളേജിൽ നിന്നും ഈ ആശുപത്രിയിലേക്ക് മാറ്റിയതായി ഉത്തരവിറങ്ങി. അതിന്റെ അടിസ്ഥാനത്തിൽ അവർ ജനറൽ ഹോസ്പിറ്റലിൽ വന്ന് നോക്കുമ്പോൾ ഇരിക്കാൻ കസേരയും മേശയുമില്ല, പരിശോധിക്കാൻ രോഗിയുമില്ല, രോഗിക്ക് കൊടുക്കാൻ മരുന്നുമില്ല. പരിശോധനയ്ക്കുള്ള ഒരു സംവിധാനവും അവിടെയില്ല. ഇതൊന്നുമില്ലാത്ത സാഹചര്യത്തിൽ ഡോക്ടർമാർ രാവിലെ വന്ന് ഒപ്പിട്ട് കുറച്ചുനേരം കറങ്ങിത്തിരിഞ്ഞ് നടന്നിട്ട് ഇരിക്കാൻ കസേരയില്ലാത്തതുകൊണ്ട് വീട്ടിലേക്ക് പോകുകയാണ്. ഇതാണോ ഒരു മെഡിക്കൽ കോളേജ്; അവിടെ നൂറ് സീറ്റ് ലഭിച്ചിട്ട് എന്തു ചെയ്യാനാണ്; ഒരു നഴ്സറി ക്ലാസ് തുടങ്ങാൻ പോലും മിനിമം സൗകര്യങ്ങൾ നമ്മുടെ രാജ്യത്ത് വേണം. ലോകത്ത് വേണം. പക്ഷെ ഒരു മെഡിക്കൽ കോളേജ് തുടങ്ങാൻ നൂറ് കസേര മതി എന്നുപറയുന്നത് ഒരു മര്യാദയില്ലാത്ത രീതിയാണ്. നമുക്ക് കൊടുക്കേണ്ടത് ക്വാളിറ്റി ഓഫ് എജ്യൂക്കേഷനാണ്. ക്വാണ്ടിറ്റിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ജാതിതിരിച്ച് കോളേജുകൾ അനുവദിക്കുന്നത് അവസാനിപ്പിക്കണം. ജനങ്ങൾക്കാണ് കോളേജ് കൊടുക്കേണ്ടത്. അല്ലാതെ ജാതിക്കല്ല. ഇന്ന് രാവിലെ ശ്രീ. പി.സി. ജോർജ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു. ഞാൻ അദ്ദേഹത്തിന് എതിരായി പറയുകയല്ല. പക്ഷേ

അതൊന്നും ശരിയല്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. ജാതിതിരിച്ച് കൊടുക്കാൻ പാടില്ല. ഒരു കോളേജിൽ ഇന്ന് ലക്ചററുടെ ഇന്റർവ്യൂ നടക്കുകയാണെന്ന് രാവിലെ മനോരമ അടക്കമുള്ള പത്രങ്ങളിൽ ഒരു പരസ്യം വരികയാണ്. അപേക്ഷയുമായി നാട്ടുകാരെല്ലാം ഓടുന്നു. ഉച്ചയ്ക്ക് 12 മണിക്ക് മുമ്പ് അപേക്ഷയും കൊണ്ട് ചെന്നപ്പോൾ പറയുന്നു. ഇവിടെ നിയമനമൊക്കെ കഴിഞ്ഞുയെന്ന്. രാവിലെ അഞ്ചുമണിക്കിറങ്ങിയ പത്രത്തിലെ പരസ്യം കണ്ടുകൊണ്ട് 12 മണിക്കുമുമ്പ് ചെല്ലുമ്പോൾ നിയമനം കഴിഞ്ഞുവെന്ന് പറഞ്ഞ് ആളുകളെ മടക്കി അയയ്ക്കുന്ന അഴിമതി തടയാൻ എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചതാണോ തെറ്റായി പറയുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. പി.ഡബ്ല്യു.ഡി. വകുപ്പിൽ നടക്കുന്ന അഴിമതികൾ അവസാനിപ്പിക്കണം. അമിതമായി എസ്റ്റിമേറ്റ് എടുക്കുകയും അത് കൊള്ളയടിക്കുകയും ചെയ്യുന്ന അവസ്ഥ. കെട്ടിടം നിർമ്മിക്കാൻ അനുവാദം കൊടുത്താൽ ഡിസൈൻ വരയ്ക്കുന്ന എഞ്ചിനീയർ കെട്ടിടം മാത്രം പണിയും. പ്ലംബിംഗ് ഇല്ല, വയറിംഗ് ഇല്ല. മുമ്പ് ഡോ. ടി. എം. തോമസ് ഐസക് മന്ത്രിയായിരുന്നപ്പോൾ പ്ലംബിംഗും വയറിംഗും ചേർത്തുവേണം ഡിസൈൻ ചെയ്യാനെന്ന് ഒരു ഉത്തരവ് ഇറക്കിയിരുന്നു. ഡിസൈൻ ചെയ്യുന്നിടത്തു മുതൽ അഴിമതി. ഇലക്ട്രിസിറ്റിയില്ല, വയറിംഗ് ഇല്ല, പ്ലംബിംഗില്ല. അങ്ങനെ പല പല

പീസായി ജോലി ചെയ്ത് കൊള്ളയടിക്കുന്ന സംവിധാനം ഈ രാജ്യത്ത് അവസാനിപ്പിക്കണം. അതുപോലെ കുടിവെള്ളം എല്ലാവർക്കും എത്തിക്കുക എന്നുള്ള പദ്ധതി വളരെ നല്ലതാണ്. ശുദ്ധി ചെയ്ത കുടിവെള്ളം പൈപ്പിലൂടെ എത്തിക്കുന്നത് മാരകമായ പകർച്ചവ്യാധികളിൽ നിന്ന് മനുഷ്യനെ രക്ഷിക്കാൻ കഴിയും. ധനകാര്യ വകുപ്പിന്റെ വാളയാർ ചെക്ക് പോസ്റ്റ് അടക്കമുള്ള ചെക്ക് പോസ്റ്റുകളെ കംപ്ലീറ്റായി കമ്പ്യൂട്ടറൈസ് ചെയ്യണം. അങ്ങനെ ചെയ്തുകൊണ്ട് വലിയൊരു മാറ്റമുണ്ടാക്കണം. സ്പോർട്സ് വകുപ്പിലെ കടുത്ത അഴിമതി അവസാനിപ്പിക്കണം. അഴിമതിയെ സംബന്ധിച്ച് അന്വേഷിക്കണം. സ്പോർട്സ് വകുപ്പിലെ സ്പോർട്സ് ഡയറക്ടറേറ്റ്, സ്പോർട്സ് കൗൺസിൽ എന്നെല്ലാം പറഞ്ഞ് ആളുകൾക്ക് പണം പോക്കറ്റിൽ തള്ളിക്കൊടുക്കുന്ന പരിപാടി അവസാനിപ്പിക്കണം. സാംസ്കാരിക വകുപ്പിലെ ഒരേ സ്വഭാവമുള്ള സ്ഥാപനങ്ങളെ, ഉദാഹരണമായി സംഗീത നാടക അക്കാദമി, ഫോക്‌ലോർ അക്കാദമി, രണ്ടും ഏകദേശം ഒരേ വിഷയമാണ് കൈകാര്യം ചെയ്യുന്നത്. അങ്ങനെയുള്ളത് ക്ലബ്ബ് ചെയ്തുകൊണ്ട് ഈ രാജ്യത്തെ ഭരണത്തിന്റെ ദുർചെലവുകൾ അവസാനിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനുള്ള ഒരു നയം ഈ പ്രസംഗത്തിലുണ്ടെന്ന് ഞാൻ കാണുന്നു. അതിലുപരി മന്ത്രിസഭയുടെ ഒരു മാസത്തെ തീരുമാനത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് മന്ത്രിമാർ എല്ലാവരും കൂടി

ഉദ്ഘാടനത്തിന് പോകേണ്ടെന്ന് തീരുമാനിച്ചതാണ്. നാട്ടുംപുറത്തെ ശൗചാലയങ്ങളെങ്കിലും ഉദ്ഘാടനം ചെയ്യാൻ പഞ്ചായത്ത് മെമ്പർമാർക്ക് ഈ എൽ.ഡി.എഫ്. ഭരണ കാലത്ത് കഴിയുമല്ലോയെന്ന ആശ്വാസം സർക്കാരിന്റെ തീരുമാനത്തിലുണ്ട്. കഴിഞ്ഞ അഞ്ച് കൊല്ലം ശൗചാലയം ഉദ്ഘാടനം ചെയ്യാൻ പോലും പാവപ്പെട്ട പഞ്ചായത്ത് മെമ്പർക്ക് അവസരം ഇല്ലായിരുന്നു. എല്ലാവരുംകൂടി എരച്ചുപാഞ്ഞ് എങ്ങും പോകണ്ട, ആവശ്യമുള്ള മന്ത്രിമാർ പോകുക. അത്തരത്തിൽ ഒരു ചെലവ് ചുരുക്കൽ നടപ്പിലാക്കികൊണ്ട് മുന്നോട്ട് പോകുന്ന ഈ സർക്കാരിന്റെ ഗവർണർ നടത്തിയ നയപ്രഖ്യാപനത്തെ അനുകൂലിച്ചുകൊണ്ടുള്ള ഈ പ്രമേയത്തെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങുകയാണ്.

<u>ശ്രീ. വി. ജോയി:</u> സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ശോഭനമായ ഭാവിയുടെ ചുവന്ന ചക്രവാളം തുറന്ന് കേരള ജനത കഴിഞ്ഞ അഞ്ച് വർഷത്തെ ജനവിരുദ്ധ ഭരണത്തിന് അന്ത്യംകുറിച്ചുകൊണ്ട് എൽ.ഡി.എഫ്.-നെ അധികാരത്തിലേറ്റിയിരിക്കുകയാണ്. ഇവിടെ പ്രസംഗത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, അഴിമതിയോട് വിട്ടുവീഴ്ചയില്ലാത്തതും പ്രകടവും ശക്തവുമായ ഒരു നയമായിരിക്കും എന്റെ സർക്കാർ പിന്തുടരുന്നതെന്ന് ഊന്നിപ്പറയുവാൻ ഈ അവസരം വിനിയോഗിക്കുന്നുവെന്നാണ്. കേരളത്തിലെ ജനത

അഴിമതിക്കെതിരായാണ് വിധിയെഴുതിയതെന്ന് നാം ഓർക്കുക. കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ അഴിമതിക്കെതിരായി പറയുമ്പോൾ ഒരു അസഹിഷ്ണുത പരസ്യമായി പ്രകടിപ്പിക്കുകയുണ്ടായി. കേരളം രൂപീകരിക്കപ്പെട്ടതിനുശേഷം ഇത്രയേറെ അഴിമതിയും പിടിച്ചുപറിയും സ്വജനപക്ഷപാതവും നടന്ന ഒരു കാലഘട്ടം കേരളത്തിൽ ഉണ്ടായിട്ടില്ലായെന്നുള്ളത് ഇവിടുത്തെ സാധാരണ ജനങ്ങൾക്കുപോലും അറിവുള്ളതാണ്. സോളാറിൽ തുടങ്ങി ടൈറ്റാനിയത്തിൽ തട്ടി കടകംപള്ളി വഴിയുള്ള കുംഭകോണം അവസാനം കൺസ്യൂമർഫെഡ് വരെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. കഴിഞ്ഞ മന്ത്രിസഭയിലെ ഏത് മന്ത്രിയാണ് വിജിലൻസ് കേസിൽ പെടാതെ പോയിട്ടുള്ളത്. അഴിമതിയിൽ മുങ്ങിയ ഭരണമായിരുന്നില്ലേ; കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന നാളുകളിൽ എടുത്ത ചില തീരുമാനങ്ങൾ പരിശോധിക്കുക. കേരളത്തിലെ പ്രധാനപ്പെട്ട മാധ്യമങ്ങൾ അത് റിപ്പോർട്ട് ചെയ്തല്ലോ; അവസാനത്തെ മന്ത്രിസഭാ യോഗങ്ങളിൽ 822 തീരുമാനങ്ങളാണ് എടുത്തത്. എൽ.ഡി.എഫ്. ഫയൽ പരിശോധിച്ച 300 എണ്ണത്തിൽ ഏകദേശം 180-ഓളം അഴിമതിയും ക്രമവിരുദ്ധവുമാണെന്ന് കാണാൻ കഴിയും. ഇവിടെ ഏറ്റവും അവസാനമെടുത്ത കുറെ ഭൂമി തട്ടിപ്പുകളുടെ കഥ ഈ നാട്ടിൽ എല്ലാവർക്കും അറിയാമല്ലോ; കരുണ എസ്റ്റേറ്റിന് 833 ഏക്കറിന് കരമടയ്ക്കാനുള്ള സാവകാശം

കൊടുത്തില്ലേ; ശ്രീ. സന്തോഷ് മാധവൻ ഉൾപ്പെടെയുള്ള ആളുകൾക്ക് 128 ഏക്കർ സ്ഥലം പതിച്ചുനൽകാൻ തീരുമാനിച്ചില്ലേ; എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽ 95.44 ഏക്കർ ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനിച്ചില്ലേ; തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ എക്കോ വേൾഡ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് 32.41 ഏക്കർ സ്ഥലം പതിച്ചുകൊടുക്കാൻ തീരുമാനിച്ചില്ലേ; ഞാൻ ആ പട്ടിക നീട്ടുന്നില്ല. ഞങ്ങളുടെ നാട്ടിൽ ഒരു ചെറിയ ചൊല്ലുണ്ട്, പണ്ടുകാലത്ത് പൈസയ്ക്ക് ബുദ്ധിമുട്ടുമ്പോൾ സ്വന്തം പുരയിടം കൊണ്ടുപോയി പണയം വയ്ക്കും, പണം തിരികെ കൊടുകുമ്പോൾ ഒറ്റി മടക്കി കൊടുക്കും. ഒറ്റി മടക്കിക്കൊടുക്കുന്നത് എങ്ങനെയെന്ന് അറിയാമോ; അതിൽ തെങ്ങുണ്ടെങ്കിൽ അതിലെ തേങ്ങയും കരിക്കും വെള്ളയ്ക്കയും കുമ്പും വരെ അരിഞ്ഞിട്ടാണ് തിരിച്ചുകൊടുക്കുന്നത്. അതുപോലെയാണ് ഇവിടെയും അവസാന നാളുകളിൽ വെട്ടിയൊഴിഞ്ഞ് പോകുകയാണ്. ബഹുമാനപ്പെട്ട ഇലക്ഷൻ കമ്മീഷൻ കോഡ് ഓഫ് കോൺടാക്ട് പ്രഖ്യാപിച്ചില്ലെങ്കിൽ ബഹുമാനപ്പെട്ട അങ്ങേയ്ക്ക് ഇങ്ങനെ ഇരിക്കാനും ഞങ്ങൾക്ക് ഇങ്ങനെ വരുവാനും സാധിക്കുമായിരുന്നോ; ഇതും എഴുതി വിൽക്കില്ലായിരുന്നോ; ഇതൊരു പ്രധാനപ്പെട്ട കാര്യമല്ലേ; ഇതിൽ ഏറ്റവും കൂടുതൽ പ്രതിപാദിച്ചിരിക്കുന്നത് പാവങ്ങളുടെ കാര്യമാണ്. ഇവിടുത്തെ പെൻഷൻകാരുടെ കാര്യം, വീടില്ലാത്തവന്റെ കാര്യം, ഭൂമിയില്ലാത്തവന്റെ കാര്യവുമാണ് ഇതിൽ ഏറ്റവും

കൂടുതൽ പറഞ്ഞിരിക്കുന്നത്. ബഹുമാന്യനായ കഴിഞ്ഞ മുഖ്യമന്ത്രി ഒരവസരത്തിൽ പറഞ്ഞു, പെൻഷൻകാരുടെ കുടിശ്ശിക തീർത്ത് കൊടുത്തിട്ടേ ഞാൻ ശമ്പളമെടുക്കുവെന്ന്. പെൻഷൻ കൊടുക്കാനായി അദ്ദേഹം വലിയൊരു ചതി ചെയ്തു. പോസ്റ്റാഫീസുകളിലൂടെ നൽകിയിരുന്ന പണം നേരെ ബാങ്കിലേയ്ക്ക് മാറ്റി. ലക്ഷക്കണക്കിന് ചെക്ക് ഒന്നോ രണ്ടോ ദിവസംകൊണ്ട് എഴുതി. അതിൽ സരസ്വതി സരസമ്മയായി, കമലാസനൻ കമലാക്ഷിയായി, മാധവൻ മാധവിയായി. ആർക്കും പൈസ കിട്ടിയില്ല. പാവങ്ങൾ നെട്ടോട്ടമോടുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി വീട്ടിലെത്തിക്കുമെന്ന് പറഞ്ഞ തീരുമാനം കേട്ട് ഈ നാട്ടിലെ 60 വയസ്സ് കഴിഞ്ഞവരുടെ കണ്ണിൽ നിന്ന് കണ്ണീർമഴ പെയ്യുകയാണ് എന്നുള്ളത് നാം ഓർക്കണം. ഇവിടെ കഴിഞ്ഞ ദിവസം ശ്രീ. കെ. എം. മാണി പ്രസംഗിച്ചപ്പോൾ ഇരട്ട നീതിയെക്കുറിച്ച് പറഞ്ഞു. ഇരട്ട നീതിയെക്കുറിച്ച് അങ്ങയുടെ മനസ്സിൽ വല്ലാതെ വെമ്പുകയാണ്. അദ്ദേഹം മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടിവന്നു. വേറൊരു മന്ത്രിക്കും മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടിവന്നു. ശ്രീ. കെ. എം. മാണിയുടെ രാജി അംഗീകരിക്കുകയും മറ്റേ മന്ത്രിയുടെ രാജി അംഗീകരിക്കാതിരിക്കുകയും ചെയ്ത ഇരട്ട നീതിയെക്കുറിച്ചാണോ അദ്ദേഹം സൂചിപ്പിച്ചത്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ടൊരു ചർച്ച, അങ്ങേയറ്റം ദുർബ്ബലരും പാർശ്വവത്കരിക്കപ്പെട്ടവരുമായ പൗരന്റെ പരാതി

പരിഹാരത്തിനായിരിക്കും എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. 'കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക' എന്ന വാക്ക് ഇവിടെ പ്രധാനപ്പെട്ട ഒരു ചർച്ചാ വിഷയമാണ്. പാവങ്ങളുടെയും പട്ടിണിപ്പാവങ്ങളുടെയും ആലംബഹീനരുടെയും വേദനയറിയാവുന്ന സഖാവ് പിണറായി വിജയനല്ലാതെ ഹൃദയസ്പർശിയായ ഇത്തരം ഒരു വാചകം എഴുതിച്ചേർക്കാൻ കഴിയുമോ; ചങ്കുറ്റമുള്ള, കാരിരുമ്പിന്റെ ശക്തിയുള്ള കേരളത്തിന്റെ മുഖ്യമന്ത്രി ഞങ്ങൾക്ക് അഭിമാനമാണ്. ഇന്നലെ ശ്രീ. പി. സി. ജോർജ് പ്ലാത്തോട്ടം ചോദിച്ചല്ലോ, ശ്രീ. പിണറായി വിജയനെ എതിർക്കാൻ നിങ്ങൾക്ക് ശക്തിയുണ്ടോയെന്ന്. ഞങ്ങൾ ചങ്കുറ്റത്തോടെ പറയുന്നു, സഖാവ് പിണറായി വിജയന്റെ കരുത്തും ശക്തിയും ഞങ്ങൾക്ക് ആവേശമാണെന്ന് പറയാൻ ഒരു മടിയുമില്ല. ഒരു കാര്യം കൂടി ഇവിടെ ചേർക്കുന്നു. നിലമ്പൂരിലെ രാധയുടെ പ്രേതം അലഞ്ഞു നടക്കുകയാണ്. ഏറ്റവും അവസാനം മൃഗീയമായി കൊലചെയ്യപ്പെട്ട ജിഷയുടെ പ്രേതവും ആത്മാവും കറങ്ങി നടക്കുകയാണ്. ആ ബെഞ്ചുകളിലേയ്ക്ക് ഒന്നു നോക്കൂ. ഒരു വനിതയുടെ ചെറുതരിപോലും ആ ബെഞ്ചുകളിൽ ഉണ്ടോ; കാലൊച്ച കേൾക്കവെ വാതിൽ തുറക്കുക, അടച്ച കാര്യം ചില ബഹുമാന്യരായ മെമ്പർമാർ സൂചിപ്പിച്ചു. യു.ഡി.എഫ്.-ന്റെ കാലത്താണെങ്കിൽ പാവപ്പെട്ടവന്റെ കാലൊച്ച കേട്ടാൽ കതക് തുറക്കില്ല. കൈവളകളുടെ കിലുക്കവും കാൽത്തളകളുടെ കിലുക്കവും കേട്ടാലേ

വാതിൽ തുറക്കു. തൊട്ടടുത്തുള്ള മസ്കറ്റ് ഹോട്ടലിലെ ഇടനാഴികളിലും മുറികളിലും ആ കിലുക്കം കേട്ടു. കേരളത്തിന്റെ മുഖ്യമന്ത്രിയായി സഖാവ് പിണറായി വിജയൻ വന്നതിന്റെ മാറ്റം കണ്ടുതുടങ്ങി. ഇവിടെ അഴിമതി നടത്തിയിരുന്ന ഉദ്യോഗസ്ഥന്മാർക്ക് പേടിയായിത്തുടങ്ങി. കഴിഞ്ഞ ദിവസം തിരുവനന്തപുരം ജില്ലയിലെ ഒരു സബ് രജിസ്ട്രാർ, ഇഷ്ടംപോലെ കാശ് വാങ്ങുന്ന സബ് രജിസ്ട്രാർക്ക് ആധാരം എഴുതിയതിനുശേഷം പൈസ കൊണ്ടുപോയി കൊടുത്തിട്ട് വാങ്ങിയില്ല. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന്റെ കന്റോൺമെന്റ് ഗേറ്റിനടുത്ത് നിരവധി പെട്ടിക്കടകൾ ഉണ്ട്. ആ പെട്ടികളിൽ ഒരു സമയമാകുമ്പോൾ ഇടത്തട്ടുകാരും ജീവനക്കാരും തമ്മിലുള്ള ഒരു അവിഹിതമായ ബന്ധമുണ്ടായിരുന്നു. അതവിടെ കാണാൻ കഴിയുമോയെന്ന് ഇപ്പോൾ അവിടെപ്പോയി ഒന്ന് നോക്കണം.

കേരളത്തിൽ പി.ഡബ്ല്യൂ.ഡി.-യിൽ ഏറ്റവും വലിയ അഴിമതിയായിരുന്നു നടന്നിരുന്നത്. സഖാവ് ജി. സുധാകരന്റെ പേര് വന്നയുടൻ ധാരാളം മാറ്റങ്ങൾ വന്നു. നാം പരിശോധിക്കപ്പെടണം. വിദ്യാഭ്യാസ വകുപ്പുമന്ത്രി അധികാരമേറ്റു. ഇവിടെ ഒട്ടേറെ തീരുമാനങ്ങൾ വന്നു. ഒരു മാസത്തെ കാര്യം ഇവിടെ പറഞ്ഞല്ലോ; ഏറ്റവും അവസാനമായി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ സീറ്റുകളെ സംബന്ധിച്ച് വിഷയം വന്നപ്പോൾ ഇരുചെവിയറിയാതെ പരിഹരിക്കാൻ സാധിച്ചില്ലേ; ഇവിടെ

വിദ്യാഭ്യാസ വകുപ്പുമന്ത്രിയുണ്ടായിരുന്നു. എസ്.എസ്.എൽ.സി. ഫലം കുളമാക്കി. ലോകം മുഴുവൻ ശ്രദ്ധിക്കുന്ന, ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷയെഴുതുന്ന എസ്.എസ്.എൽ.സി. ഫലം കുളമാക്കിയില്ലേ; കുട്ടികൾക്ക് പാഠപുസ്തകം കൊടുത്തോ; ഇവിടെ കഴിഞ്ഞ ദിവസം സി.പി.ഐ.(എം.)-നെ ചിലയാളുകൾ ഉപദേശിച്ചു. ഒന്നേകാൽ സംസ്ഥാനം ഭരിക്കുന്ന പാർട്ടിയാണ് സി.പി.ഐ.(എം.) എന്ന് പറഞ്ഞു. ഞങ്ങൾ അംഗീകരിക്കുന്നു. ത്രിപുരയ്ക്ക് കാൽ ഭാഗമേ നിങ്ങൾ നൽകുന്നുള്ളുവെങ്കിൽ ശരി. പക്ഷെ, നിങ്ങളുടെ സ്ഥിതിയെന്ത്; നാം പരിശോധിക്കണ്ടേ; 1956-ൽ 390 സീറ്റുകളിൽ ജയിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഇന്ന് ലോക്സഭയിലുള്ള അംഗസംഖ്യ അറിയാമോ; 44. എ.ഐ.എ.ഡി.എം.കെ.-യ്ക്ക് കുറച്ചു സീറ്റുകളും അല്ലെങ്കിൽ അവർക്ക് കുറച്ച് സ്വാധീനവും കൂടി ഉണ്ടായിരുന്നെങ്കിൽ എ.ഐ.എ.ഡി.എം.കെ.-യുടെ 37-ൽ നിന്ന് മിക്കവാറും പ്രതിപക്ഷ നിരയിലേയ്ക്ക് വരുമായിരുന്നു. പ്രതിപക്ഷ സ്ഥാനമുണ്ടോ; ഉത്തർപ്രദേശ് എന്നാൽ ഇന്ദിരാ ഗാന്ധിയെന്നാണ് അറിയപ്പെട്ടിരുന്നത്. യു.പി. എന്നാൽ ഇന്ദിരയെന്ന് അറിയപ്പെട്ടും. ആ യു.പി.-യിലെ സ്ഥിതിയെന്ത്; 404 സീറ്റുകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് 28 ആണ്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ വെറും 6 സംസ്ഥാനങ്ങളിൽ..... കർണ്ണാടക ഒഴിച്ചാൽ ബാക്കിയുള്ളവ ചെറിയ ചെറിയ സംസ്ഥാനങ്ങൾ. കാല്

പറഞ്ഞതുപോലെയാണ് മണിപ്പൂരും മിസോറാമും മേഘാലയുമെല്ലാം കോൺഗ്രസ് ഭരിക്കുന്നത്. ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്. ഞാൻ, സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഇവിടെ നിൽക്കുന്നത് നടുസ്ഥലത്താണ്, എനിക്ക് ഇടതുപക്ഷത്തു നിന്നും വലതുപക്ഷത്തു നിന്നും ഒരു പോലെ എതിർപ്പ് നേരിടേണ്ട ഗതികേടാണ്. ഒട്ടേറെ പരാതികൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്, തെരഞ്ഞെടുപ്പിനെ സംബന്ധിച്ചതുൾപ്പെടെ. അതിനൊക്കെ ഓരോന്നിനും എണ്ണി എണ്ണി മറുപടി പറയാൻ സാധിക്കും, പക്ഷെ അനുവദിച്ചിട്ടുള്ള സമയം ഏറിവന്നാൽ ഒന്നോരണ്ടോ മിനിട്ടാണ്. ഈ സാഹചര്യത്തിൽ അതിലേക്ക് കടക്കാൻ സാധ്യമല്ല. ഒരു കാര്യം വ്യക്തമാക്കട്ടെ, രണ്ടുപേരും ഉന്നയിക്കുന്നു ബി.ജെ.പി.ക്ക് മറ്റ് ആരുടേയോ വോട്ട് കിട്ടിയിട്ടാണ് ജയിച്ചിട്ടുള്ളത് എന്ന്. രണ്ടുപേരും അങ്ങോട്ടുമിങ്ങോട്ടും ഈ ആരോപണമുന്നയിക്കുന്നുണ്ട്. വസ്തുതയെന്താണ്? ഈ തെരഞ്ഞെടുപ്പിൽ ചുരുക്കമായിട്ടുള്ള കാര്യം യു.ഡി.എഫിനും വോട്ടുകുറഞ്ഞു, ഏതാണ്ട് 7 ശതമാനത്തിലേറെ, എൽ.ഡി.എഫിനും ഒരു ശതമാനത്തിലേറെ വോട്ടുകുറഞ്ഞു. വോട്ട് വർദ്ധിച്ചിട്ടുള്ളത് ബി.ജെ.പി.ക്കു മാത്രമാണ്. 7 ശതമാനം ഉണ്ടായിരുന്നത് 14.7 ശതമാനമായി വർദ്ധിക്കുകയുണ്ടായി. ഇതാണ് വസ്തുത. രണ്ടുപേരും ഒരു

കാര്യത്തിൽ യോജിച്ചു, ബി.ജെ.പി. യുടെ ഒറ്റ അംഗത്തെപ്പോലും ഇവിടെ വരാൻ അനുവദിക്കുകയില്ല, കയറാൻ അനുവദിക്കുകയില്ല എന്ന് മുതിർന്ന നേതാക്കന്മാരുൾപ്പെടെയുള്ള ആൾക്കാർ പറയുകയുണ്ടായി. പക്ഷേ ജനങ്ങൾ മറിച്ച് വിധിയെഴുതി എന്നുള്ളതാണ് വസ്തുത. ഏതായാലും ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങളുടെ അഭിപ്രായത്തിനാണ് പ്രാധാന്യം. അതുകൊണ്ട് ജനങ്ങളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇവിടെ വന്നിട്ടുള്ളത്. ഇപ്പോൾ അവർ അധികാരത്തിൽ കയറിയിട്ട് കുറച്ചു സമയമേ ആയിട്ടുള്ളൂ. അവർക്ക് തീർച്ചയായിട്ടും കുറച്ച് അവസരം കൊടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ പ്രഖ്യാപനത്തിൽ പല നല്ലകാര്യങ്ങളും ഉണ്ട്. ഉദാഹരണത്തിന് ഗ്യാസ് പൈപ്പ് ലൈൻ പൂർത്തീകരിക്കും, സ്വാഗതർഹമായ കാര്യമാണ്. യു.ഡി.എഫ്. അതിന്റെ പരാജയത്തെപ്പറ്റി പറഞ്ഞ കാരണങ്ങൾ ശരിയായിട്ടുള്ള കാരണങ്ങളാണ്. എന്റെ മണ്ഡലത്തിലെ തിരുവല്ലത്ത്, തിരുവനന്തപുരത്ത് ഫിലിം സിറ്റി സ്ഥാപിക്കും, വളരെ ആവശ്യമുള്ള കാര്യമാണ്. വികസനാധിഷ്ഠിതമായി ജനപങ്കാളിത്തത്തോടുകൂടിയുള്ള വേണം വികസനം. വളരെ ശരിയായ കാഴ്ചപ്പാടാണ്. എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീമിൽ പല പണികളും ഇപ്പോൾ നടക്കുന്നുണ്ട്. അത് ഒഴിവാക്കിക്കൊണ്ട് വാട്ടർ മാനേജ്മെന്റിന് സഹായിക്കുന്ന രീതിയിലാക്കണം, ശരിയായ കാഴ്ചപ്പാടാണ്.

സ്വകാര്യ നിക്ഷേപം ഇവിടെ വന്നാൽ മാത്രമേ വികസനം സാധ്യമാകുകയുള്ളൂ അതിന് അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കണം. ഇതുപോലെയുള്ള പല കാര്യങ്ങൾ ഉണ്ട്. ഇതുമുഴുവൻ ഒരു അടവുനയം മാത്രമാണോ എന്നുള്ളത് നമ്മൾ കണ്ടറിയണം, കാത്തിരുന്ന് കണ്ടറിയേണ്ടതാണ്. ഒരു കാര്യം സൂചിപ്പിച്ച് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം, അത് മറ്റൊന്നുമല്ല ഇവിടെ ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞിരിക്കുന്നു, കേരളത്തിന്റെ അതുല്യ സംസ്കാരം പരിപോഷിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും നമ്മുടെ സംസ്കാരവും, പൈതൃകവും സംരക്ഷിക്കുന്നതിനും പ്രത്യേകമായി ശ്രദ്ധിക്കുന്നതാണെന്ന്. നല്ല കാര്യമാണ്. പക്ഷെ പ്രവൃത്തിയിൽ കാണുന്നത് അങ്ങനെയല്ല. ഇവിടെ യോഗാ ഡേ ആചരിച്ച 21-ാം തീയതി, ഇന്റർനാഷണൽ ഡേ ആയിട്ട്, അത് ഐക്യരാഷ്ട്രസഭ തീരുമാനിച്ചതനുസരിച്ചാണ്. 193 രാജ്യങ്ങൾ അതിൽ പങ്കാളികളായി. 43 രാജ്യങ്ങൾ മുസ്ലീം രാജ്യങ്ങളാണ്, അതിനുമുഴുവൻ സംഭാവന നൽകിയിട്ടുള്ളത് ഭാരതമാണ്. അങ്ങനെയുള്ള സമയത്ത് സംസ്ഥാനത്ത് നടന്ന പരിപാടിയിൽ നമ്മുടെ ഒരു ബഹുമാനപ്പെട്ട മന്ത്രി അവിടെക്കയറിയിട്ട് ...... ആ യോഗ എന്ന സങ്കൽപ്പത്തിന്റെ ഉപജ്ഞാതാവായ പതഞ്ജലിമഹർഷി ആദ്യം ഒരു ശ്ലോകം പറയുന്നുണ്ട്. ഗുരുവും ശിഷ്യൻമാരും ഇരുന്നുകൊണ്ട് പറയുന്നത്. അത്

കീർത്തനമല്ല, അതിൽ പറയുന്നത് നമുക്ക് ഒന്നിച്ച് ചിന്തിക്കാം, ഒന്നിച്ച് നമുക്ക് പ്രവർത്തിക്കാം, നമുക്ക് ഒരേ മനസ്സുണ്ടാകണം, കൂട്ടായി പ്രവർത്തിക്കണം എന്നുള്ള സന്ദേശമടങ്ങുന്നതായിട്ടുള്ള ശ്ലോകമാണ് ചൊല്ലിയിട്ടുള്ളത്. ആ ശ്ലോകത്തിന് ഇത് കീർത്തനമാണെന്നും, ഒരു മതത്തിന്റേതാണെന്നും പറഞ്ഞത് പരിഹാസ്യമായി മറ്റു സ്ഥലങ്ങളിലൊക്കെ കളിയാക്കുന്ന സാഹചര്യമുണ്ടായി, ഇത്തരം സാഹചര്യം വരാതിരിക്കാൻ, ബന്ധപ്പെട്ടവരെ ഉപദേശിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ വിടവാങ്ങുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ... നയപ്രഖ്യാപനത്തെക്കുറിച്ച് സംസാരിക്കുന്ന സന്ദർഭത്തിൽ അത് അനുകൂലിക്കുന്നുവോ, പ്രതികൂലിക്കുന്നുവോ എന്ന ഒരു വാക്ക് പറയണം അതിന് കീഴ്വഴക്കങ്ങളുണ്ട്, ആ പാർട്ടിയുടെ പൊസിഷൻ എവിടെയാണ് എന്നറിയിക്കുന്നതിനു വേണ്ടി കിട്ടുന്ന ഏക വേദിയാണ്. ആ വേദിയിൽ ഈ നയപ്രഖ്യാപനത്തെ അനുകൂലിക്കുകയാണോ, അതോ പ്രതികൂലിക്കുകയാണോ രണ്ടിൽ ഏതാണെന്നുള്ള നിലപാട് പറയണമെന്നേ ഞാൻ പറഞ്ഞുള്ളൂ.

<u>മി. ചെയർമാൻ</u>: റൂൾസ് ഓഫ് പ്രൊസീജിയർ നോക്കി പറയാം, അങ്ങ് അത് ഉദ്ധരിച്ചതുകൊണ്ട് ഞാൻ അങ്ങനെ പറയുന്നു. റൂൾസ് ഓഫ് പ്രൊസീജിയർ

നോക്കിയിട്ട് ഞാൻ പറയാം.

<u>ശ്രീ. കെ. ദാസൻ</u>: സർ, ബഹുമാന്യനായ കേരള ഗവർണർ നടത്തിയിരുന്ന നയപ്രഖ്യാപനം ഈ സഭ ശ്രദ്ധിച്ചത് അതിയായ സന്തോഷത്തോടും അതിലേറെ വലിയ അഭിമാനത്തോടും കൂടിയാണ്. കാരണം അഴിമതിരഹിതവും മതനിരപേക്ഷവുമായ ഒരു വികസിത കേരളത്തിനു വേണ്ടിയുള്ള ആഗ്രഹമാണ് ആ വാക്കുകളിലൂടെ മുഴങ്ങിക്കേട്ടത്. കേരളത്തിൽ മാത്രമല്ല ലോകമെമ്പാടുമുള്ള മലയാളികൾ പുതിയൊരു കേരളത്തിനുവേണ്ടിയുള്ള വിളംബരം, പുതിയ ഈ മാറ്റം വലിയൊരു ചലനമാണ് സൃഷ്ടിച്ചിട്ടുള്ളത്. മഹാൻമാരായ നമ്മുടെ നവോത്ഥാന നായകൻമാർ ഉഴുതുമറിച്ചിട്ട ഈ മണ്ണിൽ കിളിർത്തുവന്ന ജനാധിപത്യത്തിന്റേയും സോഷ്യലിസത്തിന്റേയും മതനിരപേക്ഷതയുടേയുമെല്ലാം മൂല്യങ്ങൾ തകർത്തുകളയാൻ കേരളജനത ആരേയും അനുവദിക്കുകയില്ല എന്ന ഉജ്ജ്വല പ്രഖ്യാപനമാണ് ഈ സഭാവേദിയിൽ മുഴങ്ങിക്കേട്ടത്. ബഹുമാന്യനായ കേരള ഗവർണർ പ്രഖ്യാപിച്ചതുപോലെ കഴിഞ്ഞ അഞ്ചു വർഷം കേരള ചരിത്രത്തിലെ ഇരുൾ മൂടിയ ഒരദ്ധ്യായമായിരുന്നു എന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഇന്ന് അതെല്ലാപേരും സമ്മതിക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് പരാജയത്തെത്തുടർന്ന് യു.ഡി.എഫ്. പ്രവർത്തകർക്കിടയിൽ വളരെ വലിയ വാദപ്രതിവാദങ്ങൾ എങ്ങും

നടന്നുകൊണ്ടിരിക്കുകയാണ്. മദ്യരംഗത്ത് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച നിലപാടുകളെല്ലാം ശരിയായവയായിരുന്നില്ല എന്നുള്ളതാണ് അവർ രഹസ്യമായും പരസ്യമായും ഇന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളത്തിൽ പുതിയ ബാറുകൾ അനുവദിക്കില്ലെന്ന് പറഞ്ഞിട്ട് കൺസ്യൂമർഫെഡിന്റെ എല്ലാ സ്ഥലങ്ങളിലും ശീതീകരിച്ച സെൽഫ് സർവ്വീസുകൾ ആരംഭിക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുത്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. അത് വ്യാപകമായ രീതിയിൽ നടപ്പിലാക്കാനുള്ള നിർദ്ദേശമാണ് സംസ്ഥാന ഗവൺമെന്റ് കൊടുത്തിരുന്നത്. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ബിവറേജസ് കോർപ്പറേഷന്റെ മൊത്തം വരുമാനം 8569/- കോടി രൂപയായി വർദ്ധിച്ചത്. കൺസ്യൂമർ ഫെഡ് 2016 - ജനുവരിയിൽ 12,846 ലക്ഷം രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്. ഈ ബാറുകൾ പൂട്ടിയതിന്റെ തണലിൽ വളർന്ന് പന്തലിച്ച് വന്നത് മദ്യത്തിന്റെ വ്യാപനമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ ഭാഗമായി 40 ലക്ഷം കെയിസാണ് അധികമായി കേരളത്തിൽ വിറ്റഴിച്ചത്. അശാസ്ത്രീയമായ രീതിയിൽ മദ്യത്തിന്റെ പ്രശ്നമെടുത്ത് മദ്യാസക്തി കുറയ്ക്കാനുള്ള എന്തെങ്കിലും ഒരു നിലപാട് സ്വീകരിക്കാൻ കഴിയാതെ, മദ്യവർജ്ജനത്തിനായി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള നടപടി സ്വീകരിക്കാതെ, മദ്യ സംസ്കാരം

വളർത്തിയെടുക്കുകയും..... അവസാനം യു.ഡി.എഫിന്റെ ഒരു നേതാവ് തന്നെ പരസ്യമായി പറഞ്ഞു കുടുംബ ബഡ്ജറ്റിൽ കുടുംബ ബാറുകൾ വന്നിരിക്കുന്നു, അത് ഏതാണ്ട് 30 ശതമാനത്തിലധികം വർദ്ധിച്ചിട്ടുണ്ട് എന്ന്. വാങ്ങിക്കൊണ്ടുപോകുന്ന മദ്യം വീടുകളിൽ വച്ച് കഴിക്കുന്നതുകൊണ്ട് കുടുംബത്തെ തന്നെ തകർക്കുന്നുവെന്ന് കേരളത്തിലെ ഉന്നതനായിട്ടുള്ള ഒരു കോൺഗ്രസ് നേതാവ് പരസ്യമായി പ്രഖ്യാപിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വന്നിട്ടുണ്ട്. ബാറുകൾ പൂട്ടിയതിന്റെ ഫലമായി അനധികൃതമായി മദ്യവിൽപ്പന നടത്തുന്ന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിക്കുകയും അത് സാംസ്കാരിക പൈതൃകത്തേയും ഇതുവരെ വളർത്തിയെടുത്തിട്ടുള്ള എല്ലാ നന്മയേയും ഇല്ലാതാക്കുന്ന രീതിയിൽ ഒരു ക്രിമിനൽ സംഘം കേരളത്തിൽ വളർന്നുവരികയും ചെയ്തു എന്നുള്ള യഥാർത്ഥ്യം യു.ഡി.എഫിന്റെ നേതാക്കൾ വിസ്മരിക്കരുതെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. യഥാർത്ഥത്തിൽ ഇപ്പോൾ 1175 വിദേശ മദ്യശാലകളും 800 ബിയർ/വൈൻ പാർലറുകളും 306 സർക്കാർ നിയന്ത്രിതമായിട്ടുള്ള വിദേശമദ്യശാലകളും 30 പഞ്ചനക്ഷത്ര ബാറുകളും 5000 കള്ളുഷാപ്പുകളുമുൾപ്പെടെ വിപുലമായ ഒരു ശൃംഖലയാണ് കേരളത്തിൽ യു.ഡി.എഫിന്റെ കാലത്തുണ്ടായതെന്ന് നാം കാണേണ്ടതായിട്ടുണ്ട്. കേരളാ ഗവൺമെന്റ് എന്താണ് ചെയ്യാൻ

ഉദ്ദേശിക്കുന്നതെന്ന് ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയമായി ഇച്ഛാശക്തിയുള്ള ഒരു സർക്കാർ നമുക്കുണ്ടായിരിക്കുന്നപ്പോൾ നമുക്ക് ദിശാബോധം നൽകിയിരിക്കുന്നത് എൽ.ഡി.എഫിന്റെ നയങ്ങൾ തന്നെയാണ്. ആ നയപ്രഖ്യാപനങ്ങൾ പൊതുജനങ്ങളുടെ ഇടയിൽ വലിയ മതിപ്പുളവാക്കിയിട്ടുണ്ട്. വലിയ തോതിലുള്ള ഒരു ശുഭാപ്തി വിശ്വാസമാണ് എൽ.ഡി.എഫ്. ഗവൺമെന്റിനെ സംബന്ധിച്ച് ആളുകൾക്കുള്ളത്. പ്രതീക്ഷാനിർഭരമായ ഒരു മനസ്സുമായിട്ടാണ് ജനം എൽ.ഡി.എഫ്. സർക്കാരിനെ സ്വീകരിക്കുന്നത്. അഴിമതി വീരന്മാരായിട്ടുള്ള ആളുകൾ അഴിയെണ്ണുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി അതിക്രമങ്ങൾ ഉയർന്നുവരുമ്പോൾ അതിനെതിരായി ചോദിക്കാനും പറയാനും ഇടതുപക്ഷക്കാരുണ്ട് എന്ന തോന്നൽ ഈ നാട്ടിൽ വളർന്നുവന്നിട്ടുണ്ട്. മതത്തിന്റെ പേരിൽ തമ്മിലടിപ്പിക്കുന്ന നിലപാട് ഇല്ലാതാക്കാൻ ആവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. പഴയതുപോലെ ആരേയും അഴിഞ്ഞാടാൻ ഈ സർക്കാർ അനുവദിക്കില്ല എന്നുള്ള പ്രഖ്യാപനം കൂടിയാണ് ഇവിടെ ബഹുമാനപ്പെട്ട ഗവർണർ തന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ നടത്തിയിട്ടുള്ളത്. അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും കൊണ്ട് നട്ടുവൊടിഞ്ഞ ഒരു സമ്പദ്ഘടനയെ ഉയർത്തെഴുന്നേൽപ്പിക്കാൻ പോന്നവരുടെ

കരങ്ങളിലാണ് ഭരണമെന്ന ദൃഢമായ വിശ്വാസം ജനങ്ങൾക്കിടയിൽ വളർന്നുവന്നിട്ടുണ്ട്. ജനവിരുദ്ധനയങ്ങൾ തുത്തെറിയപ്പെടുമെന്നും പരിസ്ഥിതി സൗഹൃദം സുസ്ഥിരമായി രാജ്യത്തിനുതന്നെ അഭിമാനിക്കാൻ കഴിയുന്ന ഒരു വികസന മാതൃക ഇവിടെ രൂപപ്പെട്ടു വരുന്നുവെന്നും അതിന്റെ പുതുമലരുകൾ വിരിയുമെന്നും ജനങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുകയും വിശ്വസിക്കുകയുമാണ്. ജനങ്ങളുടെ ഈ സ്വപ്നങ്ങൾക്ക് ചിറക് നൽകുന്നതാണ് ബഹുമാന്യനായ ഗവർണറുടെ നയപ്രഖ്യാപനമെന്ന് ഞാൻ നന്ദിപൂർവ്വം സ്മരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനമാണ് മത്സ്യമേഖല. 590 കി. മീ. ദൈർഘ്യമുള്ള തീരത്ത് നിരവധി മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് തിങ്ങിപ്പാർക്കുന്നത്. അവർക്കായി വിവിധങ്ങളായ പദ്ധതികളാണ് കേരള ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. മത്സ്യബന്ധനമേഖലയെപ്പറ്റി പഠനം നടത്തിയ ഡോ. അയ്യപ്പൻ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കും, മത്സ്യത്തൊഴിലാളി ഡേറ്റാബാങ്ക്, ഫാമിലി കാർഡ്, തീരസുരക്ഷയ്ക്ക് മറൈൻ ബറ്റാലിയൻ, മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ തുടങ്ങിയവ നടപ്പാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. എന്റെ മണ്ഡലമായ കൊയിലാണ്ടിയുൾപ്പെടെയുള്ള മണ്ഡലങ്ങൾ ഏതാണ്ട് തീരദേശ മണ്ഡലമാണ്. ആ

മണ്ഡലങ്ങളിൽ പുതിയൊരുണർവ് പ്രദാനം ചെയ്യാൻ ഈ പ്രഖ്യാപനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. അതുപോലെ 25 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന പ്രഖ്യാപനം യുവജനങ്ങളിലും രക്ഷിതാക്കളിലും വലിയ പ്രതീക്ഷയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജി, ബയോ ടെക്നോളജി, ഇലക്ട്രോണിക്സ്, ടൂറിസം, കൃഷി, വാണിജ്യം, ചെറുകിട വ്യവസായം, നിർമ്മാണ മേഖല എന്നീ മേഖലകളിലെല്ലാം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് ഗവർണറുടെ ഈ പ്രഖ്യാപനത്തിൽ പറയുന്നതും സ്വാഗതാർഹമായ തീരുമാനമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കാലോചിതമായ രീതിയിൽ വർദ്ധിപ്പിച്ചത് ദുർബല ജനവിഭാഗങ്ങളുടെ ഇടയിൽ വലിയ ആശ്വാസമാണ് ഉണ്ടാക്കിയിട്ടുള്ളത്. ആ വിശ്വാസം അരക്കിട്ടുറപ്പിക്കുന്ന നിലപാടുകളാണ് തുടർന്നും ഗവൺമെന്റ് സ്വീകരിക്കുക. വിലക്കയറ്റം, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുമെന്നും പൊതുവിപണിയിൽ ശക്തമായി ഇടപെടുമെന്നും കൂടുതൽ മാവേലിസ്റ്റോറുകളും പെട്രോൾ പമ്പുകളും എൽ.പി.ജി. വിപണനകേന്ദ്രങ്ങളും തുറക്കുമെന്നുമുള്ള പ്രഖ്യാപനവും സാമാന്യ ജനങ്ങൾക്ക് വലിയ ആശ്വാസമായി മാറുന്ന പ്രഖ്യാപനങ്ങളാണ്. ഭൂരഹിതർക്ക് സമയബന്ധിതമായി ഭൂമി നൽകും, ചികിത്സാ

രംഗത്തെ ഭീമമായ ചെലവ് നേരിടാൻ ചികിത്സാ പദ്ധതി, താലൂക്ക്, ജില്ലാ ആശുപത്രികൾ, സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളായി ഉയർത്തുമെന്നും കോഴിക്കോട് മെഡിക്കൽകോളേജിനെ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് നിലവാരത്തിലേയ്ക്കുയർത്തുമെന്നുമുള്ള ജനങ്ങളുടെ ചിരകാല സ്വപ്നങ്ങൾ പൂവണിയാൻ പോകുകയാണ്. 5 വർഷമായി മുടങ്ങിക്കിടക്കുന്ന സൈബർ പാർക്കിന്റെ നിർമ്മാണം വേഗത്തിൽ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന തീരുമാനവും സ്വാഗതാർഹമായ കാര്യമാണ്. ഇപ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരൊറ്റ വനിതാ എം.എൽ.എ. ആയിരുന്നു ഭരണപക്ഷത്ത് ഉണ്ടായിരുന്നത്. ജയിക്കുന്ന മണ്ഡലത്തിൽ ഒരു വനിത പ്രതിനിധിയെ മത്സരിപ്പിക്കാൻ ഇന്നുവരെ യു.ഡി.എഫിന് കഴിഞ്ഞിട്ടുണ്ടോ? സമരങ്ങളിലും പ്രക്ഷോഭങ്ങളിലും സജീവമായി ഇവരെ പങ്കെടുപ്പിച്ച് ജയിലറകളിൽ വരെ ഇവരെ തള്ളിവിടുന്നുണ്ട്. പക്ഷേ ഈ ഗവൺമെന്റിന്റെ ഭാഗമായി ഇവിടെ വന്നിട്ടുള്ള വനിതാ എം.എൽ.എ.മാരുടെ എണ്ണം തെളിയിക്കുന്നത് രാഷ്ട്രീയ മുതലെടുപ്പിന് വേണ്ടി സ്ത്രീകളെ ഉപയോഗിക്കുന്ന കാപട്യം ഇടതുപക്ഷജനാതിപത്യമുന്നണിക്ക് ഇല്ല, മറിച്ച് ആഫീസ് ജീവനക്കാരിയെ കൊന്ന് ചാക്കിൽ കെട്ടി കുളത്തിൽ തള്ളുന്ന കൊടും ക്രൂരത കണ്ടാണ് ഈ സ്ത്രീ സമൂഹം

ഇടതുപക്ഷ ജനാതിപത്യമുന്നണിക്ക് ചെക്ക് ചെക്കായി വോട്ട് രേഖപ്പെടുത്തി വലിയ ഭൂരിപക്ഷത്തിന് ഞങ്ങളെ ഈ നിയമസഭയയിലേയ്ക്ക് അയച്ചതെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളും ജനങ്ങൾക്ക് ആവേശം നൽകുന്നതുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ.രമേശ് ചെന്നിത്തല) : സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. വാക്കും പ്രവർത്തിയും തമ്മിൽ വലിയ അന്തരം ഈ നയപ്രഖ്യാപനത്തിൽ നമുക്ക് കാണാൻ കഴിയും. ഖണ്ഡിക-28 പാഴ്ചെലവുകൾ ഒഴിവാക്കി സാമ്പത്തിക രംഗം മെച്ചപ്പെടുത്തുമെന്ന് ഗവർണറെക്കൊണ്ട് പറയിച്ച ഈ സർക്കാർ തുടക്കം വളരെ ഗംഭീരമാക്കി. സത്യപ്രതിജ്ഞാ മാമാങ്കത്തിന് വേണ്ടി ചെലവഴിച്ചത് 35,50,794/- രൂപയാണ്. ശ്രീ. ഷാഫി പറമ്പിൽ നൽകിയ അൺസ്റ്റാർഡ് ചോദ്യത്തിനുള്ള മറുപടിയിലാണ് ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നത്. അതുമാത്രമല്ല 83 പ്രിന്റ് മാധ്യമങ്ങൾക്കായി ഫുൾ പേജ് കളർ പരസ്യം, ശ്രവണ ദൃശ്യമാധ്യമങ്ങൾക്കുള്ള പരസ്യങ്ങൾ .... ഇവയുടെയൊന്നും ബില്ലുകൾ വന്നിട്ടില്ല. ഇതാണോ സർക്കാരിന്റെ ധൂർത്ത് ഒഴിവാക്കൽ. ഇതെല്ലാം കൂടിയാകുമ്പോൾ എത്രകോടിയാകും സർക്കാരിന്റെ ഉദ്ഘാടന മാമാങ്കത്തിനുവേണ്ടി ചെലവഴിക്കേണ്ടിവന്നത്. കഴിഞ്ഞ

തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. പറഞ്ഞത് കേരളത്തിൽ നിയമന നിരോധനം ഉണ്ടെന്നാണ്. ശ്രീ. പി. കെ. ബഷീർ എം.എൽ.എ. യുടെ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരിക്കുന്ന - 'മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിയമന നിരോധനമുണ്ടായിരുന്നോ?' - 'ഇല്ല'. 'മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര പേർക്ക് പി.എസ്.സി. നിയമനം നൽകി - 154238; ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു - 25/05/2016 മുതൽ 21/06/2016 വരെ 4308 ഒഴിവുകൾ.' ഇവിടെ നിയമന നിരോധനം ഇല്ലായിരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി കൊടുത്തു. 2016 മെയ് 30-ന് റിട്ടയർ ചെയ്ത ഒഴിവുകളായിരുന്നു 4,308 ഒഴിവുകൾ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു ഒഴിവുപോലും നികത്താതിരുന്നില്ല എന്നുള്ളതിന്റെ സൂചനയാണ് ശ്രീ. പി. കെ. ബഷീറിന് ബഹുമാന്യനായ മുഖ്യമന്ത്രി നൽകിയ മറുപടി. നയപ്രഖ്യാപനം ഖണ്ഡിക 101-ൽ സർക്കാർ കശുവണ്ടിക്ക് പ്ലാന്റേഷൻ പദവി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കും. 2005-ൽ ശ്രീ.കെ.എം. മാണിസാർ ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ കൊണ്ടുവന്നപ്പോൾ നഖശിഖാന്തം എതിർത്ത ഇടതുപക്ഷം തന്നെയാണ് ഇപ്പോൾ ഇത് പറയുന്നത്. ശ്രീ. വി.എസ്.അച്യുതാനന്ദൻ അന്ന് മൂന്നാം

വായനയിൽ പറഞ്ഞ ഒരു കാര്യം ഞാൻ ഉദ്ധരിക്കാം. " .... അതുകൊണ്ട് അത്യന്തം ദ്രോഹകരമായിട്ടുള്ള ഈ ഭേദഗതി നിയമം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. കേരള കോൺഗ്രസ് മാണിയുടെ പാർട്ടിതന്നെ. പാവപ്പെട്ടവരായ കൃഷിക്കാരുണ്ടെങ്കിൽ, ഭൂരഹിതരായ കൃഷിക്കാരുണ്ടെങ്കിൽ, ഹരിജനങ്ങളുണ്ടെങ്കിൽ ഇവരെയെല്ലാം ചതിക്കപ്പെടുന്നതിനിടയാക്കുന്ന ഒരു നിയമമാണിത്. ഇതൊരു കാരണവശാലും അംഗീകരിക്കാൻ അനുവദിക്കാൻ കഴിയില്ല..." ശ്രീ. കെ. പി. രാജേന്ദ്രനും അതുതന്നെയാണ് പറയുന്നത്. നിങ്ങൾ നിങ്ങളുടെ നയം മാറ്റിയോ? ഗവർണറെക്കൊണ്ട് ഇങ്ങനെ നിങ്ങൾ എങ്ങനെയാണ് പറയിച്ചിരിക്കുന്നത് ? യു.ഡി.എഫിന്റെ മദ്യനയം തുടരുമെന്നാണ് സി.പി.എം.ന്റെ അഖിലേന്ത്യ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി ഇലക്ഷന് മുമ്പ് പറഞ്ഞത്. മദ്യനയം രൂപീകരിക്കാൻ വിവിധ വിഭാഗങ്ങളുമായി ചർച്ച നടത്തുമെന്നാണ് നയപ്രഖ്യാപനത്തിൽ പറയുന്നത്. തെരഞ്ഞെടുപ്പ് സമയത്ത് മദ്യലോബിയുമായി ഉണ്ടാക്കിയ അവിശുദ്ധ കൂട്ടുകെട്ടിന്റെ പരിണിതഫലമാണ് ഈ മാറ്റം. യു.ഡി.എഫ്. അടച്ച വിദേശ മദ്യഷോപ്പുകൾ തുറക്കുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം. അതോ വരാൻപോകുന്ന പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ബാറുകൾ കേരളത്തിൽ തുറക്കാനാണോ നിങ്ങളുടെ ലക്ഷ്യം?

മുഖ്യമന്ത്രി വ്യക്തമാക്കുമെന്ന് ഞാൻ കരുതുന്നു. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്നും അടുത്ത അഞ്ചുവർഷത്തേയ്ക്ക് ഉൽപ്പന്നങ്ങളുടെ വില ഉയരുന്നതല്ല എന്നുമാണ് എൽ.ഡി.എഫ്. പ്രകടന പത്രികയിലെ ഖണ്ഡിക 372-ൽ പറയുന്നത്. നയപ്രഖ്യാപനപ്രസംഗത്തിലെ ഖണ്ഡിക 84-ൽ പറയുന്നത് മാവേലി സ്റ്റോറുകൾ വഴി വിൽക്കപ്പെടുന്ന സബ്സിഡിയുള്ള പതിമൂന്ന് സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതല്ലെന്നാണ്. ബാക്കിയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളുടെ വിലയും വർദ്ധിപ്പിക്കുമെന്നാണ്. ദീർഘകാലമായി മലബാറിലുള്ള വ്യക്തികളുടെ കൈകളിലുള്ള കുറഞ്ഞ വിസ്തീർണത്തിലുള്ള ഭൂമി പതിച്ചുകൊടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നുവെന്നാണ് ഖണ്ഡിക 209-ൽ പറയുന്നത്. പാർട്ടി സഖാക്കൾക്ക് ഭൂമി ഇഷ്ടംപോലെ പതിച്ചുകൊടുക്കാനാണോ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? നയപ്രഖ്യാപനപ്രസംഗത്തിലെ 15 ഓളം ഖണ്ഡികകൾ യു.ഡി.എഫ്. സർക്കാരിന്റെ നയപ്രഖ്യാപനപ്രസംഗത്തി ലുള്ളതാണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. യു.ഡി.എഫ്.-ന്റെ മെഗാപ്രോജക്ടുകൾ അതുപോലെ തുടരുന്നു എന്ന ഞങ്ങളുടെ നയം നിങ്ങൾ അംഗീകരിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണറെകൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ഈ നയപ്രഖ്യാപനം നയമില്ലാത്ത പ്രഖ്യാപനങ്ങളാണ്, പൊള്ളയായ

കാര്യങ്ങളാണ്. ദിശാബോധമില്ലാത്ത ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ.

നിങ്ങൾ വിശുദ്ധന്മാരായി മേലങ്കി അണിയുകയാണ്. മത്തായിയുടെ സുവിശേഷം 23-ാം അദ്ധ്യായത്തിലെ 27, 28 വരെയുള്ള വാക്കുകൾ ഞാൻ വായിക്കാം. 'കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; വെള്ളതേച്ച ശവക്കല്ലറകളോടു നിങ്ങൾ ഒത്തിരിക്കുന്നു; അവ പുറമെ അഴകായി ശോഭിക്കുന്നെങ്കിലും അകമെ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അങ്ങനെതന്നേ പുറമേ നിങ്ങൾ നീതിമാന്മാർ എന്നു മനുഷ്യർക്കു തോന്നുന്നു; അകമെയോ കപടഭക്തിയും അധർമ്മവും നിറഞ്ഞവരത്രേ' നിങ്ങൾ എന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. പരാജയപ്പെട്ടു, എൽ.ഡി.എഫ്. വിജയിച്ചിരിക്കുന്നു. ഞങ്ങൾ ഈ തോൽവി അംഗീകരിക്കുന്നു. ജനവിധി അംഗീകരിച്ചുകൊണ്ട് യു.ഡി.എഫ്. മുന്നോട്ടുപോകും. ജനാധിപത്യത്തിൽ തോൽവിയും വിജയവും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. കഴിഞ്ഞ പത്തുവർഷക്കാലം തുടർച്ചയായ പരാജയങ്ങളാണ് എൽ.ഡി.എഫ്. നേരിട്ടത്. അച്ചുതാനന്ദൻ ഗവൺമെന്റ് ജയിച്ചതിനുശേഷം പിന്നീട് ഒരു തെരഞ്ഞെടുപ്പിലും ജയിക്കാൻ കഴിയാതിരുന്ന ഇടതുപക്ഷത്തെ ജനങ്ങൾ

പത്തുവർഷം അകറ്റി നിർത്തുകയാണ് ചെയ്തത്. അത് മതിയായ ശിക്ഷയാണെന്ന് കണ്ട് ജനങ്ങൾ നിങ്ങൾക്കൊരു അവസരം നൽകിയിരിക്കുകയാണ്. അതിനപ്പുറം ഈ വിജയത്തെപ്പറ്റി നിങ്ങൾ ആഘോഷിക്കേണ്ടതായ യാതൊരു കാര്യവുമില്ല. ഒരു ആറുമാസക്കാലം ഹണിമൂൺ പിരീഡിൽ നിങ്ങൾ അടങ്ങിയിരിക്കുമെന്ന് ഞങ്ങൾ കരുതി. തുടക്കത്തിൽ തന്നെ ആശങ്കയും പൊരുത്തക്കേടുകളും കല്ലുകടികളുമാണ് ഞങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. മന്ത്രിസഭായോഗം കഴിഞ്ഞുള്ള പത്രസമ്മേളനമില്ല. ഇത് മന്ത്രിസഭായോഗമെടുത്ത തീരുമാനമാണോ; അതോ മുഖ്യമന്ത്രി സ്വയമെടുത്ത തീരുമാനമാണോ? മാധ്യമങ്ങളെ ജനാധിപത്യത്തിൽ അങ്ങനെ അകറ്റിനിർത്താൻ കഴിയുമോ; ഫോർത്ത് എസ്റ്റേറ്റ് ജനാധിപത്യത്തിന്റെ അനിവാര്യമായ ഒരു ഘടകമല്ലേ? മുഖ്യമന്ത്രി നരേന്ദ്രമോഡിയുടെ അതേ പാതയാണ് പിന്തുടരുന്നത്. നരേന്ദ്രമോഡിയും പിണറായി വിജയനും പത്രക്കാരെ കാണുന്നില്ല. മാധ്യമങ്ങളെയും പ്രതിപക്ഷത്തെയും അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുമോ? തുടക്കം കാണുമ്പോൾ അപദാനങ്ങൾ അങ്ങയെ വീണ്ടും വീണ്ടും വല്ലാതെ ബാധിക്കുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങ് കരുത്തനാണെന്നും ശക്തനാണെന്നുമൊക്കെ പറയുന്നത് കേട്ട് അങ്ങ് വീണുപോകരുത്. കാരണം മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ നിയമസഭാവേദിയെ സംഘർഷത്തിന്റെ ഭൂമിയാക്കി

മാറ്റുന്നത് ശരിയല്ല; ഞങ്ങൾ അത് ആഗ്രഹിക്കുന്നില്ല. സമന്വയത്തിന്റെയും പരസ്പരധാരണയുടെയും വേദികളാണ് നിയമസഭാവേദികൾ, നിയമനിർമ്മാണ വേദികൾ. തുടക്കത്തിൽതന്നെ ഞങ്ങൾക്ക് തോന്നുന്നത് സംഘർഷത്തിന്റെ പാതസ്വീകരിക്കാനാണ് ഭരണകക്ഷി തയ്യാറാകുന്നത് എന്നാണ്. സഭയിലെ ബിസിനസ്സ് കാര്യങ്ങൾ നടത്തിക്കൊണ്ട് പോകേണ്ട ഉത്തരവാദിത്വം ഭരണകക്ഷിക്കാണ്. അതുകൊണ്ട് തുടക്കത്തിലുള്ള ഇത്തരമൊരു പ്രകോപനപരമായ നടപടികൾ ഉണ്ടാകരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

യു.ഡി.എഫ്. ഒരു ശക്തമായൊരു മുന്നണിയാണ്. ഞങ്ങൾ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. ഞങ്ങൾക്കുണ്ടായ പാളിച്ചകൾ ഞങ്ങൾ തിരുത്തും. കൂടുതൽ ജനവിശ്വാസമാർജ്ജിച്ചുകൊണ്ട് യു.ഡി.എഫ്. തിരുച്ചുവരും. ശക്തമായിത്തന്നെ തിരിച്ചുവരും. ആ കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു ആശങ്കയുമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ജയിച്ചു. കഴിഞ്ഞ തവണ പ്രതിപക്ഷത്തിരുന്നപ്പോൾ കിട്ടിയ വോട്ടുകളുടെ ശതമാനം ഇത്തവണ ഇടതുപക്ഷത്തിന് 91 സീറ്റ് കിട്ടിയപ്പോഴും ലഭിച്ചില്ല എന്നുള്ള കാര്യം ഓർക്കണം. അതായത് 2001-ൽ എൽ.ഡി.എഫ്.-ന് ലഭിച്ച പിന്തുണ ഇപ്പോൾ ലഭിച്ചില്ല എന്നുള്ളത് കാണാൻ കഴിയും. ഇവിടെ കോൺഗ്രസ്സിനെ പരാജയപ്പെടുത്തുക

എന്നുള്ള കോമൺ അജണ്ടയാണ് ബി.ജെ.പി.ക്കും സി.പി.എം.നുമുള്ളത്. ബി.ജെ.പി. ആഗ്രഹിക്കുന്നത് കോൺഗ്രസ്സ് മുക്തഭാരതം എന്നാണ്. എൽ.ഡി.എഫ്. ആഗ്രഹിക്കുന്നത് കോൺഗ്രസ്സിനെ പരാജയപ്പെടുത്തുക എന്നാണ്. ഈ രണ്ട് പാർട്ടിക്കാരുടെയും കോമൺ അജണ്ട ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു. അത് താൽക്കാലിമായൊരു വിജയമാണ്. ആത്യന്തികമായി മതേതരത്വത്തിന് മാത്രമേ വിജയമുണ്ടാകൂ. ഇവിടെ വിവിധ മതവിഭാഗങ്ങളിൽ ആശങ്കയുണ്ടാക്കികൊണ്ട്, മതപരമായ ഭിന്നിപ്പ് വർദ്ധിപ്പിച്ചുകൊണ്ട് തെരഞ്ഞെടുപ്പിനെ വിജയിക്കാൻ ഒരു പക്ഷേ കഴിഞ്ഞേക്കാം. അത് ശാശ്വതമായ വിജയമല്ല. ആത്യന്തികവും ശാശ്വതവുമായ വിജയം ജനാധിപത്യത്തിന്റേതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒ. രാജഗോപാലിന്റെ കന്നി വോട്ട് ലഭിച്ചത് ആർക്കാണ്? ഇന്ന് ശ്രീ. ഒ. രാജഗോപാൽ പ്രസംഗിച്ചത് ആർക്കുവേണ്ടിയാണ്? എ.കെ.ജി. സെന്ററിൽപോയി പിണറായി വിജയന് ആശീർവാദം കൊടുത്തത് ആരാണ്? ശ്രീ. രാജഗോപാൽ തന്നെയാണ്. ഇന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ ആർക്കാണ് സംശയമുണ്ടാകുന്നത്? നിങ്ങളോടൊപ്പമാണ് അദ്ദേഹം എന്നുള്ളത് വളരെ വ്യക്തമായി പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മുഴുവൻ ഭാഗങ്ങളും എൽ.ഡി.എഫ്.-ന്റെ നയപ്രഖ്യാപനത്തോടുള്ള ഏറ്റവും ശക്തമായ

പിന്തുണയാണ് രേഖപ്പെടുത്തിയത്. ഞങ്ങൾ ഈ അവിശുദ്ധമായ കൂട്ടുകെട്ടുകൾക്കെതിരായിട്ടുള്ള പോരാട്ടം തുടരും. ഇന്ത്യയിൽ വർഗ്ഗീയശക്തികൾക്കെതിരെ പോരാട്ടം നടത്താൻ കഴിയുന്ന ഏകപ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് തന്നെയാണ്. ഞങ്ങൾ അത് തെളിയിച്ചിട്ടുള്ളവരാണ്. ഈ രാജ്യത്തെ മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കാൻവേണ്ടി ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടേയും ധീരമായ രക്ഷസാക്ഷിത്വം ഉണ്ടായ നാടാണിത്. മതപരമായ ഭിന്നിപ്പ് വളർത്തി, രാജ്യത്ത് വിദ്വേഷത്തിന്റെ രാഷ്ട്രീയം ഉയർത്തി പിടിക്കുന്ന ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും സംഘപരിവാറിനുമെതിരായി ശക്തമായ പടനയിക്കാൻ കോൺഗ്രസ്സിനും കേരളത്തിലെ യു.ഡി.എഫ്.-നും കഴിയുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ഞങ്ങൾ ആഗ്രഹിക്കുന്നത് ഒരു ദേശീയ മതേതരജനാധിപത്യ ബദലാണ്. എല്ലാ മതേതരകക്ഷികളെയും യോജിപ്പിച്ചുകൊണ്ട് സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ, രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ വലിയൊരു പോരാട്ടം ഇന്ത്യയിൽ നടക്കുന്നു. ആ പോരാട്ടത്തെ ശക്തിപ്പെടുത്താനുള്ള നടപടികളുമായി ഞങ്ങൾ മുന്നോട്ടുപോകും. കേരളത്തിലെ യു.ഡി.എഫ്. കൂടുതൽ ശക്തമായി ജനങ്ങളുടെ പിന്തുണയാർജ്ജിച്ചുകൊണ്ട് വരുംനാളുകളിൽ

മുന്നോട്ടുപോകും. ഈ ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായ പോരാട്ടം ശക്തമായി തുടരുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. നിർത്തുന്നു നമസ്കാരം.

ശ്രീ. ഹൈബി ഈഡൻ: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ചകൾ അവസാനിച്ചു. ബന്ധപ്പെട്ട വകുപ്പിലെ മന്ത്രിമാർ മറുപടി പറയാൻ പോകുന്ന അവസരത്തിൽ ഉദ്യോഗസ്ഥഗ്യാലറിയിൽ ആരും തന്നെയില്ല.

മി. സ്പീക്കർ: പരിശോധിക്കാം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനപ്രസംഗത്തിൽ വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ച കാര്യം.... ഇവിടെ നടത്തിയ ചർച്ചകളിൽനിന്ന് എന്തെല്ലാം അഭിപ്രായങ്ങൾ ഉയർന്നുവരുമ്പോഴും ഒരു കാര്യം പ്രകടമാണ്. കേരളത്തിലെ ജനാധിപത്യമുന്നണിക്ക് ജനങ്ങൾ പരിപൂർണ്ണമായ പിന്തുണ നൽകിയതിന്റെ ഏറ്റവുംവലിയ ദൃഷ്ടാന്തമാണ് 91 അംഗങ്ങൾ. ഈ അംഗങ്ങളെയെല്ലാം വിജയിപ്പിച്ച് അയച്ചതിനുശേഷവും അതിൽനിന്ന് വ്യത്യസ്തമായി, സാധാരണഗതിയിൽ പ്രതീക്ഷിക്കാത്തവിധം ബഹുമാന്യനായ രാജേട്ടൻ എങ്ങനെയാണ് നേമത്തുനിന്ന്

ജയിച്ചത്. പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർ പറയുന്നത് ഇടതുപക്ഷവും ബി.ജെ.പി.യും തമ്മിലുള്ള ധാരണയാണെന്നാണ്. നേമത്തുനിന്നും ലഭിച്ച യു.ഡി.എഫ്. വോട്ട് എത്രയാണ്? എങ്ങനെയാണ് ബി.ജെ.പി.ക്ക് ജയിച്ചുവരാൻ കഴിഞ്ഞത്? ഇവിടെ വലിയ അവകാശവാദങ്ങളൊക്കെ ഉന്നയിക്കുകയുണ്ടായി. യു.ഡി.എഫ്.-നും എൽ.ഡി.എഫ്.നും ലഭിച്ച വോട്ടിന്റെ കാര്യവും ബി.ജെ.പി.ക്ക് വലിയ തോതിൽ ലഭിച്ച വോട്ടിന്റെ കാര്യവും ചിലർ ചൂണ്ടിക്കാണിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ബി.ജെ.പി.-ക്ക് 10.5 ശതമാനം വോട്ടാണ് ലഭിച്ചത്. അതൊരു വർദ്ധനവ് തന്നെയാണ്. 7 ശതമാനം അൽപ്പം വർദ്ധിച്ചുവെന്നത് നേരാണ്. ആ വർദ്ധനവ് ഉണ്ടാക്കികൊടുക്കുന്നതിൽ യു.ഡി.എഫ്.-ന്റെ ഭാഗത്ത് പ്രത്യേകിച്ച് കോൺഗ്രസ്സിന്റെ വലിയൊരു സംഭാവന ഉണ്ടായിട്ടുള്ളതിൽ ആർക്കാണ് നിഷേധിക്കാൻ കഴിയുക; അല്ലെങ്കിൽ എങ്ങനെയാണ് ജയിച്ചുവരാൻ കഴിയുക? പലതരത്തിലുള്ള കൂട്ടുകെട്ടുകളാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ആ കൂട്ടുകെട്ടുകളുടെ അടിസ്ഥാനത്തിൽ പരസ്പരധാരണയോടെ ആളുകൾക്ക് ജയിച്ചുവരാനുള്ള സമീപനം സ്വീകരിച്ചത് യു.ഡി.എഫ്.-ന്റെ, ബി.ജെ.പി.യുടെ ഭാഗത്തുനിന്നുള്ളതാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇങ്ങനെയൊക്കെ ഉണ്ടായിട്ടും ഇടതുപക്ഷജനാധിപത്യമുന്നണി 91 അംഗങ്ങളെ ജയിപ്പിച്ചെടുത്തുകൊണ്ട്

ജനങ്ങളുടെ വിധിനേടി ഇവിടെ അധികാരത്തിൽ വരുമ്പോൾ അസഹിഷ്ണുതയോടുകൂടി ഇതിനെ സമീപിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല എന്നതാണ് യു.ഡി.എഫ്. നേതൃത്വത്തിനോട് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. പൊതുവായി ഇവിടെ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളെക്കുറിച്ച് തീർച്ചയായും ബഹുമാന്യനായ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ മറുപടി പറയും. ചില വിഷയങ്ങൾ മാത്രമായി ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും വീട് ഇല്ലാത്തവർക്ക് വീടും എന്ന കാഴ്ചപ്പാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രഖ്യാപിച്ചിരിക്കുന്നത്. ജനപക്ഷ നിലപാട് സ്വീകരിച്ചുകൊണ്ടുള്ള ഭരണം കാഴ്ചവയ്ക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിന് തുടക്കം കുറിച്ച നാളുകൾ മുതൽ എല്ലാവർക്കും ബോധ്യപ്പെട്ടിട്ടുള്ളതാണ്. നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ, പൊതുവിതരണ രംഗത്തും പൊതുഭരണ രംഗത്തും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും കാർഷികരംഗത്തും സ്വീകരിച്ചിട്ടുള്ള സമീപനങ്ങളുൾപ്പെടെ ജനപക്ഷ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമാണ്. ആദ്യ ക്യാബിനറ്റ് യോഗത്തിലെടുത്ത തീരുമാനത്തിലുൾപ്പെടെ ചൂണ്ടിക്കാണിക്കുന്നത് ഈ സമൂഹത്തിലെ മഹാഭൂരിപക്ഷം ആളുകളുടെ വോട്ട്

നേടി അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാനും അവരുടെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും പ്രതിജ്ഞാബദ്ധമാണ് എന്നതിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങളുമായാണ് മുന്നോട്ടുപോകുന്നത് എന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നിട്ട് ഒരു മാസം തികഞ്ഞിട്ടില്ല. എന്നിട്ടും നിങ്ങൾ അസഹിഷ്ണുതയോടുകൂടിയാണ് ഈ ഗവൺമെന്റിനോട് പെരുമാറുന്നത്. നിങ്ങളുടെ എല്ലാതരത്തിലുമുള്ള വാക്കുകളിലും പ്രവൃത്തികളിലും നമുക്ക് കാണാൻ കഴിയുന്നത് ഈ ഗവൺമെന്റിനോടുള്ള നിങ്ങളുടെ അസഹിഷ്ണുതയാണ്. എന്നാൽ ജനാധിപത്യ സംവിധാനത്തിൽ നിങ്ങൾ നിങ്ങളുടേതായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോഴും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഗവൺമെന്റും തീർച്ചയായും ജനങ്ങളോടുള്ള പരിപൂർണ്ണമായ ഉത്തരവാദിത്വം നിർവഹിച്ചുകൊണ്ട് ജനങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസം പൂർണ്ണമായും നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകുകതന്നെ ചെയ്യും. ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും വീട് ഇല്ലാത്തവർക്ക് വീടും എന്നത് നടപ്പാക്കാനുള്ള ശ്രമമായിരിക്കും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുക. എന്റെ മുൻഗാമിയായ ശ്രീ. അടൂർ പ്രകാശ്, അദ്ദേഹത്തിന്റെ ഭരണ പരിചയത്തിന്റെയും അനുഭവ

പരിചയത്തിന്റെയും അടിസ്ഥാനത്തിൽ പറഞ്ഞ കാര്യങ്ങളിൽനിന്ന് നല്ല കാര്യങ്ങൾ ഉൾക്കൊള്ളുന്നതിൽ ഈ ഗവൺമെന്റിന് ഒരു തരത്തിലുള്ള വിയോജിപ്പുമില്ല. ഇവിടെ ഐ.റ്റി. രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ, ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള നല്ല കാര്യങ്ങളൊന്നും വേണ്ടെന്ന് പറയുന്നില്ല. പക്ഷേ ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുമെന്ന പ്രഖ്യാപനവും അതിന്റെ ആദ്യജില്ലയായി കണ്ണൂരും രണ്ടാമത്തെ ജില്ലയായി കാസർഗോഡും പ്രഖ്യാപിച്ചത് എത്രത്തോളം ശരിയാണെന്ന് പരിശോധിക്കണം. ബഹുമാനപ്പെട്ട പ്രതിക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു പരാമർശം നടത്തുകയുണ്ടായി. മലബാർ മേഖലയിൽ ആളുകളുടെ കൈവശമിരിക്കുന്ന ഭൂമി പതിച്ചുകൊടുക്കും അല്ലെങ്കിൽ അവർക്ക് പട്ടയം കൊടുക്കും എന്നതിനെക്കുറിച്ച് അദ്ദേഹമിവിടെ ചൂണ്ടിക്കാണിച്ചത് പാർട്ടിക്കാർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനുവേണ്ടിയാണോ? കണ്ണൂരും കാസർഗോഡും ഭൂരഹിതജില്ലയാണെന്ന് പറയുന്ന നിങ്ങൾക്ക് ഇപ്പോൾ രണ്ട് ജില്ലയിലും അസൈൻമെന്റ് കമ്മിറ്റിയുടെ മുന്നിൽകെട്ടിക്കിടക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ നിഷേധിക്കാൻ കഴിയുമോ. ഭൂരഹിതരമാണ്

എല്ലാ ആളുകളുമെങ്കിൽ അത്രയും അപേക്ഷകൾ എങ്ങനെയാണ് അവിടെ കെട്ടിക്കിടക്കുന്നത്. ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കാൻ പോകുന്നു എന്ന പ്രഖ്യാപനം നടത്തുകയും പല പ്രദേശങ്ങളിലും റോഡുകൾ, തോടുകൾ, കല്ലുവെട്ടുകുഴികൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ഒരിക്കലും വാസയോഗ്യമല്ലാത്ത ഭൂമി ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിയുടെ ഭാഗമായി നിങ്ങൾ ചൂണ്ടിക്കാണിച്ചത് പലർക്കും ഇപ്പോഴും ഏറ്റെടുക്കാനും ഉപയോഗിക്കാനും കഴിഞ്ഞിട്ടില്ല. അവിടെ അവർക്ക് വീട് വയ്ക്കാൻ കഴിയുന്നില്ല. അവരെല്ലാവരും പരാതിയുമായി നിങ്ങളെ സമീപിച്ചതാണ്, ഇപ്പോൾ ഈ ഗവൺമെന്റിനെ സമീപിച്ചുകൊണ്ടിരിക്കുന്നു. അത്തരം കാര്യങ്ങൾ പരിശോധിക്കാനും തിരുത്തേണ്ട കാര്യങ്ങൾ തിരുത്താനും ഗവൺമെന്റ് തയ്യാറാകുമെന്നാണ് ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. അർഹതപ്പെട്ടവർക്ക് ഭൂമി കൊടുക്കുന്നതിൽ യാതൊരു തരത്തിലുള്ള വീഴ്ചയും വരുത്താൻ ഈ ഗവൺമെന്റിന് സാധ്യമല്ല. പത്തും അമ്പതും വർഷത്തോളമായി ആളുകൾ കൈവശം വച്ചിരുന്ന ഭൂമിയാണ് ലഭിക്കാതെ പോയത്. 10 സെന്റ്, 20 സെന്റ് 50 സെന്റ് തുടങ്ങി ഒരേക്കറിൽ താഴെവരുന്ന ഭൂമി ഉൾപ്പെടെയുള്ളതാണ് ഒരു വലിയ വിഭാഗം ആളുകളുടെ കൈവശമിരിക്കുന്നത്. പലവിധങ്ങളായ

സാങ്കേതിക തടസ്സങ്ങളുന്നയിച്ചുകൊണ്ട് അത് നിഷേധിക്കപ്പെട്ടത് എങ്ങനെ അനുവദിക്കാൻ കഴിയും; നിയമപരമായി എങ്ങനെ കൊടുക്കാൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കുമെന്നതാണ് മലബാർ മേഖലയിൽ നിലനിൽക്കുന്ന അത്തരം സ്ഥിതിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നത്. ഒരു കാര്യംകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 01.01.1977-നു മുമ്പ് കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം കൊടുക്കാനുള്ള സെൻട്രൽ ഗവൺമെന്റിന്റെയും സുപ്രീംകോടതിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ പ്രാരംഭനടപടികൾ കേരളത്തിലെ നാലഞ്ച് തെക്കൻ ജില്ലകളിൽ കഴിഞ്ഞകാലത്ത് നടത്തുകയുണ്ടായി. കഴിഞ്ഞ കാലത്ത് നടത്തിയിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ 28000-ൽപ്പരം ഹെക്ടർ ഭൂമി കണ്ടെത്തുകയും റവന്യൂ ഡിപ്പാർട്ടുമെന്റും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുംകൂടി ജോയിന്റ് വെരിഫിക്കേഷൻ നടത്തി നിശ്ചയിച്ചുകഴിഞ്ഞ ഈ ഭൂമിയിൽ ഏകദേശം ..........

<u>ശ്രീ. രാജു എബ്രഹാം:</u> സർ, 25 വർഷത്തെ ഉപാധിയോടുകൂടിയാണ് പട്ടയം കൊടുക്കുന്നത്. എന്നാൽ ഉപാധിരഹിത പട്ടയം കൊടുക്കണമെന്നതാണ് മലയോര കൈവശകൃഷിക്കാരുടെ ആവശ്യം. ആ നിലയിൽ

തീരുമാനമെടുക്കുമോ എന്നതാണ് അറിയേണ്ടത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാനിവിടെ ചൂണ്ടിക്കാണിച്ചത് 01.01.1977-നുമുമ്പുള്ള കൈവശക്കാർക്ക് നൽകിക്കൊണ്ടിരിക്കുന്ന പട്ടയത്തിന്റെ സ്ഥിതിയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന സാഹചര്യം പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, 30-40 വർഷമായി പുഴ, തോട്, കായൽ പുറമ്പോക്കുകൾ കൈവശമുള്ള, മറ്റ് ഭൂമിയോ വീടോ ഇല്ലാത്ത ആളുകൾക്ക് പട്ടയം കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭരണഘടനാ ഭേദഗതിക്കുശേഷം പുഴ, കായൽ, പുറമ്പോക്ക് ഇവയിൽ പലതും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. അത്തരം ഭൂമിയുടെ കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായംകൂടി പരിഗണിച്ച് നിയമപരമായ എല്ലാ പരിശോധനകളും നടത്തി ആവശ്യമായ തീരുമാനമെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എൻ.ഒ.സി. കൊടുക്കുകയും സി.ആർ.ഇസഡ്. വ്യവസ്ഥയിൽ വരാതിരിക്കുകയും

ഗവൺമെന്റിന് പട്ടയം കൊടുക്കാൻ അർഹത യുണ്ടാവുകയും ചെയ്ത കാര്യത്തിൽ ഡിലെ വരുത്താതെ അത് കൊടുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 5 വർഷക്കാലം ചെയ്യാതിരുന്ന കാര്യം ഇപ്പോൾ ചെയ്യുമോയെന്ന് ചോദിച്ചാൽ, തീർച്ചയായും പരിശോധിച്ച് ചെയ്യും. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഞ്ച് വർഷക്കാലവും നിയമം ഉണ്ടായിട്ടും നടക്കാതെ പോയ കാര്യമാണെങ്കിൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ അത് നടപ്പാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു പ്രോസസ് നടപ്പിലാക്കണമെങ്കിൽ ചിലപ്പോൾ സമയമെടുക്കും. അതിനിടയിൽ ചിലപ്പോൾ ഗവൺമെന്റ് മാറിയെന്നിരിക്കും. പക്ഷേ ആ പ്രോസസ് പൂർത്തിയാക്കി വസ്തു അവരുടെ പേരിൽ കൊടുക്കേണ്ടത് വർഷങ്ങളോളമായി അവിടെ ജീവിക്കുന്ന ആളുകളുടെ ജീവിത പ്രശ്നമാണ്. ആ കാര്യത്തിൽ ഗവൺമെന്റ് പോസിറ്റീവായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അഞ്ച് വർഷം കൊണ്ടും 50 വർഷംകൊണ്ടും നടക്കാത്ത പ്രോസസ്സുകളുണ്ട്. അതുകൊണ്ടാണ് നിലവിൽ നിയമമുണ്ടെങ്കിൽ അതനുസരിച്ച് തീരുമാനിക്കുമെന്ന് ഞാൻ പറഞ്ഞത്. ഇനി വഴങ്ങുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ വളരെ പോസിറ്റീവായാണ് മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം.... പരിശോധിച്ച് ചെയ്യാമെന്നാണ് പറഞ്ഞത്.... ശ്രീ. ഹൈബി ഈഡൻ, ഇരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നിയമം അനുവദിക്കുന്നതെല്ലാം ഈ ഗവൺമെന്റും ചെയ്യും. അത്തരം ഒരു കാര്യം വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചതാണ്. ഇവിടെ റവന്യൂ പുറമ്പോക്കുകളെന്ന രീതിയിലുള്ള ഭൂമിയുണ്ട്. Vested with Panchayat അല്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളിൽ, കോർപ്പറേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം അവരുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ച് നിയമത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. വി. റ്റി. ബൽറാം: സർ, ഇവിടെപ്പറയുന്ന എല്ലാം politically motivated ആണെന്ന് കരുതേണ്ട. നല്ല ഉദ്ദേശ്യത്തോടെ തന്നെയാണ് പറയുന്നത്. ഇത് ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട കാര്യമാണ്. ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള കനാലുകൾക്ക് എത്രത്തോളം ഏര്യ ഉണ്ടെന്നുള്ളതിനെപ്പറ്റി ഔദ്യോഗികമായി യാതൊരു രേഖയുമില്ല. പല

ആളുകളും കനാലുകൾ കയ്യേറിയിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിക്കുമ്പോൾ കേസിന് പോവുകയും ഇറിഗേഷൻ വകുപ്പിന്റെ സമയം വ്യർത്ഥമായി ചെലവഴിക്കപ്പെടുകയുമാണ് ചെയ്യുന്നത്. ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള കനാലുകൾ, ഡാമുകൾ, പുഴകൾ എന്നിവ സമഗ്രമായി സർവ്വെ ചെയ്ത് ഡാറ്റാ ബാങ്ക് തയ്യാറാക്കിയാൽ രണ്ട് വകുപ്പുകൾക്കും ഗുണമാണ്; സർക്കാരിന്റെ സമയവും ധനവും ലാഭിക്കാൻ കഴിയുകയും ഇതുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ ഒഴിവാക്കാൻ സാധിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായാൽ നല്ലതാണെന്ന അഭിപ്രായമുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു റ്റി. തോമസ്</u>): സർ, ജലവിഭവ വകുപ്പിന്റെ കൈവശം നിരവധി സ്ഥലങ്ങളിൽ ഭൂമി ഉപയോഗിക്കാതെ കിടക്കുകയും അവിടെ കയ്യേറ്റങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. ആ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു കാരണവശാലും പുതിയ കയ്യേറ്റങ്ങൾ അനുവദിക്കാൻ പാടില്ലെന്ന കർശനനിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പൊതുകാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി എവിടെയൊക്കെ എത്ര വിസ്തൃതിയിൽ ഭൂമിയുണ്ടെന്ന്

കണ്ടെത്തി ഡാറ്റ തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ജലവിഭവ വകുപ്പ് സെക്രട്ടറിയെ ഇതിനകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ പോയത് 01.01.1977-ന് മുമ്പുള്ള ഭൂമിയുടെ കാര്യമാണ്. അതിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്നത് 4000-ൽപ്പരം ഹെക്ടർ ഭൂമിയുടെ കാര്യമാണ്. അതുപോലെ അവശേഷിക്കുന്ന ജില്ലകളിൽ കൃത്യമായ വെരിഫിക്കേഷൻ നടത്തിയെങ്കിലും പകരം ഭൂമി കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുമായി ബന്ധപ്പെട്ട കാര്യങ്ങളുംകൂടി ആലോചിച്ച് ആവശ്യമായ രീതിയലുള്ള തീരുമാനങ്ങൾ തുടർന്ന് ഉണ്ടാകുന്നതായിരിക്കും. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റൊരു കാര്യം റീ-സർവ്വെയെക്കുറിച്ചാണ്. 2012 ഒക്ടോബർ മാസം 31-ാം തീയതി യു.ഡി.എഫ്. ഗവൺമെന്റ് റീ-സർവ്വെ നിർത്തിവച്ചതാണ്. പറയുന്നത് രാഷ്ട്രീയമാണെന്ന് പറയുന്നതിൽ അർത്ഥമില്ല. അതുമായി ബന്ധപ്പെട്ട് കാലോചിതമായ പരിഷ്കാരങ്ങൾക്കുള്ള തുടർനടപടികളുണ്ടാകും. അതല്ലാതെ വളരെ പെട്ടെന്ന് റീ-സർവ്വെയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ ഗവൺമെന്റിനോട് ചോദിക്കുമ്പോൾ

സ്വാഭാവികമായും കഴിഞ്ഞ ഗവൺമെന്റിന്റെ നടപടി ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. ഇവിടെ പരാമർശിച്ച, ശ്രീ. രാജമാണിക്യത്തിന്റേത് ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ മുമ്പിലെത്തിയിട്ടുണ്ട്, പരിശോധിച്ച് വരുംനാളുകളിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഹൈക്കോടതിയിലുള്ള ചില കേസ്സുകളുമായി ബന്ധപ്പെട്ട പരാമർശവും മുൻ റവന്യൂ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഹൈക്കോടതിയിലുള്ള കേസ്സുകളുടെ വിശദാംശങ്ങളും മറ്റ് കാര്യങ്ങളും കോടതിയുമായി ബന്ധപ്പെട്ട് പരിശോധിച്ച് തുടർന്നുള്ള കാര്യങ്ങൾ നിശ്ചയിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ചില പ്രതിപക്ഷ അംഗങ്ങളും രാഷ്ട്രീയമായി ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിൽ ഒന്ന്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വലിയ തോതിലുള്ള ക്ഷീണം സംഭവിച്ച് ശോഷിച്ചുപോയെന്നതാണ്. ഞങ്ങളുടെ കാര്യത്തിൽ ഉത്കണ്ഠ ഉണ്ടായതിൽ നന്ദിയുണ്ട്. ഞങ്ങൾക്ക് പശ്ചിമ ബംഗാളിൽ ക്ഷീണം സംഭവിച്ചുവെന്നുള്ളത്

വസ്തുതയാണ്. ഞങ്ങൾ ക്ഷീണിച്ചുപോയെന്ന് ചൂണ്ടിക്കാണിക്കുന്ന നിങ്ങളുടെ അവസ്ഥയെന്താണ്? 1955-ൽ 415 സീറ്റായിരുന്നു കോൺഗ്രസ്സിനുണ്ടായിരുന്നത്. അതിൽ നിന്നാണ് 44-ലേയ്ക്ക് ഇപ്പോൾ എത്തിയത്. രാജ്യത്താകെ ഇത്തരത്തിലൊരു തകർച്ച സംഭവിച്ചത് നിങ്ങളുടെ ശ്രദ്ധയിലുണ്ടാകുമല്ലോ. 371 സീറ്റ് എവിടെപ്പോയി? 48 ശതമാനം വോട്ട് അക്കാലത്ത് കോൺഗ്രസ്സിനുണ്ടായിരുന്നു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 14 ശതമാനമായി കുറയുകയാണുണ്ടായത്. ഞങ്ങൾ അധികാരത്തിലുള്ളതിനെക്കുറിച്ചും പറയുകയുണ്ടായി. ഞങ്ങൾ രാജ്യത്തെ എല്ലാ സംസ്ഥാനത്തും നിറഞ്ഞുനിൽക്കുന്ന പാർട്ടിയല്ല. രാജ്യമാകെ മഹാശക്തിയായി നിന്ന പാർട്ടിയായിരുന്നല്ലോ കോൺഗ്രസ്. ഇപ്പോൾ 29 സംസ്ഥാനങ്ങളിൽ കർണ്ണാടക ഒഴിച്ചാൽ ബാക്കി സംസ്ഥാനങ്ങളുടെ സ്ഥിതിയെന്താണ്; ബാക്കി സംസ്ഥാനങ്ങളിൽ ഇല്ലെന്നല്ല ഞാൻ പറയുന്നത്. ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, മേഘാലയ, മണിപ്പൂർ എന്നിവിടങ്ങളിലൊക്കെയുണ്ട്. ഈ തകർച്ച അനുഭവിച്ചുകൊണ്ടിരിക്കുന്നവർ ഞങ്ങളെ നോക്കി ആക്ഷേപിക്കുമ്പോൾ അത് സ്വയം പരിഹാസ്യതയിലേയ്ക്കല്ലേ എത്തുന്നതെന്ന് ആലോചിക്കുന്നത് നല്ലതാണ്. ഇവിടെ ബി.ജെ.പി.-

യെക്കുറിച്ചും ശ്രീ. ഒ. രാജഗോപാലിനെക്കുറിച്ചുമൊക്കെ പരാമർശങ്ങൾ വന്നു. ഞങ്ങളും പറഞ്ഞിട്ടുണ്ട്; നിങ്ങളും ചിലത് ഉന്നയിച്ചിട്ടുണ്ട്. ബി.ജെ.പി.-യുടെ പ്രധാനപ്പെട്ട നേതാവായിരുന്ന കെ. ജി. മാരാർ എഴുതിയ പുസ്തകത്തിലെ ഒരദ്ധ്യായത്തിന്റെ പേരാണ് 'പാഴായിപ്പോയ പരീക്ഷണം'. എല്ലാവർക്കും അറിയാവുന്ന കാര്യമായതുകൊണ്ട് ഞാൻ അതിന്റെ ആവർത്തനത്തിലേയ്ക്ക് പോകുന്നില്ല. ആ പരീക്ഷണത്തിലേയ്ക്ക് നിങ്ങൾ ഇപ്പോഴും കടന്നില്ലേ? അത് നിങ്ങൾ എത്ര നിഷേധിച്ചാലും... ശ്രീ. ഒ. രാജഗോപാൽ ഇവിടെ വരാനിടയായ തെരഞ്ഞെടുപ്പ് ആളുകളുടെ മുന്നിൽ യാഥാർത്ഥ്യമായി നിലനിൽക്കുകയല്ലേ; നിങ്ങൾ അവിടെ അത്രമാത്രം ശേഷിയില്ലാത്തവരല്ലല്ലോ; നിങ്ങൾക്ക് ഇപ്പോഴുള്ള ശേഷി മാത്രമല്ലല്ലോ അവിടെയുള്ളത്; ആ ശേഷി എവിടെപ്പോയി? അവിടെയാണ് ആ പഴയ പരീക്ഷണത്തിന്റെ ആവർത്തനം ഉണ്ടായിയെന്ന പ്രശ്നം വരുന്നത്. ബി.ജെ.പി.-യുമായി കൂട്ടുചേർന്നതിന്റെ പ്രശ്നം ഉന്നയിക്കുമ്പോൾ, നിങ്ങൾ വി.പി. സിംഗ് ഗവൺമെന്റിനെ താഴെയിറക്കിയ കാര്യം ഓർക്കണം. വി.പി. സിംഗ് ഗവൺമെന്റിനെ താഴയിറക്കാൻ നിങ്ങൾ കൂട്ടുകൂടിയത് ബി.ജെ.പി.-യുമായിട്ടല്ലേ. അന്നത്തെ ആ നിലപാട് നിങ്ങൾക്ക് പിന്നീടും പല ഘട്ടത്തിൽ, പലവഴിക്ക് ആവർത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതല്ലേ

കേരളത്തിന്റെ പല അനുഭവങ്ങളും കാണിക്കുന്നത്? നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഇനിയിപ്പോൾ കൂടുതൽ പറയാനില്ല, ധവളപത്രം എല്ലാവരുടെയും കയ്യിൽ കിട്ടിയല്ലോ. ഇതിൽ യു.ഡി.എഫ്. സർക്കാർ ഭരണത്തിന്റെ അവസാന നാളിൽ, അതായത് ഭരണം കഴിയുന്ന മാർച്ച് 31-ന് ട്രഷറിയിൽ 1643 കോടി രൂപ മിച്ചമുണ്ടായിരുന്നുവെന്നാണ് മുൻ മുഖ്യമന്ത്രി വെളിപ്പെടുത്തിയത്. പക്ഷെ, അതിന്റെ പൊള്ളത്തരം ഇപ്പോൾ ഇതിലൂടെ വ്യക്തമായില്ലേ; ട്രഷറിയിൽ ലഭിച്ച ബില്ലുകൾ നൽകാതെ മാറ്റിവയ്ക്കുകയുണ്ടായി. ആ ഘട്ടത്തിൽ അടിയന്തരവും അനിവാര്യവുമായിരുന്ന ചെലവുകൾ കുറച്ചാൽ ആ ദിവസം ട്രഷറിയിൽ 173 കോടി രൂപ യഥാർത്ഥത്തിൽ ക്യാഷ് ബാലൻസിൽ കമ്മിയാണ് ഉണ്ടായിരുന്നത്. അതിപ്പോൾ ധവളപത്രത്തിലൂടെ വ്യക്തമായല്ലോ. എന്നാൽ അതിനുപുറമെ അടിയന്തരമായി കൊടുത്തുതീർക്കേണ്ട മറ്റ് ബാധ്യതകൾകൂടി കണക്കിലെടുത്താൽ ചുരുങ്ങിയത് 10,000 കോടി രൂപയെങ്കിലും വരുമെന്നും ഈ ധവളപത്രത്തിൽ കണക്കാക്കിയിരിക്കുന്നു. ചെലവിടുന്ന കാര്യത്തിൽ ഒരു തരത്തിലുള്ള ഞെരുക്കവും ഉണ്ടായിട്ടില്ല, എന്നാൽ വരുമാനം വർദ്ധിപ്പിച്ചിട്ടുമില്ല എന്നതാണ് കഴിഞ്ഞ സർക്കാരിന്റെ ഒരു പ്രത്യേകത. അതിന്റെ ഫലമായി റവന്യൂ കമ്മി 2.65 ശതമാനമായി ഉയരുന്ന സ്ഥിതിയുണ്ടായി. 2011-ൽ 3673 കോടി രൂപയായിരുന്ന

റവന്യൂ കമ്മി. 2015-ൽ 13,795 കോടി രൂപയായി അത് വർദ്ധിച്ചു. 2016-17-ൽ കമ്മി കുറഞ്ഞുവെന്ന് വരുത്തിതീർക്കാൻ ഒരു വിദ്യ കാണിച്ചിട്ടുണ്ട്. 10,000 കോടിയോളം രൂപയുടെ ചെലവുകളുടെ ബില്ലുകളും ബാധ്യതകളും മാറ്റിവയ്ക്കുകയാണുണ്ടായത്. റവന്യൂ കമ്മി പൂജ്യത്തിലെത്തിക്കുമെന്നായിരുന്നല്ലോ യു.ഡി.എഫ്. ഗവൺമെന്റ് അവകാശപ്പെട്ടിരുന്നത്. ഇവിടെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2006-2011 കാലത്ത് 17.2 ശതമാനം വീതം വളർന്നത് 2011-16 കാലത്ത് 12.4 ശതമാനമായി മാത്രമെ ഉയർന്നുള്ളൂ എന്നതും ഈ ധവളപത്രത്തിൽ വ്യക്തമാക്കിയിരിക്കുകയാണ്. നികുതി വരുമാന വളർച്ചയുടെ ഇടിവിന്റെ കാരണം ധവളപത്രം കൃത്യമായി വരച്ചുകാണിച്ചിരിക്കുകയാണ്. ഇവിടെ തലശ്ശേരിയിലെ ഒരു അറസ്റ്റുമായി ബന്ധപ്പെട്ട്, ആ അറസ്റ്റ് കഴിഞ്ഞ ഉടനെ എന്നോട് ചോദ്യം ചോദിച്ചപ്പോൾ ഞാനതിൽനിന്ന് ഒഴിഞ്ഞുമാറിയെന്ന ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നു. സാധാരണ നിലയ്ക്ക് ഒരു കേസ് ഉടലെടുത്താൽ അപ്പോൾത്തന്നെ അതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിതന്നെ വിശദീകരണം നൽകേണ്ടതായിട്ടുണ്ട്. പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഒരു സംഭവമുണ്ടായ ഉടനെ ആ സംഭവത്തിന്റെ വിശദാംശങ്ങളുമായി മാധ്യമങ്ങളുടെ മുന്നിൽ വരുന്നത് ശരിയാണോ? ഈ മന്ത്രിയുടെ നിലപാട് അന്വേഷണത്തെ

സ്വാധീനിക്കുന്നതിന് ഇടയാക്കില്ലേ? സാധാരണ മാധ്യമങ്ങൾക്കറിയേണ്ട വിവരങ്ങളാണെങ്കിൽ ആ കേസ് ഉടലെടുത്ത ഉടനെ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ അവർ അന്വേഷിച്ച് മനസ്സിലാക്കുകയല്ലേ വേണ്ടത്? ഇവിടെ ഡി.ജി.പി. പറഞ്ഞ കാര്യത്തെപ്പോലും പരസ്യമായി തള്ളിപ്പറയുന്ന നില പഴയൊരു കാലത്ത് നമ്മുടെ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിച്ചിരുന്നു. അത് കൃത്യമായി അന്വേഷണം ഇന്ന ദിശയിൽക്കൂടി മാത്രമേ പോകാവൂ എന്ന കൃത്യമായ ധാരണ പോലീസിന് വരുത്താൻ വേണ്ടിയാണ്. അതാണ് വേണ്ടത് എന്നാണോ നിങ്ങൾ പറയുന്നത്; അതല്ല ശരി, അന്വേഷണം അന്വേഷണത്തിന്റെ വഴിക്ക് നടക്കട്ടെ അതിനുശേഷം കാര്യങ്ങളിൽ ശരിയോ തെറ്റോ ഉണ്ടെങ്കിൽ അത് വിലയിരുത്തി ഗവൺമെന്റ് ഇടപെടുന്നതായിരിക്കും നല്ലത് എന്നതാണ് ഞാൻ മനസ്സിലാക്കുന്നത്. പട്ടികജാതി പ്രശ്നത്തിൽ വലിയ തോതിലുള്ള താൽപ്പര്യം പ്രകടിപ്പിച്ചത് നല്ല കാര്യം തന്നെയാണ്. നമ്മുടെ നാട്ടിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആരും ഒരുതരത്തിലുള്ള ഉപദ്രവത്തിനും ഇരയാകാൻ പാടില്ല. അത് നല്ല വികാരം തന്നെയാണ്. പക്ഷെ ഞാനൊരു കാര്യം ഓർക്കുന്നത്, ഇവിടെ ചിലരൊക്കെ ഞാൻ സെക്രട്ടറിയായിരുന്ന കാലത്തെപ്പറ്റി പറഞ്ഞല്ലോ; ആ കാലത്ത് ഞാൻ പത്തനംതിട്ട ജില്ലയിൽ ഒരു യോഗത്തിൽ പങ്കെടുക്കുന്നതിനായി പോയിരുന്നു. പത്തനംതിട്ട

ജില്ലയിൽ കൊട്ടാരക്കരയ്ക്ക് അപ്പുറത്തുള്ള ഒരു സ്ഥലത്താണ് പോയത്. അവിടെയൊരു പഞ്ചായത്തിൽ ഭരണം മാറി. നേരത്തെ ആ പഞ്ചായത്തിലെ പ്രസിഡന്റ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളായിരുന്നു. പിന്നെ വന്നത് സവർണ്ണ വിഭാഗത്തിൽപ്പെട്ട ആളാണ്. അദ്ദേഹം ആ ഓഫീസെല്ലാം അടിച്ചുതളിച്ച് പുണ്യാഹം നടത്തി അവിടെ കയറിയിരിക്കുകയാണ് ചെയ്തത്. അദ്ദേഹം ഏത് പാർട്ടിക്കാരനാണെന്ന് കോൺഗ്രസ്സുകാരായ എല്ലാവർക്കും അറിയാമല്ലോ, ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലല്ലോ. ആ വികാരം പൊതുവെ ഉയർന്ന രാഷ്ട്രീയ പ്രവർത്തകർക്കുണ്ടാകാൻ പാടില്ല. ഒരു പഞ്ചായത്ത് പ്രസിഡന്റായിരിക്കുന്ന, ഒരാൾ അത്തരമൊരു വികാരവും കൊണ്ട് നടക്കാൻ പാടില്ല. അപ്പോൾ, നന്നാക്കേണ്ട കാര്യങ്ങൾ നന്നാക്കേണ്ടിടത്ത് നമ്മൾ നന്നാക്കാൻ ശ്രമിക്കുന്നത് നല്ലതാണ് എന്നതാണ് എനിക്കുതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ഭരണനിർവ്വഹണം എങ്ങനെയാകണം എന്നത് സംബന്ധിച്ച് വ്യക്തമായ ധാരണ ഈ സർക്കാരിനുണ്ട്. അതിനുമുമ്പ് മുല്ലപ്പെരിയാർ സംബന്ധിച്ച് ഒരു വ്യക്തത വന്നുകഴിഞ്ഞിട്ടുണ്ട്. അതു വീണ്ടും ഞാൻ ആവർത്തിക്കേണ്ടതായിട്ടില്ല. എന്നാലും ഒരു കാര്യം നിങ്ങളുടെ ഓർമ്മയ്ക്കായി പറയുന്നു. നേരത്തെ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ഒരു ലേഖനം എഴുതിയിരുന്നു. ആ ലേഖനത്തിൽ മുല്ലപ്പെരിയാറിനെപ്പറ്റി

പറഞ്ഞൊരു ഭാഗം 'എല്ലാ തലത്തിലും കേരള താൽപ്പര്യങ്ങളെ തകർക്കുന്ന റിപ്പോർട്ടിനെക്കുറിച്ച് കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തലയുടെ പ്രതികരണംകൂടി കേട്ടപ്പോൾ ഷോക്കേറ്റതുപോലെയായി. റിപ്പോർട്ട് നെഗറ്റീവ് അല്ലെന്നും കേരളത്തിന് ദോഷകരമല്ലെന്നുമുള്ള അദ്ദേഹത്തിന്റെ പ്രതികരണമാണ് ഞെട്ടലിന്റെ ആഴം വർദ്ധിപ്പിച്ചത്. ഏത് വീക്ഷണത്തിലാണ് റിപ്പോർട്ട് കേരളത്തിന് ഗുണകരമായതെന്ന് കോൺഗ്രസ് മന്ത്രിമാരും കെ.പി.സി.സി. പ്രസിഡന്റും വിശദീകരിക്കേണ്ടതാണ്...' എന്നാണ്. ഇതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. ഇത്രയൊന്നും ഞാനേതായാലും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ കാര്യം എന്താണെന്ന് പിന്നീട് ഞാൻ കൂടുതൽ വ്യക്തതയോടെ പറയുകയും ചെയ്തിട്ടുണ്ട്. അതിവിടെയും നേരത്തെ ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ നമ്മളെടുത്ത പൊതുവായ നിലപാടിൽത്തന്നെയാണ് ഈ സർക്കാർ ഉറച്ചുനിൽക്കുന്നത് അതിലൊരു ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല.

മദ്യനയം പ്രഖ്യാപിക്കേണ്ട സമയത്ത് പ്രഖ്യാപിക്കുമെന്നുതന്നെയാണല്ലോ എൽ.ഡി.എഫ്. ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. തെരഞ്ഞെടുപ്പിൽ നിങ്ങളുടെ വോട്ടൊക്കെ ഒലിച്ചുപോകാനിടയുണ്ട് എന്നതുകൊണ്ട് രാഷ്ട്രീയമായി ഉപയോഗിക്കാൻ ഞങ്ങൾ ഉടനെ എല്ലാ ബാറുകളും തുറക്കാൻ പോവുകയാണ്,

അതിനുവേണ്ടിയാണ് നിലപാടെടുക്കുന്നത് എന്നൊക്കെ നിങ്ങൾ പ്രചരിപ്പിച്ചല്ലോ. പക്ഷേ, ഞങ്ങൾ അധികാരത്തിൽ വന്നിട്ട് ആ നിലയ്ക്കൊന്നും നടപടികൾ നീക്കിയില്ലല്ലോ. ഞങ്ങൾ അന്ന് ജനങ്ങളോട് പറഞ്ഞ ഒരു കാര്യമുണ്ട്. പണ്ട് ശ്രീ. എ. കെ. ആന്റണിയുടെ ഗവണ്മെന്റ് ചാരായം നിരോധിച്ചപ്പോൾ ഞങ്ങൾ അന്ന് ചാരായത്തൊഴിലാളികളുടെ പ്രശ്നം ഗൗരവമായിട്ടെടുത്തു. അവരെ പുനരധിവസിപ്പിക്കേണ്ട പ്രശ്നം പറഞ്ഞു. അപ്പോൾ നിങ്ങൾ പറഞ്ഞു, ഞങ്ങൾ അധികാരത്തിൽ വന്നാൽ ചാരായ ഷോപ്പെല്ലാം പുനഃസ്ഥാപിക്കാൻ പോവുകയാണെന്ന്. ആ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ജയിക്കാൻ കഴിയുമെന്നായിരുന്നു നിങ്ങളുടെ കണക്കുകൂട്ടൽ. പക്ഷെ ജനങ്ങൾ ഇതെല്ലാം വിലയിരുത്തുന്നുണ്ട്. അതിന്റെ ഭാഗമായിട്ടാണ് അതിനുശേഷം ഞങ്ങളെത്തന്നെ അധികാരത്തിലെത്തിച്ചത്. അപ്പോൾ ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും ചാരായഷോപ്പ് തുറന്നോ? ഞങ്ങൾക്ക് മദ്യത്തെക്കുറിച്ച് വ്യക്തമായ നയമുണ്ട്. ഞങ്ങൾ മദ്യത്തെ പൊതുവിൽ അനുകൂലിക്കുന്നവരല്ല. എന്നാൽ മദ്യനിരോധനം വന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. അതാണ് ഞങ്ങളുടെ അടിസ്ഥാന നിലപാട്. മദ്യനിരോധനം എന്നതിനോട് യോജിക്കാത്തത് എന്തുകൊണ്ടാണ്? മദ്യനിരോധനം വന്നാൽ മദ്യം വേണ്ടവർ തെറ്റായ

മാർഗ്ഗങ്ങളിലൂടെ മദ്യം കഴിക്കാൻ പുറപ്പെടും. ലഹരിക്ക് അടിമപ്പെടും. അത് ഒട്ടേറെ ജീവഹാനികളും ഉണ്ടാകും. ആ ഒരവസ്ഥ വേണ്ട എന്നതുകൊണ്ടാണ് മദ്യവർജ്ജനമെന്നതിലേയ്ക്ക് ഞങ്ങൾ പോകുന്നത്. ബാക്കി കാര്യങ്ങൾ നയം രൂപീകരിക്കുമ്പോൾ ഞങ്ങൾ വ്യക്തമാക്കും.

മറ്റൊന്ന്, പത്രക്കാരെ ഞാൻ അവഗണിക്കുന്ന പ്രശ്നമൊന്നുമില്ല. പത്രസമ്മേളനത്തോട് എനിക്ക് വിരോധവുമില്ല. പത്രസമ്മേളനം നടത്തേണ്ട ഘട്ടത്തിൽ നടത്തും. പക്ഷെ ഒരു പി.ആർ.ഒ. പണി എടുക്കേണ്ട ആളാണ് മുഖ്യമന്ത്രി എന്ന ധാരണ എനിക്കില്ല. പറയേണ്ട കാര്യങ്ങൾ പറയേണ്ട സമയത്ത് ഞാൻ പറയും. ഓരോ മന്ത്രിസഭാ യോഗം കഴിയുമ്പോഴും പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ടയാളാണ് മുഖ്യമന്ത്രി എന്ന ധാരണ എനിക്കില്ല. അത് മാധ്യമങ്ങളോടുള്ള അവഹേളനംകൊണ്ടല്ല. അവരെ അവഹേളിക്കുന്ന പ്രശ്നമില്ല, അവരെ കാണേണ്ട സമയത്ത് കാണും. അതിനുശേഷം എത്രയോ തവണ ഞാൻ കണ്ടിട്ടുണ്ട്.

പിന്നെ ഞാനൊരു കരുത്തനൊന്നുമല്ലായെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് നല്ലതുപോലെ അറിയാമല്ലോ. ഞാനൊരു മഹാസാധു ഇങ്ങനെ പോകുന്നു. അതുകൊണ്ട് കരുത്തനെന്ന് വിശേഷിപ്പിച്ചതുകൊണ്ടൊന്നും

ഞാൻ വീണ്ടുപോകേണ്ട കാര്യമില്ല. അങ്ങനെയൊരു തെറ്റിദ്ധാരണ ഉണ്ടാകേണ്ടതില്ല.

ശ്രീ. ഒ. രാജഗോപാലും ഞാനും തമ്മിൽ സന്ധിച്ചതിനെപ്പറ്റി പറയുമ്പോൾ ഞാൻ ശ്രീ. ഉമ്മൻ ചാണ്ടിയെ കണ്ടല്ലോ, അത് അദ്ദേഹവുമായി എന്തെങ്കിലും രാഷ്ട്രീയമായ കൂട്ടുകെട്ടുണ്ടാക്കാനാണോ? ഞാൻ ഡെൽഹിയിൽ പോയപ്പോൾ ശ്രീ. എ. കെ. ആന്റണിയെ കണ്ടു. അത് രാഷ്ട്രീയമായി നമ്മൾ തമ്മിലുള്ള നിലനിൽപ്പിന് എന്തെങ്കിലും വ്യത്യാസം വരുത്താനാണോ? ഇതൊക്കെ പൊതുയോഗത്തിൽ പറഞ്ഞാൽ മനസ്സിലാക്കാം. കാരണം, അവിടെ മുമ്പിലിരിക്കുന്നവർ കേട്ടിട്ട് കൈയടിക്കാൻ നല്ലതാണ്. പക്ഷെ ഇവിടെ എന്തിനാണ് അങ്ങനയുള്ള കാര്യങ്ങളൊക്കെ പറയുന്നത്, അതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ?

ഭരണ നിർവ്വഹണത്തെക്കുറിച്ചാണ് ഞാൻ പറയാൻ ഉദ്ദേശിച്ചത്. ഭരണനിർവ്വഹണത്തെ സംബന്ധിച്ച് വ്യക്തമായ ദർശനവും ധാരണയും ഈ ഗവൺമെന്റിനുണ്ട്. ഊർജ്ജസ്വലവും ജനസൗഹൃദപരവും കാര്യക്ഷമവുമായ പ്രവർത്തനത്തിലൂടെ ജനജീവിതത്തിൽ ഇടപെടണം, ഫലപ്രദമായ മാറ്റങ്ങൾ ഉണ്ടാകണം എന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. ആ കാര്യത്തിനുവേണ്ടി നാല് കാര്യങ്ങളിൽ ഊന്നൽ നൽകണമെന്നാണ്

ഉദ്ദേശിക്കുന്നത്. ഒന്ന്, ശക്തമായ ഭരണനിർവ്വഹണം ഉണ്ടാകണം. അതോടൊപ്പം വ്യക്തമായ നയസമീപനവും കൃത്യമായ നടത്തിപ്പും വേണം. നമ്മുടെ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ധാരാളം ആളുകളുണ്ട്. അങ്ങനെ അവശത അനുഭവിക്കുന്നവർക്കെല്ലാം കൈത്താങ്ങും സംരക്ഷണവും നൽകാനാകും. നമ്മുടെ നാടിന്റെ വികസനകാര്യങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വളരെ പ്രധാനപ്പെട്ടതാണ്. ചിലർ ഫയൽ നോക്കുന്നതിനെക്കുറിച്ചുപറഞ്ഞു. അതിൽ ഒരു കാര്യംമാത്രമേയുള്ളൂ. ഏത് ഫയൽ നോക്കുമ്പോഴും ജനോപകാരപ്രദമായ കാര്യങ്ങൾ നിഷേധിക്കുന്നതിലല്ല, എങ്ങനെയാണ് അത് സാധ്യമാക്കാൻ കഴിയുക എന്ന കാര്യത്തിലാണ് താല്പര്യം കാണിക്കേണ്ടത് എന്നാണ് ജീവനക്കാർക്ക് നൽകിയ സന്ദേശം. ഉദ്യോഗസ്ഥർക്ക് ഇത്തരം കാര്യങ്ങളിൽ പ്രധാനപ്പെട്ട ഉത്തരവാദിത്വമുണ്ട്. ജനസേവകരായിരിക്കണം ഉദ്യോഗസ്ഥർ എന്ന ധാരണ അവർക്കുണ്ടാകണം. ചെയ്യുന്ന ജോലി ഏത് തരത്തിലുള്ള ഫലമുണ്ടാക്കുന്നുവെന്നത് മുൻകൂട്ടിതന്നെ ഉദ്യോഗസ്ഥ സംസ്കാരത്തിന്റെ ഭാഗമായി വരണം. ജനങ്ങൾക്ക് അനുകൂലമായ ഫലം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥ സംസ്കാരം നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇപ്പോൾ വല്ലാത്ത കാലതാമസം വരുന്ന ഒരു രീതിയുണ്ട്. അതിന് മാറ്റം വരണം. സമയക്ലിപ്തത വേണം. ഏത് കാര്യവും സമയബന്ധിതമായി

തീർക്കാനാകണം. അപ്പോൾ ഉണ്ടാകുന്ന താമസങ്ങളും തടസ്സങ്ങളുമൊക്കെ തീർത്തെടുക്കുക എന്നത് വളരെ പ്രധാനമാണ്. അതോടൊപ്പം ഒരുതലത്തിലും അഴിമതി വച്ചുപൊറുപ്പിക്കാനാവില്ല. ഉത്തമ വിശ്വാസത്തോടെ ദുരുദ്ദേശ്യമൊന്നുമില്ലാതെ ഒരുദ്യോഗസ്ഥൻ കാര്യങ്ങൾ ചെയ്യുന്നു, പക്ഷെ അത് വിപരീത ഫലമുളവാക്കുന്നു. അങ്ങനെവന്നാൽ സ്വാഭാവികമായും ആ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നിലപാടെടുക്കേണ്ടതായി വരും. കാരണം, ശരിയായ കാര്യം ചെയ്ത് പീഡിപ്പിക്കപ്പെടുന്ന അവസ്ഥ ഉദ്യോഗസ്ഥർക്ക് ഉണ്ടാകില്ല എന്നർത്ഥം. ഒരുതരത്തിലുള്ള സ്വാധീനത്തിനും വഴങ്ങാതെ വസ്തുനിഷ്ഠമായ തീരുമാനങ്ങൾ മാത്രമേ ഉണ്ടാകുയെന്ന് ഉറപ്പുവരുത്താൻ കഴിയണം. സാങ്കേതികജ്ഞാനം ജനങ്ങൾക്ക് നല്ലതുപോലെ പ്രാപ്യമാക്കാൻ ആകണം. അതിന്റെ ഭാഗമായി കാര്യക്ഷമതയോടെയുള്ള ഭരണ നിർവ്വഹണം നടത്താനാകും. അപ്പോൾ ജനങ്ങളെ ഇതിന്റെ ഭാഗമാക്കാനും ഭരണരംഗത്ത് സാങ്കേതികജ്ഞാനം നല്ലതുപോലെ ഉപയോഗിക്കാനും കഴിയണം. നമ്മുടെ സമൂഹത്തിൽ നല്ലതോതിൽ ഒരു സാമൂഹ്യ സമഗ്രത കൊണ്ടുവരേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങളെ ഉദ്ദേശിച്ചുകൊണ്ടാണ് ഇതുപറയുന്നത്. സർക്കാരിന്റെ പ്രത്യേക പരിരക്ഷയുണ്ടെങ്കിൽ മാത്രം നിലനിൽക്കാനും അതിജീവിക്കാനും കഴിയുന്ന കുടുംബങ്ങൾ നമ്മുടെ

നാട്ടിലുണ്ട്. അത്തരം ആളുകളുടെ സാമ്പത്തിക സ്ഥിതിയാണ് ഏറ്റവും പരിതാപകരം. അത്തരത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, എൻഡോസൾഫാൻ ബാധിത കുടുംബങ്ങൾ, ശാരീരികമായി വൈഷമ്യം അനുഭവിക്കുന്നവർ ഉൾപ്പെട്ട കുടുംബങ്ങൾ, മറ്റാരുമില്ലാതെ വല്ലാത്ത അവശതയിലുള്ള സ്ത്രീകൾ നയിക്കുന്ന ചില കുടുംബങ്ങൾ, മാരക രോഗത്തിന് അടിപ്പെട്ട ആളുകളുള്ള കുടുംബങ്ങൾ തുടങ്ങിയവരെയൊക്കെ പ്രത്യേകമായി സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ പരിപാലനം നമ്മുടെ നാടിന്റെ ഉത്തരവാദിത്തമായി മാറേണ്ടതുണ്ട്. അങ്ങനെവരുമ്പോൾ അവരെ പരിചരിക്കാൻ, അവരുടെയടുത്തെത്താൻ വോളന്റിയർമാരായി പ്രവർത്തിക്കുന്ന ആളുകൾ ഉണ്ടാകണം. കമ്മ്യൂണിറ്റി വോളന്റിയർമാരെപ്പോലെയുള്ള ആളുകളുണ്ടായാൽ ഈ കുടുംബങ്ങളിൽ ചെന്ന് എന്താണ് പ്രശ്നങ്ങളെന്ന് മനസ്സിലാക്കാൻ കഴിയും. പ്രശ്നങ്ങൾ അവർ നേരിടുന്നുണ്ടെങ്കിൽ ആ പ്രശ്നങ്ങളെക്കുറിച്ച് ശരിക്ക് മനസ്സിലാക്കാനുള്ള ഒരു സംവിധാനം ഇതിന്റെ ഭാഗമായി ഒരുക്കാനാകും. ഒരു സ്ത്രീ തലയണയുടെ അടിയിൽ വെട്ടുകത്തി വച്ചുകൊണ്ടാണ് കിടന്നുറങ്ങാറുള്ളത് എന്ന വാർത്ത നാമെല്ലാം പത്രത്തിൽ വായിച്ചതാണ്. അങ്ങനെ വെട്ടുകത്തി തലയണയ്ക്കടിയിൽവെച്ച് ഉറങ്ങേണ്ട അവസ്ഥ നമ്മുടെ നാട്ടിൽ ഉണ്ടാകരുത്, അത് ഒഴിവാക്കാൻ കഴിയണം.

അതിന് പറ്റുന്ന തരത്തിലുള്ള ഒരു നിലപാട് നമുക്ക് സ്വീകരിച്ചുപോകണം. അരക്ഷിതത്വത്തിന് പൂർണ്ണമായും അന്ത്യമുണ്ടാക്കാൻ കഴിയണം.

ഇവിടെ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ പ്രധാനപ്പെട്ട ചില വകുപ്പുകളുടെ നയം പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട്. വലിയ കാലതാമസമില്ലാതെതന്നെ അത്തരം നയപ്രഖ്യാപനങ്ങൾ വരും. നയം പ്രഖ്യാപിക്കുകയെന്നാൽ കരടുനയമാണ് പ്രഖ്യാപിക്കുന്നത്. സ്വാഭാവികമായും പൊതുജനങ്ങൾക്ക് അഭിപ്രായം പറയാനുള്ള അവസരമുണ്ടാകും. അത്തരം അഭിപ്രായങ്ങൾകൂടി കേട്ടുകൊണ്ട് നമുക്ക് ആ നയത്തിന് അവസാന രൂപം കൊടുക്കാൻ കഴിയും. നേരത്തേയും പല വകുപ്പുകളും നയങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സർക്കാരും അത്തരത്തിൽ നയത്തിന് രൂപം നൽകുന്ന നിലയിലാണ്. ഇതിന്റെയെല്ലാം ഭാഗമായി നിയമസഭാ സമ്മേളനത്തിൽ ആ നയം അവതരിപ്പിച്ച് കരട് നയം പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങൾ വാങ്ങി അവസാന അംഗീകാരത്തിന്റെ ഘട്ടത്തിൽ നിയമസഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ സാധിക്കും. ഇപ്പോൾ വിവരാവകാശ നിയമമുള്ളതിനാൽ അതിന്റെ അടിസ്ഥാനത്തിൽ പല വിവരങ്ങളും ശേഖരിക്കാൻ കഴിയുന്നുണ്ട്. പക്ഷേ വിവരാവകാശ നിയമത്തെ കാത്തു നിൽക്കാതെ തന്നെ ചില കാര്യങ്ങൾ പരസ്യപ്പെടുത്താൻ സാധിക്കും. എല്ലാ കാര്യങ്ങളും സാധിക്കില്ലെങ്കിലും

പരസ്യപ്പെടുത്താവുന്ന ചില കാര്യങ്ങളുണ്ടാവുമല്ലോ. ആർക്കും പരിശോധിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു സുതാര്യതയുണ്ടാക്കുന്നതിന് ഈ സർക്കാരിന് യാതൊരു തടസ്സവുമില്ല. അതും നമുക്ക് സ്വീകരിക്കാവുന്നതാണ്.

നമ്മുടെ സമൂഹത്തിൽ സഹായം നൽകാൻ തയ്യാറുള്ള വിവിധ വ്യക്തികളും സംഘടനകളുമൊക്കെയുണ്ട്. ഇപ്പോൾ കോർപ്പറേറ്റുകൾക്ക് സാമൂഹ്യ, ധാർമ്മിക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ വേണ്ടി ഫണ്ടുണ്ട്. അപ്പോൾ ആ ഫണ്ട് ശരിയായ രീതിയിൽ നമുക്ക് ഉപയോഗിച്ചുകൂടെ? അതുപോലെ സംഭാവന കൊടുക്കുന്നവരുണ്ട്, സക്കാത്ത് കൊടുക്കാൻ തയ്യാറാകുന്നവരുണ്ട്. അങ്ങനെ പല രീതിയിലും കാര്യങ്ങൾ ചെയ്യുന്നവരുണ്ട്. അങ്ങനെയെല്ലാമുള്ളത് ഉൾപ്പെടുത്തിക്കൊണ്ട് ഒരു കൺസോർഷ്യം രൂപപ്പെടുത്താൻ നമുക്ക് കഴിയും. ഓരോ വർഷവും ഓരോ വിഷയമെടുത്ത് അതിനെ മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി ഇതുപയോഗിക്കാൻ സാധിക്കും. വീടില്ലാത്തവർക്ക് വീട് എന്നതാണ് ഒരു സ്കീമെങ്കിൽ ആ വർഷം നമുക്ക് വീട് നിർമ്മാണത്തിനുവേണ്ടി ആ ഫണ്ട് ഉപയോഗിക്കാം. ഒരു ഘട്ടത്തിൽ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ; സ്കിൽ ഡെവലപ്മെന്റിന് വേണ്ടി എന്ന നിലയ്ക്കാണെങ്കിൽ അതിനുവേണ്ടിയും അതുപയോഗിക്കാം. അങ്ങനെയുള്ള

ആവശ്യങ്ങൾ എന്താണെന്ന് നിശ്ചയിച്ചുകൊണ്ട് അതിനുവേണ്ടി ഇത്തരം ഫണ്ടുപയോഗിക്കുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്.

പ്രവാസികളുടെ നിക്ഷേപത്തിന് നമ്മുടെ സംസ്ഥാനം വലിയ വില കല്പിക്കുകയാണ്. ആ നിക്ഷേപം നല്ല രീതിയിൽ ഉപയോഗിക്കാൻ നമുക്ക് കഴിയണം. പ്രവാസികളുമായിക്കൂടി ചർച്ചചെയ്യേണ്ട ഒരു വിഷയമാണ്. അവർക്കുകൂടി സ്വീകാര്യമാകുന്ന അടിസ്ഥാന ഘടനാ വികസനത്തിന് ഫണ്ടുപയോഗിക്കത്തക്ക രീതിയിൽ അവരെക്കൂടി ഉപയോഗിച്ചുകൊണ്ട് ഒരു ഫണ്ട് സമാഹരണം നമുക്ക് നടത്തേണ്ടതായിട്ടുണ്ട്. സാധാരണ അവർക്ക് കിട്ടുന്ന ബാങ്ക് നിരക്കിനേക്കാളും ചെറിയ ഒരു ഭാഗം വർദ്ധനവ് കൊടുത്താൽ അവർക്കിതിൽ നിക്ഷേപിക്കാൻ താല്പര്യമുണ്ടാവും. അതോടൊപ്പം അവർക്ക് നിക്ഷേപിക്കാൻ താല്പര്യമുണ്ടാകുന്ന ചില വ്യവസ്ഥകളും നമുക്ക് ഏർപ്പെടുത്താൻ സാധിക്കും. ആ തരത്തിൽ കാര്യങ്ങൾ നീക്കാൻ കഴിയണമെന്നുകൂടിയാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിന്റെ വികസനത്തെക്കുറിച്ച് പറയുമ്പോൾ, സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ സമഗ്രവും സർവ്വതല സ്പർശിയുമായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. പശ്ചാത്തല സൗകര്യ വികസനം വളരെ പ്രധാനമാണ്. പശ്ചാത്തല വികസന സൗകര്യത്തിൽ ഒന്ന്

റോഡിന്റെ വീതികൂട്ടൽ തന്നെയാണ്. ദേശീയപാത നാലുവരിയാക്കുക എന്നു പറയുമ്പോൾ ഇപ്പോൾ അത് ചേർത്തല വരെയെയായിട്ടുള്ളൂ, അതിനിപ്പുറം ആയിട്ടില്ല. ഇടപ്പള്ളിക്കപ്പുറത്ത് പോയാൽ ദേശീയപാത ആയിരിക്കില്ല, ഒരു ഇടുങ്ങിയ വഴിയാണ് കാണാൻ സാധിക്കുക. അപകടങ്ങളാണെങ്കിൽ നമ്മുടെ നാട്ടിൽ ധാരാളം നടന്നുകൊണ്ടിരിക്കുകയാണ്. ആളുകൾ മണിക്കൂറുകളോളം റോഡിൽ വഴിമുട്ടിക്കിടക്കുന്ന അവസ്ഥയാണ്. ദേശീയപാത നാലുവരിയാക്കുക എന്നുള്ളത് വളരെ പ്രധാനം തന്നെയാണ്. അതിനുതകുന്ന 45 മീറ്റർ വീതിയിൽ സ്ഥലമെടുക്കാനായി എല്ലാ കക്ഷികളും കൂടിത്തന്നെ തീരുമാനിച്ചിട്ടുള്ളതാണ്. ആ കാര്യത്തിലേയ്ക്ക് നമുക്ക് നീങ്ങേണ്ടതായി വരും. ചില പ്രദേശങ്ങളിൽ അതിന് ചില എതിർപ്പുകളുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ വികസനംപോലെ പ്രധാനമായി തന്നെയാണ് പുനരധിവാസത്തെയും ഈ സർക്കാർ കാണുന്നത്. അവരെ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കുക എന്നുള്ളതല്ല, മറിച്ച് അവരുടെ പ്രശ്നങ്ങൾ ശരിയായി മനസ്സിലാക്കിക്കൊണ്ട് പുനരധിവസിപ്പിക്കാനുള്ള നടപടി എടുക്കുകയെന്നുള്ളതുതന്നെയാണ്. ഏതായാലും നാമെല്ലാം ഒന്നായി നിന്നു കൊണ്ടുതന്നെ ഈ 45 മീറ്റർ സ്ഥലമെടുക്കുന്ന നടപടികൾ തുടരേണ്ടതായിട്ടുണ്ട്.

അതുപോലെ ദേശീയജലപാതാ വികസനം അതും പൂർണ്ണതയിലെത്തിക്കാൻ

കഴിയണം. ചിലയിടങ്ങളിൽ കുറച്ച് തടസ്സങ്ങളുണ്ട്. എങ്കിലും അത് വേഗതയിൽ തന്നെ പൂർത്തീകരിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്.

ഗെയ്‌ലിന്റെ പൈപ്പ് ലൈൻ നിർമ്മാണം സംസ്ഥാന വികസനത്തിന് ഏറ്റവും പ്രധാനമാണ്. ഗെയ്ൽ പൈപ്പ് ലൈൻ എന്നുപറയുന്ന എൽ.എൻ.ജി. പൈപ്പ് ലൈനിന്റെ കാര്യം, 1996-ൽ ഞാൻ ഈ സഭയിൽ വൈദ്യുതി മന്ത്രിയായിരിക്കുന്ന കാലത്ത് ബന്ധപ്പെട്ട ആളുകളായി ചർച്ച ചെയ്ത കാര്യം എനിക്ക് ഓർമ്മയുണ്ട്. അന്നേ തുടങ്ങിയതാണെന്നർത്ഥം. അന്ന് നമ്മളോടൊപ്പം തുടങ്ങിയവർ അത് പൂർത്തിയാക്കി, ഗ്യാസ് എത്തി, എല്ലാ കാര്യങ്ങളും ആരംഭിച്ചുകഴിഞ്ഞു. നമ്മൾ ഇപ്പോഴും ഇവിടെ തന്നെ കിടക്കുകയാണ്. നമുക്ക് ഇനിയും വൈകിക്കാൻ പറ്റില്ല. ഇതിന്റെ ഭാഗമായി ഒരുപാട് മെച്ചം നമ്മുടെ സംസ്ഥാനത്തിന് വരാനുണ്ട്. എല്ലാവർക്കുമറിയാം ഞാനതിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകേണ്ട കാര്യമില്ല. അതിലും ആളുകൾക്ക് ആശങ്കയുണ്ട്. ആ ആശങ്ക ദൂരീകരിക്കാൻ നമുക്ക് കഴിയണം. നമുക്കെല്ലാം ഒന്നിച്ച് നിന്നുകൊണ്ടുതന്നെ ആളുകളുടെ ആശങ്കയകറ്റാനുള്ള പ്രവർത്തനത്തിലേയ്ക്ക് കടക്കേണ്ടതായിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി പ്രസരണ ശൃംഖലാ വികസനം - നേരത്തെ ഞാൻ സഭയിൽ തന്നെ വ്യക്തമാക്കിയതാണ്. ലൈൻ വലിക്കേണ്ട പ്രശ്നം, അക്കാര്യവും

പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അത് ഇനിയും നീട്ടിവയ്ക്കുന്നത് നല്ല കാര്യമല്ല.

അതുപോലെ നിലവിലുള്ള 3 വിമാനത്താവളങ്ങൾ വികസിക്കേണ്ടതായിട്ടുണ്ട്. 3 വിമാനത്താവളങ്ങളിൽ കൊച്ചിക്ക് അധികം പ്രശ്നങ്ങളില്ല. പക്ഷേ തിരുവനന്തപുരത്തിന് വികസിക്കാനായി സ്ഥലമെടുക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ കോഴിക്കോട് വിമാനത്താവളം, അതിപ്പോൾ ഫലത്തിൽ വിമാനത്താവളമല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഒരു പ്രശ്നവുമില്ല, അതിനോടനുബന്ധിച്ചുള്ള സ്ഥലം എടുക്കണമെന്ന് മാത്രമേയുള്ളൂ. ആ പ്രശ്നവും നമുക്ക് ഒന്നിച്ച് പരിഹരിക്കാനാവണം. അതാത് സ്ഥലത്തുള്ളവരുടെ എതിർപ്പിനെ മറികടന്നുകൊണ്ട്, അവരെ ബോധ്യപ്പെടുത്തി നമുക്ക് സ്ഥലം എടുക്കാൻ സാധിക്കണം. സ്ഥലം എടുക്കാതെ പറ്റില്ല, എന്നുവച്ചാൽ അവരെ ദ്രോഹിക്കുക എന്നുള്ളതല്ല, അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് നമ്മൾ നീങ്ങണം. ഇതാണ് അതുമായി ബന്ധപ്പെട്ടുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതോടൊപ്പം ചില പ്രദേശങ്ങളിൽ എയർ സ്ട്രിപ്പുകൾ തുടങ്ങാനാവും. വിമാനത്താവളമില്ലാത്ത ചില ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒരു എയർ സ്ട്രിപ്പ് അനുവദിച്ചു കൊടുത്താൽ അവരുടെ ചാർട്ടേഡ് വിമാനം അവിടെ വന്നിറങ്ങിക്കോളും. അത് നമ്മുടെ ടൂറിസത്തെ നല്ലതുപോലെ അഭിവൃദ്ധിപ്പെടുത്തുന്ന ഒന്നായിരിക്കും. അത്തരം

കാര്യങ്ങളും നമ്മൾ ആലോചിക്കേണ്ടതുണ്ട്. നമ്മുടെ നാട് വളരെ സംസ്കാര സമ്പന്നമായ നാടാണ്. പൊതുവിൽ നമ്മളെല്ലാവരും അക്കാര്യത്തിൽ അഭിമാനം കൊള്ളുന്നവരുമാണ്. ദിവസം ഒന്നിലധികം തവണ കുളിക്കുന്നവരാണ് പലരും. പക്ഷേ മാലിന്യക്കൂമ്പാരം നിറഞ്ഞുനിൽക്കുന്ന ഒരു നാടുമാണ്. ഇത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ നമുക്ക് കഴിയണം. മാലിന്യനിർമ്മാർജ്ജനം അതൊരു ബഹുജന ക്യാമ്പയിനായിത്തന്നെ നമുക്ക് എടുക്കാനാവും. നാടാകെ ഒന്നിച്ച് നീങ്ങുന്ന ഒരു നിലയാണ് അതിനുള്ളത്. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുക; ജൈവമാലിന്യങ്ങൾ അങ്ങനെ സംസ്കരിക്കാനാവും. എന്നാൽ പ്ലാസ്റ്റിക് പോലെയുള്ള മറ്റ് കാര്യങ്ങളിൽ റീസൈക്ലിംഗിലൂടെ സംസ്കരിക്കേണ്ടതായിട്ടുണ്ടാവും. അത്തരത്തിലുള്ള ശാസ്ത്രീയമായ നടപടികൾ നമുക്ക് സ്വീകരിക്കാനാവണം. കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും നല്ലതുപോലെ ഇതിന് ഊന്നൽ കൊടുക്കുക. നാടാകെ ഈ കാര്യം വ്യാപിപ്പിക്കുകയും ചെയ്യുക. ആദ്യപടിയായി ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള കോർപ്പറേഷനുകൾക്കും മുനിസിപ്പിലാറ്റികൾക്കും തുടക്കം കുറിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. ഐ.ടി. രംഗത്തെക്കുറിച്ച് ചിലർ ഇവിടെ സൂചിപ്പിച്ചു, നമ്മുടെ നാട്ടിൽ ഐ.ടി. രംഗമുണ്ട്. അതില്ല എന്നൊന്നും ആർക്കും പറയാൻ സാധിക്കില്ല. പക്ഷേ നമ്മൾ

കാലാനുസൃതമായി.....

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കഴിഞ്ഞ ഗവൺമെന്റ് തന്നെ നിരവധി മോഡലുകൾ പരീക്ഷിച്ചതാണ്. ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന ഒരു മോഡൽ നമുക്ക് കണ്ടെത്താൻ കഴിഞ്ഞില്ല എന്നുള്ളതാണ് പ്രശ്നം. ഇന്ന് അങ്ങ് പറഞ്ഞത് ശരിയാണ്; ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മാലിന്യവുമായി ബന്ധപ്പെട്ടതാണ്. ചില മുനിസിപ്പാലിറ്റികളിൽ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ഉൾപ്പെടെ ഫലപ്രദമായി ........ അത് ചെറിയ മോഡലുകളാണ്. അപ്പോൾ വളരെ വിശദമായ ചർച്ച നടത്തി കേരളത്തിന് സ്വീകാര്യമായ ഒരു മോഡൽ രൂപപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, തീർച്ചയായും അതുതന്നെയാണ് വേണ്ടത്. നമ്മുടെ നാടിന് പറ്റുന്നതാകണം, പ്രാദേശികമായി പറ്റുന്നതാകണം. ഇതിൽ ഏറ്റവും പ്രധാനം ജനങ്ങളുടെ ആകെ സഹകരണമാണ്. അത്തരമൊരു ബോധം ഉയർത്താനും നമുക്ക് സാധിക്കണം. അതിന് ഒന്നിച്ച് നീങ്ങുന്ന രീതി വരണം. നേരത്തെ സാക്ഷരതാ പ്രസ്ഥാനത്തിന്റെ കാര്യത്തിൽ നീങ്ങിയതുപോലെ ഒറ്റക്കെട്ടായി നീങ്ങുന്ന രീതി വരണം. അങ്ങനെ ആകുമ്പോൾ വൃത്തിയുള്ള നാടാക്കി നമ്മുടെ എല്ലാ പ്രദേശത്തെയും മാറ്റാൻ കഴിയും. അതിന് എന്താണോ കഴിയുന്നത്

അത് നമുക്ക് കൂട്ടായി കണ്ടെത്തുക തന്നെ ചെയ്യും.

ഐ.ടി. രംഗത്ത് വലിയ കുതിപ്പ് നമുക്ക് നേടേണ്ടതായിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ ഈ രംഗവുമായി ബന്ധപ്പെട്ട് സാധാരണക്കാരുടെ ജീവിതം സുഗമമാക്കാൻ ഉപയോഗിക്കാനാകണം. എല്ലാ രംഗത്തും ഈ പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ നമുക്ക് കഴിയും. കാർഷിക രംഗത്ത്, നിർമ്മാണ മേഖലയിൽ, വ്യാവസായിക മേഖലയിൽ, പരമ്പരാഗത വ്യവസായിക മേഖലയിൽ, മത്സ്യബന്ധന മേഖലയിലടക്കം സാധിക്കും. അങ്ങനെ നാടിന്റെ വിവിധ മേഖലകളിൽ ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. വിവരസാങ്കേതിക മേഖലയിൽ ഒരുപാട് കണ്ടുപിടിത്തങ്ങളുണ്ട്. അതെല്ലാം ഇതിന് പലതിനും ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇതെല്ലാംകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നേരത്തേ പറഞ്ഞതുപോലുള്ള പോളിസി ഐ.ടി. രംഗത്ത് പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യും.

നമ്മുടെ സംസ്ഥാനത്ത് സാധാരണ വരുമാനത്തിന് ഏറ്റവും പ്രധാനപ്പെട്ട വഴി സെയിൽസ് ടാക്സും എക്സൈസുമൊക്കെയാണ്. അത് നോക്കിക്കഴിഞ്ഞാൽ ചോർച്ച പലപ്പോഴും സംഭവിക്കുന്നുണ്ട്. അത് ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നടപടി

സ്വീകരിക്കുമെന്ന് നേരത്തെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. വരുമാനം ഉറപ്പാക്കി ചോർച്ച തടയുന്നതിനുള്ള സമഗ്രമായ നടപടി തന്നെ സ്വീകരിക്കും. ഒരുപാട് ടാക്സ് ഡിസ്പ്യൂട്സ് ഉണ്ടാകുന്നുണ്ട്. അത് പലരും വല്ലാതെ പ്രയാസത്തോടെ ഉന്നയിക്കുന്ന പ്രശ്നങ്ങളുമാണ്. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള സുതാര്യമായ സംവിധാനം ഏർപ്പെടുത്തുന്ന നടപടി സ്വീകരിക്കും.

നമ്മുടെ നാടിന്റെ വികസനത്തെക്കുറിച്ച് പറയുമ്പോൾ, കാർഷിക രംഗം വികസിക്കാതെ നാടിന്റെ വികസനം പൂർണ്ണതയിൽ എത്തില്ല. യഥാർത്ഥത്തിൽ ഒരു കാർഷിക വിപ്ലവം തന്നെയാണ് സംസ്ഥാന ഗവൺമെന്റ് ലക്ഷ്യമിടുന്നത്. കൃഷി ഏറ്റവും ആദായകരമായ തൊഴിലാക്കി മാറ്റണം. അതിൽ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിക്കണം. റിസർച്ച് ആന്റ് ഡെവലപ്മെന്റ് രീതികൾ അതിനകത്ത് സ്വീകരിക്കാനാകണം. മറ്റുതരത്തിലുള്ള ഗവേഷണ രീതികൾ സ്വീകരിക്കണം. പ്രകൃതിക്ക് ദോഷം ചെയ്യാത്ത തരത്തിലുള്ള ഗവേഷണങ്ങൾ അതിന്മേൽ സ്വീകരിക്കാൻ നമുക്ക് കഴിയണം. ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ആരെയും നിർബന്ധിച്ച് കൃഷി ചെയ്യിക്കുകയെന്നത് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റിന്റെ ഉദ്ദേശ്യം എല്ലാവരെയും സ്വയമേവ കൃഷിയിലേയ്ക്ക്

എത്തിക്കുകയെന്നതാണ്. അതിനുതകുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. എന്നുപറഞ്ഞാൽ, കൃഷിയും നൂതന സാങ്കേതിക വിദ്യയും ഒന്നിപ്പിച്ച് കാർഷിക മേഖലയെ ഏറ്റവും ലാഭകരമാക്കണം. അങ്ങനെ വന്നാൽ സ്വയമേവതന്നെ ആളുകൾ കൃഷിയിലേയ്ക്ക് വന്നുചേരും. പരമാവധി സ്വയംപര്യാപ്തത നേടുകയും ഏറ്റവും മുന്തിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാൻ ശ്രദ്ധിക്കുകയും ചെയ്യും. ഇതിലൊരു മുദ്രാവാക്യം തന്നെ നാം സ്വീകരിക്കേണ്ടതുണ്ട്. Use less grow more - എന്നുപറഞ്ഞാൽ കുറഞ്ഞ ഭൂമി, കുറഞ്ഞ വളം ഇവ ഉപയോഗിച്ച് പരമാവധി ഉത്പാദനം എങ്ങനെ നടത്താൻ പറ്റും എന്നതാണ്. ഇതൊക്കെ അസാധ്യമായ കാര്യമല്ല. നമുക്ക് സാധ്യമായ കാര്യമാണ്. നമ്മൾ ആ നിലയ്ക്ക് കാര്യങ്ങൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വന്നാൽ കർഷകന് ഉത്പന്നങ്ങൾക്ക് നല്ല വില കിട്ടും. ഉത്പന്നങ്ങൾക്ക് മാർക്കറ്റ് ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. അതോടെ ഭാവി തലമുറയെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കാൻ കഴിയും.

ടൂറിസം രംഗത്ത് പുതിയ മേഖലകൾ ഉൾപ്പെടുത്താൻ നമുക്ക് കഴിയണം. അങ്ങനെ വന്നാൽ തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കാനാകും. മെഡിക്കൽ ടൂറിസം ഒരു മേഖലയാണ്. ആയുർവേദത്തിന്റെ അനന്തമായ സാധ്യതയുണ്ട്. അവിടെയാണ് രാവിലെ വ്യക്തമാക്കിയ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യമൊക്കെ വരുന്നത്. ആ

രംഗത്ത് ഗവേഷണമടക്കം നടക്കേണ്ടതുണ്ട്. ഗവേഷണങ്ങൾ നല്ലതുപോലെ നടത്താൻ പറ്റുന്ന ഒരു മേഖലയാണ്. അതോടൊപ്പം പിൽഗ്രിമേജ് ടൂറിസവും സംഘടിപ്പിക്കാനാകും. അതും ഇതിനോടൊപ്പം നമ്മൾ കേന്ദ്രീകരിച്ചുകൊണ്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. അതിന്റെകൂടെ എല്ലാ വർഷവും പുതിയ ഡെസ്റ്റിനേഷനുകൾ ടൂറിസ്റ്റ് മേഖലയിൽ സ്ഥാപിക്കാൻ കഴിയണം.

പരിസ്ഥിതി സംരക്ഷണത്തിന് വലിയ ഊന്നൽ തന്നെ ഈ സർക്കാർ നൽകും. യാഥാർത്ഥ്യവും സ്ഥായിയുമായ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താൻ കഴിയണം. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് നമ്മളെല്ലാം ഉത്കണ്ഠപ്പെടുന്നുണ്ട്. അപ്പോൾ അതും പഠിക്കേണ്ടതായിട്ടുണ്ട്. കൂടുതൽ ശാസ്ത്രീയമായി പഠിക്കാൻ കഴിയണം. Kerala State Environmental Agency സ്ഥാപിക്കുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കും.

വ്യവസായ രംഗത്ത് നമ്മുടെ സംസ്ഥാനത്തെ ഇന്ത്യയിലെ തന്നെ ഏറ്റവും നല്ല സംസ്ഥാനമാക്കി മാറ്റാൻ കഴിയണം. ഇന്ന് നമ്മൾ അർഹിക്കാത്ത പേരുകളൊക്കെ നമ്മുടെ തലയിൽ വന്നു വീണിട്ടുണ്ട്. യഥാർത്ഥത്തിൽ പരിശോധിച്ചാൽ അത്തരമൊരു പേരിനൊന്നും നമ്മുടെ നാട് അർഹരല്ല. കാരണം നമ്മുടെ നാട്, investor friendly സംസ്ഥാനമാണ്. പ്രചരണപരമായി വേറൊരു നിലയാണ്

എതിരെയുള്ളത്. Most investor friendly State-ആക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റാൻ നമുക്ക് കഴിയണം. അതോടൊപ്പം നല്ല രീതിയിൽ എളുപ്പത്തിൽ ബിസിനസ് നടത്താൻ പറ്റുന്ന സ്ഥാപനം എന്ന നിലയും ഇവിടെയുണ്ടാകും. ഇന്ത്യയിൽ ഒന്നാമതെന്ന ലക്ഷ്യത്തോടുകൂടിയ industrial policy നമുക്ക് അംഗീകരിക്കാൻ കഴിയണം. അത് നേരത്തെ പറഞ്ഞതുപോലെ, അധികം കാലതാമസം ഇല്ലാതെ കൊണ്ടുവരികയും ചെയ്യും. ചെറുകിട-വൻകിട-പരമ്പരാഗത വ്യവസായങ്ങളെയാകെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത്. ഇൻഡസ്ട്രിയെന്ന് പറയുമ്പോൾ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ നമുക്ക് പറ്റില്ല. അതല്ലാത്ത വ്യവസായങ്ങളെയാണ് നമുക്ക് പ്രോത്സാഹിപ്പിക്കാൻ കഴിയുന്നത്.

തൊഴിൽ അവസരത്തെക്കുറിച്ച് പറയുമ്പോൾ യുവാക്കൾക്കും സ്ത്രീകൾക്കും തൊഴിൽ അവസരം നല്ലതുപോലെ വർദ്ധിപ്പിക്കേണ്ടതായി വരും. അതിനുതകുന്ന സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ നമുക്ക് നടപ്പിലാക്കാനാകണം. തൊഴിൽ അവസരങ്ങൾ നല്ലതുപോലെ വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകേണ്ടതായി വരും.

നമ്മുടെ സംസ്ഥാനത്തെ റേഷൻ കാർഡുകളിൽ ബി.പി.എൽ. കാർഡിന് അർഹരായവർക്കെല്ലാം ബി.പി.എൽ. കാർഡില്ലായെന്നുള്ളത് ഇപ്പോഴും

പരാതിയായി നിൽക്കുന്നു. നേരത്തെ ഭക്ഷ്യവകുപ്പുമന്ത്രി അത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അത് പരിഹരിക്കാനുള്ള കുറ്റമറ്റ സംവിധാനം കൊണ്ടുവരേണ്ടതായിട്ടുണ്ട്. പൊതുവിതരണ സംവിധാനം കമ്പ്യൂട്ടറൈസ് ചെയ്ത് അതിനകത്തുള്ള മറ്റ് വീഴ്ചകൾ പരിഹരിക്കുന്ന നടപടികളിലേയ്ക്കാണ് സർക്കാർ നീങ്ങുന്നത്. റേഷൻ കാർഡ് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ കാലോചിതമാക്കാൻ കഴിയേണ്ടതായിട്ടുണ്ട്. പൊതുഗതാഗതത്തിന് പ്രത്യേക പരിഗണന നൽകേണ്ടതായിട്ടുണ്ട്. ബസ്, മെട്രോ, ജലഗതാഗതം, കുറഞ്ഞ ചെലവിൽ നടപ്പിലാക്കാവുന്ന മറ്റ് ചില ഗതാഗത സംവിധാനങ്ങളുണ്ട്. ഇപ്പോഴുള്ള കാര്യമല്ല നല്ലത് മറ്റൊരു സംവിധാനമാണെന്ന് പഴയ ഗതാഗത മന്ത്രി ഒരു നിർദ്ദേശം പറയുകയുണ്ടായി. അങ്ങനെയുള്ള ചെലവുകുറഞ്ഞ ഏറ്റവും നല്ല സംവിധാനങ്ങൾ ഏതൊക്കെയാണെന്നുള്ളത് പരിശോധിച്ച് നടപ്പിലാക്കാൻ കഴിയേണ്ടതായിട്ടുണ്ട്. ഇങ്ങനെയുള്ള വിവിധ തരത്തിലുള്ള സംവിധാനങ്ങളിലൂടെ ഒരു Integral transporting system ഈ സർക്കാർ ലക്ഷ്യമിടുകയാണ്.

നമ്മുടെ സംസ്ഥാനം ആരോഗ്യരംഗത്ത് മെച്ചപ്പെട്ട സംസ്ഥാനമാണ്. പക്ഷെ, ഇന്നുള്ള ആരോഗ്യരംഗം മാറിയേതീരു. ഇപ്പോഴുള്ള ദൗർബല്യങ്ങളുണ്ട്. അത് പരിഹരിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ഇപ്പോൾ രോഗത്തേക്കാളും ആളുകൾ

ഭയപ്പെടുന്നത് ചികിത്സാ ചെലവിനെയാണ്. അങ്ങനെയുള്ള അവസ്ഥ നമ്മുടെ നാട്ടിൽ വന്നുകഴിഞ്ഞിട്ടുണ്ട്. സമഗ്രമായ ഒരു ആരോഗ്യനയം നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. ഹോസ്പിറ്റലായാലും ലാബായാലും മരുന്നായാലും ഈ മേഖലയിലൊക്കെ ആവശ്യമായ ക്രമീകരണം കൊണ്ടുവരണം. വേറെ ആശങ്കെയൊന്നും വേണ്ട. ആര് എന്ത് ചാർജ്ജ് ഈടാക്കണമെന്ന് ഗവൺമെന്റ് പറയുമെന്നല്ല. അങ്ങനെ ഇടപെടാൻ സാധാരണ ഗതിയിൽ കഴിയില്ല. പക്ഷെ, നല്ല ബോധവത്ക്കരണം കൊണ്ടുവരണം. ബദൽ സംവിധാനം ശക്തിപ്പെടുത്തണം. അങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ ഗവൺമെന്റ് നല്ല ആരോഗ്യരീതി സ്വീകരിക്കുന്ന നിലയാണ് വേണ്ടത്. അതോടൊപ്പം സർക്കാർ ആശുപത്രികളെ കൂടുതൽ കാര്യക്ഷമമാക്കണം. എല്ലാ ചികിത്സയും സർക്കാർ ആശുപത്രികളിൽ ലഭ്യമാകണം. അത് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം, മെഡിക്കൽ കോളേജ് തൊട്ട് താഴോട്ട് പടിപടിയായി നടപ്പാക്കും. അത് ഏതെല്ലാം ആശുപത്രികളിൽ പെട്ടെന്ന് കഴിയുമെന്ന് നോക്കി അത് നടപ്പാക്കേണ്ടതായി വരും. സർക്കാർ സർവ്വീസുകൾ ജനങ്ങളിലേയ്ക്ക് എത്തിക്കൽ വളരെ പ്രധാനമാണ്. അക്കാര്യം നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ വലിയ മാറ്റം വേണ്ട മറ്റൊരു രംഗമാണ് വിദ്യാഭ്യാസ രംഗം.

വിദ്യാഭ്യാസ രംഗത്ത് നമ്മൾ പുറകിലാണെന്ന് ആരും പറയില്ല, പക്ഷേ വിദ്യാഭ്യാസ നിലവാരത്തിൽ നമ്മളിപ്പോൾ പിന്നിൽ നിൽക്കുകയാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നമുക്ക് കഴിയണം. കുട്ടികളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കാൻ ഉതകുന്ന വിദ്യാഭ്യാസ രീതി നമുക്ക് സ്വീകരിക്കാനാകണം. ഇപ്പോൾ വിദ്യാഭ്യാസ രംഗം നോക്കിയാൽ രണ്ടുതരം പൗരന്മാരുണ്ട്. ഒരു കൂട്ടർക്ക് നല്ല വിദ്യാഭ്യാസ സൗകര്യമുണ്ട്, മറ്റൊരു കൂട്ടർക്ക് അത്രത്തോളം വിദ്യാഭ്യാസ സൗകര്യമില്ല. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ പോകുന്നില്ല. എന്നാൽ ഉയർന്ന വിദ്യാഭ്യാസ നിലവാരം പുലർത്താൻ കഴിയാത്തത് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ്. അവർ മിക്കവാറും പഠിക്കുന്നത് നമ്മുടെ പൊതുവിദ്യാലയങ്ങളിലാണ്. പൊതുവിദ്യാലയങ്ങളുടെ വിദ്യാഭ്യാസ രീതി മോശമായതുകൊണ്ടല്ല. എന്നാൽ അതിന്റെ മറ്റ് പശ്ചാത്തല സൗകര്യങ്ങളുടെ കാര്യങ്ങളൊക്കെ വലിയ തോതിൽ കുറഞ്ഞ് നിൽക്കുന്നുണ്ട്. അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തേണ്ടതായിട്ടുണ്ട്. ഇന്നത്തെ കാലത്ത് സ്മാർട്ട് ക്ലാസ് റൂമുകളും, ഹൈടെക്ക് ആകാനമൊക്കെയുള്ള താല്പര്യമാണ് എല്ലാ ആളുകൾക്കുമുള്ളത്. കുട്ടികൾക്കു മാത്രമല്ല

രക്ഷിതാക്കൾക്കും ആ താല്പര്യമാണുള്ളത്. നമ്മൾ വിവിധ ആവശ്യങ്ങൾക്ക് ഫണ്ട് ചെലവഴിക്കുന്നവരാണ്. സർക്കാർ ഫണ്ട്, എം.എൽ.എ. ഫണ്ട്, പഞ്ചായത്ത് ഫണ്ട്, മറ്റ് തരത്തിൽ ചെലവഴിക്കുന്ന ഫണ്ടുകളെല്ലാംകൂടി പൂൾ ചെയ്താൽ ഓരോ സ്ഥലത്തുമുള്ള പൊതു വിദ്യാലയങ്ങൾ സജീവമാക്കാനും സ്മാർട്ടാക്കാനും ഹൈടെക്ക് ആക്കാനും പറ്റും. അത്തരത്തിൽ നമ്മൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പൊതുവിദ്യാലയങ്ങളാകെ നല്ലരീതിയിൽ അഭിവൃദ്ധിപ്പെടുത്തണം. പൊതുവിദ്യാലയം സംരക്ഷിക്കണമെന്ന മുദ്യാവാക്യമുയർത്തിയതുകൊണ്ട് മാത്രം കാര്യമില്ല. പൊതുവിദ്യാലയത്തിന്റെ നിലവാരമുയർത്തിക്കൊണ്ട് സംരക്ഷിക്കാൻ നമുക്ക് കഴിയണം. നിലവാരമുയർത്തുമ്പോൾ സ്വാഭാവികമായും കുട്ടികൾ അവിടേക്ക് പോകും. പൊതുവിദ്യാലയത്തിന്റെ അടുത്തുള്ള വീട്ടിൽ നിന്ന് കുട്ടി 20 കിലോ മീറ്റർ അപ്പുറത്തുള്ള സ്കൂളിലേക്ക് പോകുകയാണ്. അതൊഴിവാക്കാൻ പൊതുവിദ്യാലയത്തിന്റെ നിലവാരമുയർത്തണം. നമ്മളെല്ലാവരുടെയും സഹകരണവും പിൻതുണയും പൊതുവിദ്യാലയത്തിന് കൊടുത്താൽ സ്വാഭാവികമായും അവ മെച്ചപ്പെട്ടുവരും. അങ്ങനെ നമ്മുടെ വിദ്യാഭ്യാസ മേഖല ദേശീയ നിലവാരത്തിലേക്ക് ഉയരണം; അതിലൂടെ അന്താരാഷ്ട്ര

നിലവാരത്തിലേക്കും ഉയരാൻ പറ്റണം. ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള ചില സ്ഥാപനങ്ങളെയൊക്കെ അത്തരത്തിൽ ഉയർത്താൻ നമുക്ക് കഴിയും.

ക്രമസമാധാന രംഗത്ത് ലാത്തികൊണ്ടും തോക്കുകൊണ്ടും പൂർണ്ണമായിട്ടും ക്രമസമാധാനം പാലിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്ന ഒരാളല്ല ഞാൻ. അങ്ങനെ കഴിയില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഇന്നത്തെ നിലയിൽ പോലീസ് സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. കുറ്റമറ്റ ആധുനികവൽക്കരണം നടക്കണം. ജനങ്ങളുടെ സേവകരായി പോലീസിനെ ഉയർത്താനാവണം. ഇന്നത്തെ ഒരു പ്രത്യേകത, സൈബർ ക്രൈം വർദ്ധിച്ചുവരുന്നതാണ്. സൈബർ ക്രൈം ഡിപ്പാർട്ടുമെന്റിനെ നവീകരിക്കേണ്ടതായിട്ടുണ്ട്. കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കാൻ അന്താരാഷ്ട്ര നിലവാരമുള്ള ഫോറൻസിക് ലാബ് നമ്മൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കാരണം ചില കുറ്റകൃത്യങ്ങൾ തെളിയാതെ പോകുന്നുണ്ട്. അത് തെളിയിക്കുന്നതിനാവശ്യമായ എല്ലാ സന്നാഹവും നമുക്ക് ഒരുക്കാനാവണം. സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ ഒരു വെല്ലുവിളിയായി നമ്മുടെ സമൂഹത്തിലുയരുകയാണ്. നമ്മുടേത് വളരെ പരിഷ്കൃതമായിട്ടുള്ള സമൂഹമാണ്, പക്ഷേ വേദനാജനകമായ ഒരുപാട് അനുഭവങ്ങൾ നമുക്കുണ്ട്.

ഇത് തടയാൻ ഫലപ്രദമായ നടപടികൾ വേണം. സ്ത്രീ ശാക്തീകരണം അതിന്റെ ഒരു ഭാഗമാണ്. സ്ത്രീ ശാക്തീകരണം നല്ലതുപോലെ നടപ്പാക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. അതോടൊപ്പം പോലീസിൽ വനിതകളെ ധാരാളം റിക്രൂട്ട് ചെയ്യാൻ സാധിക്കണം. വനിതകളായിട്ടുള്ള എസ്.ഐ. മാരെ കുറേക്കൂടി റിക്രൂട്ട് ചെയ്യേണ്ടതായിട്ടുണ്ട്. അതിന്റെ കൂടെ സ്ത്രീകളുടേത് മാത്രമായിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ എണ്ണം കുറച്ചുകൂടി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. കോടതികളുടെ കാര്യവും ബന്ധപ്പെട്ടവരുമായി ആലോചിക്കണം. സ്ത്രീകളുടേത് മാത്രമായിട്ടുള്ള കോടതികൾ സ്ഥാപിക്കുന്ന കാര്യം, നമ്മൾ മാത്രം തീരുമാനിക്കേണ്ട കാര്യമല്ല, അത് ബന്ധപ്പെട്ടവരുമായി ആലോചിക്കേണ്ടതായിട്ടുണ്ട്.

റോഡ് നിർമ്മാണത്തിന് റബ്ബർ ഉപയോഗിക്കുന്നത് ഫലപ്രദമാണെന്ന് നമ്മൾ തെളിയിച്ചതാണ്; പക്ഷേ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്തപ്പോൾ അവർക്ക് ചില ആശങ്കകളുണ്ട്. അതുമായി ബന്ധപ്പെട്ട തുടർ നടപടികൾ നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. അതുവഴി നല്ല ഗുണനിലവാരമുള്ള റോഡുകളാക്കി മാറ്റാൻ നമുക്ക് കഴിയുന്നതാണ്.

നമുക്ക് കേരളത്തിൽ നടപ്പാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് "വാല്യൂ

ആഡ് കേരള". നാളികേരം, റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധ വ്യജ്ഞനങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്ന വ്യവസായങ്ങൾ നമുക്ക് നല്ലനിലയിൽ കൊണ്ടുവരാൻ കഴിയണം. ചായയുടേയും കാപ്പിയുടേയും രംഗത്ത് ഇത് സാധിക്കും. ചായ ചായയായി വരുന്നതിനുള്ള സംവിധാനം നമുക്ക് ഒരുക്കാൻ കഴിഞ്ഞിട്ടില്ല. ചായത്തോട്ടങ്ങൾ നമുക്ക് ധാരാളമുണ്ട്. കാപ്പിയുടേയും സ്ഥിതി അത് തന്നെയാണ്. ഇതൊക്കെ നമുക്ക് തന്നെ ഒരുക്കാൻ കഴിയുന്ന കാര്യങ്ങളാണ്. ആ വഴിക്ക് മൂല്യവർദ്ധിത നടപടികളിലേക്ക് നാം നീങ്ങേണ്ടതായിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വലിയ തോതിൽ പ്രയാസമനുഭവിക്കുന്ന വിഭാഗമാണ്. രാവിലെ അതിനെപ്പറ്റി ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞു. അവർക്ക് താമസ സ്ഥലത്തിന്റെയും ഭൂമിയുടെയും ആരോഗ്യ സംരക്ഷണത്തിന്റെയും തൊഴിലവസരങ്ങളുടെയും ധാരാളം പ്രശ്നങ്ങളുണ്ട്. അത്തരം കാര്യങ്ങൾക്കൊക്കെ ഈ സർക്കാർ വലിയ തോതിൽ മുൻഗണന നൽകും. സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്താൻ നമുക്ക് കഴിയണം. അവരുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാൻ കഴിയണം, ഭക്ഷണത്തിന് പ്രയാസമുണ്ടാകുന്ന നിലയുണ്ടാകാൻ പാടില്ല, നല്ല

ചികിത്സ ലഭ്യമാകണം, കൃഷിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ കഴിയണം, എല്ലാവർക്കും പാർപ്പിട സൗകര്യം ഒരുക്കാൻ സാധിക്കണം. നീതിയുക്തമായ ഒരു ഭരണ സംവിധാനം നമ്മുടെ നാട്ടിൽ നടപ്പിലാക്കണം. അതിന് അഴിമതി തുടച്ച് നീക്കൽ വളരെ പ്രധാനമാണ്. അഴിമതിയും വികസനവും ഒന്നിച്ചു പോകില്ല. ഏതൊരു പദ്ധതി വരുമ്പോഴും അതിനെ തകർക്കാൻ നടക്കുന്ന ചില ആളുകളുണ്ടെന്ന് എല്ലാവരും മനസ്സിലാക്കണം. അങ്ങനെ തകർക്കാൻ നടക്കുന്നവരെ നമുക്ക് തിരിച്ചറിയാൻ കഴിയണം. യഥാർത്ഥത്തിൽ അവർ സമൂഹത്തെ പിന്നോട്ടടിക്കാൻ ശ്രമിക്കുന്നവരാണ്. അതിനെതിരെയുള്ള യോജിച്ച നീക്കം നമുക്ക് നടത്താനാവണം. നാടിന്റെ വികസന കാര്യത്തിൽ നിങ്ങൾക്കെല്ലാവർക്കും വ്യത്യസ്തങ്ങളായ ആശയങ്ങളുണ്ടാകാം. അവയെല്ലാം സർക്കാരുമായി പങ്ക് വയ്ക്കാൻ തയ്യാറാകണം. ജനങ്ങളുടെ സ്വപ്നങ്ങളിൽ നിങ്ങളെല്ലാവരും പങ്ക് ചേരണമെന്നാണ് ഈ ഘട്ടത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ നന്ദിപ്രമേയത്തെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ സംബന്ധിച്ച് മൂന്ന് ദിവസത്തെ ചർച്ച

അവസാനിച്ചിരിക്കുകയാണ് മറുപടികളും കഴിഞ്ഞിരിക്കുകയാണ്. പ്രമേയം സഭ പരിഗണിക്കുന്നതാണ്.

ശ്രീ. പാറക്കൽ അബ്ദുള്ള അങ്ങയുടെ 1-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പാറക്കൽ അബ്ദുള്ള: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. പാറക്കൽ അബ്ദുള്ള അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അങ്ങയുടെ 2-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 2-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അങ്ങയുടെ 3-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ...................................

പ്രതികൂലിക്കുന്നവർ...................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 3-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 5-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അങ്ങയുടെ 6-ാം നമ്പർ ഭേദഗതി പ്രസ്സ്

ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 6-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അങ്ങയുടെ 7-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഹൈബി ഈഡൻ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 7-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അങ്ങയുടെ 8-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 8-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി അങ്ങയുടെ 9-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. എൽദോസ് കുന്നപ്പിള്ളി അവതരിപ്പിച്ച 9-ാം നമ്പർ ഭേദഗതി

നിരാകരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അങ്ങയുടെ 10-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അങ്ങയുടെ 11-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 11-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അങ്ങയുടെ 12-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 12-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അങ്ങയുടെ 13-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 13-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ 14-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 14-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അങ്ങയുടെ 15-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 15-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ഡോ. എൻ. ജയരാജ് അങ്ങയുടെ 16-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 16-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ അങ്ങയുടെ 17-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല..

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 17-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അങ്ങയുടെ 18-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 18-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദി പ്രമേയം അംഗീകരിക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ ………………………………

പ്രതികൂലിക്കുന്നവർ ………………………………

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 89

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. വി. എസ്. അച്യുതാനന്ദൻ
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ
7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു

11. ശ്രീ. എ. കെ. ബാലൻ

12. ശ്രീമതി ഇ. എസ്. ബിജിമോൾ

13. ശ്രീ. ഇ. ചന്ദ്രശേഖരൻ

14. ശ്രീ. കെ. ദാസൻ

15. ശ്രീ. ബി. ഡി. ദേവസ്സി

16. ശ്രീ. സി. ദിവാകരൻ

17. ശ്രീ. എൽദോ എബ്രഹാം

18. ശ്രീ. കെ. ബി. ഗണേഷ് കുമാർ

19. ശ്രീമതി ഗീതാ ഗോപി

20. ശ്രീ. ജോർജ് എം. തോമസ്

21. ശ്രീ. ചിറ്റയം ഗോപകുമാർ

22. ശ്രീ. സി. കെ. ഹരീന്ദ്രൻ

23. ശ്രീ. കെ. ടി. ജലീൽ

24. ശ്രീ. ജെയിംസ് മാത്യു

25. ശ്രീ. ജി. എസ്. ജയലാൽ

26. ശ്രീ. ഇ. പി. ജയരാജൻ

27. ശ്രീ. ജോൺ ഫെർണാണ്ടസ്

28. ശ്രീ. വി. ജോയി

29. ശ്രീ. ഒ. ആർ. കേളു

30. ശ്രീ. സി. കൃഷ്ണൻ

31. ശ്രീ. കെ. കുഞ്ഞിരാമൻ

32. ശ്രീ. കോവൂർ കുഞ്ഞുമോൻ

33. ശ്രീ. വി. കെ. സി. മമ്മത് കോയ

34. ശ്രീ. എം. എം. മണി

35. ശ്രീ. മാത്യു ടി. തോമസ്

36. ശ്രീ. കെ. ജെ. മാക്സി

37. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ

38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. മുഹമ്മദ് മുഹാസിൻ

40. ശ്രീ. എം. മുകേഷ്

41. ശ്രീ. ഡി. കെ. മുരളി

42. ശ്രീ. മുരളി പെരുനെല്ലി

43. ശ്രീ. സി. കെ. നാണു

44. ശ്രീ. എം. നൗഷാദ്

45. ശ്രീ. യു. ആർ. പ്രദീപ്

46. ശ്രീ. എ. പ്രദീപ് കുമാർ

47. ശ്രീ. കെ. ഡി. പ്രസേനൻ

48. ശ്രീമതി യു. പ്രതിഭ ഹരി

49. ശ്രീ. പുരുഷൻ കടലുണ്ടി

50. ശ്രീ. പി. ടി. എ. റഹീം

51. ശ്രീ. എം. രാജഗോപാലൻ

52. ശ്രീ. കെ. രാജൻ

53. ശ്രീ. എസ്. രാജേന്ദ്രൻ

54. ശ്രീ. ആർ. രാജേഷ്

55. ശ്രീ. റ്റി. വി. രാജേഷ്

56. ശ്രീ. കെ. രാജു

57. ശ്രീ. രാജു എബ്രഹാം

58. ശ്രീ. ആർ. രാമചന്ദ്രൻ

59. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

60. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

61. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

62. ശ്രീ. മുല്ലക്കര രത്നാകരൻ

63. പ്രൊഫ. സി. രവീന്ദ്രനാഥ്

64. ശ്രീ. കാരാട്ട് റസാഖ്

65. ശ്രീ. എസ്. ശർമ്മ

66. ശ്രീ. എ. കെ. ശശീന്ദ്രൻ

67. ശ്രീ. സി. കെ. ശശീന്ദ്രൻ

68. ശ്രീ. പി. കെ. ശശി

69. ശ്രീ. വി. ശശി

70. ശ്രീ. ഐ. ബി. സതീഷ്

71. ശ്രീ. ബി. സത്യൻ

72. ശ്രീ. എ. എൻ. ഷംസീർ

73. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

74. ശ്രീ. ജി. സുധാകരൻ

75. ശ്രീ. വി. ആർ. സുനിൽ കുമാർ

76. ശ്രീ. വി. എസ്. സുനിൽ കുമാർ

77. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

78. ശ്രീ. കെ. സുരേഷ് കുറുപ്പ്

79. ശ്രീ. എം. സ്വരാജ്

80. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ

81. ശ്രീ. പി. തിലോത്തമൻ

82. ശ്രീ. തോമസ് ചാണ്ടി

83. ഡോ. ടി. എം. തോമസ് ഐസക്

84. ശ്രീ. പി. ഉണ്ണി

85. ശ്രീമതി വീണാ ജോർജ്ജ്

86. ശ്രീ. കെ. വി. വിജയദാസ്

87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ -</u> 31

1. ശ്രീ. അബ്ദുൾ ഹമീദ് മാസ്റ്റർ

2. ശ്രീ. പാറക്കൽ അബ്ദുള്ള

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. ശ്രീ. പി. ബി. അബ്ദുൾ റസാഖ്

5. ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ

6. ശ്രീ. അടൂർ പ്രകാശ്

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

12. ശ്രീ. എൽദോസ് കുന്നപ്പിള്ളി

13. ശ്രീ. ഹൈബി ഈഡൻ

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ഡോ. എൻ. ജയരാജ്

16. ശ്രീ. കെ. സി. ജോസഫ്

17. ശ്രീ. പി. ജെ. ജോസഫ്

18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

19. ശ്രീ. മോൻസ് ജോസഫ്

20. ശ്രീ. കെ. മുരളീധരൻ

21. ശ്രീ. ഉമ്മൻ ചാണ്ടി

22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. വി. പി. സജീന്ദ്രൻ

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. സണ്ണി ജോസഫ്

29. ശ്രീ. സി. എഫ്. തോമസ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ 89

പ്രതികൂലിക്കുന്നവർ 31

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ ഓർഡർ...........സഭ ഇപ്പോൾ പിരിയുന്നതും 2016 ജൂലൈ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂലൈ മാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 2.12-ന് പിരിഞ്ഞു.)